# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ഡിസംബർ–2013 ലക്കം 12**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ





# Happy Christmas
&
# Blessed New Year



# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Name : Dn. Jino (Philip) Mekkattu
Parish : St. Thomas Church Palemad
Ordination : 26-12-2013
Date of Birth : 06-03-1987



Name : Dn. Thomas (Anish) kattath
Parish : St Xavier's Church Kuttimoola
Ordination : 30-12-2013
Date of Birth : 01-04-1987



Name : Dn. Francis (Santo) Ambalathara
Parish : St. Sebastian's Church, Poroor
Ordination : 31-12-2013
Date of Birth : 25-11-1985


# സുവർണ്ണജൂബിലി
## ആശംസകൾ



## റവ. ഫാ. ജോൺ പുത്തൻപുര

*1932 ജൂൺ 24 ന് പാലാ രൂപതയിലെ വടകരയിൽ ജനിച്ചു. പാലാ ഗുഡ്ഷെഫേർഡ് സെമിനാരിയിൽ മൈനർ സെമിനാരി പഠനത്തിനുശേഷം ആലുവ കാർമ്മൽഗിരി സെമിനാരിയിലും മംഗലപ്പുഴ സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി. 1964 ഡിസംബർ 1-ന് ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തലശ്ശേരി രൂപതയിലെ കൊണ്ടോടി, വാളാട്, ജഡ്ക്കൽ, മണക്കടവ് എന്നിവിടങ്ങളിലും മാനന്തവാടി രൂപതയിലെ പോരൂർ നെടുംപോയിൽ, കല്ലോടി, മരകാവ്, അമ്പലവയൽ, നടവയൽ, മുള്ളൻകൊല്ലി, പടമല, തോണിച്ചാൽ, കാവുംമന്ദം, പുതുശ്ശേരിക്കടവ് എന്നിവിടങ്ങളിലും സേവനം ചെയ്തു. 2008 മെയ് മുതൽ വിയാനി ഭവനിൽ വിശ്രമജീവിതം നയിച്ചു വരുന്നു. ഇതിനിടയിൽ ഒരു വർഷത്തിലധികം ഭദ്രാവതി രൂപതയിലെ ഷെട്ടികൊപ്പ ഇടവകയിലും സേവനം ചെയ്തു. വിശ്രമജീവിതമെങ്കിലും വിശ്രമില്ലാതെ വിവിധ ഇടവകകളിൽ ബഹു. വൈദികർ ആവശ്യപ്പെടുമ്പോഴെല്ലാം അജപാലന ശുശ്രൂഷയിൽ സേവനനിരതനാണ് ബഹു. ജോണച്ചൻ.*

# സുവർണ്ണജൂബിലി ആശംസകൾ



## റവ. ഫാ. ജോസഫ് ചിറ്റൂർ

*1936 സെപ്റ്റംബർ 20-ന് ജനിച്ച അച്ചൻ ആലുവ പൊന്തിഫിക്കൽ സെമിനാരിയിലെ വൈദിക പരിശീലനത്തിനുശേഷം 1964 ഡിസംബർ 1-ന് ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.*

*കണിച്ചാർ, കുന്നോത്ത്, കൂടരഞ്ഞി, എൻ.ആർ.പുര, ഇടുവള്ളി, ദീപ്തിഗിരി, പുത്തൂർവയൽ, കാവുംമന്ദം, സീതാമൗണ്ട്, സംഗമേശ്വപ്പെട്ട് എന്നിവിടങ്ങളിൽ സേവനം ചെയ്തു. 2006 മുതൽ ഇപ്പോൾ മണ്ഡ്യ രൂപതയുടെ ഭാഗമായ ഹാൻഡ്പോസ്റ്റിലുള്ള ജീവധാരുവിന്റെ ഡയറക്ടറായി സേവനം ചെയ്തു വരുന്ന അച്ചൻ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ വിസിറ്റിംഗ് പ്രൊഫസറായും, CHAI യുടെ കൺസൽട്ടന്റ് ആയും സേവനം ചെയ്യുന്നു. ആരോഗ്യരംഗത്ത് അച്ചന്റെ പ്രബോധനങ്ങളും ക്ലാസുകളും പുസ്തകങ്ങളും അനേകർക്ക് പ്രചോദനമായിട്ടുണ്ട്.*

# ഉള്ളടക്കം

സർക്കുലർ .............................................................. 03
ഇടയലേഖനം .............................................................. 20
സർക്കുലർ .............................................................. 25
സീറോമലബാർ സഭയുടെ പുതിയ
ആരാധനക്രമ ഗ്രന്ഥങ്ങൾ .............................................. 33
സുവിശേഷ വത്കരണത്തിന്റെ പശ്ചാത്തലത്തിൽ
കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ .... 36
രൂപതാകച്ചേരി വാർത്തകൾ ........................................ 47
Common Programmes - 2014 .......................................... 48
മതബോധനരംഗം .............................................................. 50
ചെറുപുഷ്പമിഷൻലീഗ് .................................................. 54
കെ.സി.വൈ.എം. .............................................................. 62
കുടുംബപ്രേഷിതത്വം .................................................. 70
സീയോൻ വാർത്തകൾ .................................................. 76
ജീസസ്‌യൂത്ത് .............................................................. 77
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .............................. 78
വിൻസെന്റ് ഡി പോൾ സൊസൈറ്റി............................ 80
സാമൂഹ്യ സേവനരംഗം (WSSS)...................................... 84
കേരളാ ലേബർ മൂവ്മെന്റ് ........................................ 86
*Mary Matha arts & science college* .................................. 87
റേഡിയോ മാറ്റൊലി .................................................. 89
മീഡിയാകമ്മീഷൻ .......................................................... 91
അറിയിപ്പുകൾ .............................................................. 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 92
ബിഷപ്സ് പ്രോഗ്രാം .................................................. 93
4-ാം പുസ്തകത്തിലെ വിഷയവിവരം ........................ 95

# സർക്കുലർ



***Circular Letter No. 14/2013***
***Prot. No. 14298/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഗുജറാത്തിലെ തപ്തി മുതൽ തമിഴ്നാട്ടിലെ കന്യാകുമാരിവരെ നീണ്ടു കിടക്കുന്ന ഇന്ത്യയുടെ പശ്ചിമഘട്ടം മുഴുവൻ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള യുനെസ്കോയുടെ ലോക പൈതൃകപട്ടിക യിൽപെടുത്തി അവിടുത്തെ പരിസ്ഥിതി സംരക്ഷണത്തിനായി പ്രത്യേക നിയമങ്ങളും നിയന്ത്രണങ്ങളും നമ്മുടെ സർക്കാരുകൾ കൊണ്ടുവന്നു കൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ രൂപതയുടെ ഉള്ളിൽ വരുന്ന മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽപെട്ട പതിനെട്ടോളം വില്ലേജുകൾ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങൾ സംര ക്ഷിക്കാൻ നടപ്പാക്കേണ്ട നിയമങ്ങളും നിയന്ത്രണങ്ങളും എവിടെയെ ല്ലാം, എന്തെല്ലാം, എപ്രകാരമെല്ലാം ആയിരിക്കണം എന്ന് അതിനായി സർക്കാർ നിയമിച്ച പ്രൊഫസർ മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തി ലുള്ള സമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ കാണാം. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവാദമായപ്പോൾ, ആ നിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റ ങ്ങൾ വരുത്തി നടപ്പാക്കണം എന്ന് പഠിക്കാനായി മുൻ ഐ.എസ്.ആർ.ഒ. ഡയറക്ടർ ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഒരു സമിതിയെ കേന്ദ്ര സർക്കാർ നിയമിക്കുകയും ആ സമിതി റിപ്പോർട്ട് സമർപ്പിക്കു കയും ചെയ്തു. അതിലെ നിർദ്ദേശങ്ങളും ഇപ്പോൾ വിവാദമായിരിക്കു കയാണ്. ഈ രണ്ട് റിപ്പോർട്ടുകളിലും ഉള്ള പല നിർദ്ദേശങ്ങളും നടപ്പാ ക്കിയാൽ അവ നടപ്പാക്കപ്പെടുന്ന സ്ഥലങ്ങളിലെ ജനജീവിതം ദുസ്സഹ മാകും എന്നതാണ് അവ വിവാദമാകാൻ കാരണം. പലരും ധരിച്ചിരി ക്കുന്നതുപോലെ ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് പ്രാബല്യമില്ലാതായിട്ടു മില്ല. കാരണം അതാണ് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാന മായി നിലകൊള്ളുന്നത്.

ഈ റിപ്പോർട്ടുകളെ പറ്റി അവ നടപ്പാക്കപ്പെടുന്ന ജനങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ച് കേരളസർക്കാരിന് കൊടുക്കാനായി പൊതു

ജനാഭിപ്രായപ്രകാരം ഒരു കമ്മീഷനെ കേരളസർക്കാരും നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷനും പലസ്ഥലത്തും സന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ അഭിപ്രായം കിട്ടി ആവശ്യമായ മാറ്റങ്ങളോടെമാത്രമെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുകയുള്ളൂ എന്ന ഉറപ്പ് കേന്ദ്ര കേരള ഭരണാധികാരികൾ ജനങ്ങൾക്ക് കൊടുക്കുകയും ചെയ്തു.

എന്നാൽ ഇപ്രകാരം ഉറപ്പുകൾ നിലനിൽക്കെതന്നെ ലോകപൈതൃകപ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിലെ, പ്രത്യേകിച്ച്, കേരളത്തിലെ നിവാസികളെ ആശങ്കയിലാഴ്ത്തിക്കൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാൻ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം നവംബർ 13-ന് ഒരു ഓഫീസ് മെമ്മോയും ആ മെമ്മോ റദ്ദ് ചെയ്ത് കൂടുതൽ വ്യക്തമായ നിബന്ധനകളോടെ നവംബർ 16-ന് ഒരു പ്രാഥമിക വിജ്ഞാപനവും ഇറക്കിക്കഴിഞ്ഞു. ഈ വിജ്ഞാപനം പൂർണ്ണമല്ലെന്നും അന്തിമമല്ലെന്നും റിപ്പോർട്ടുകളിന്മേൽ ഇനിയും പൊതുജനങ്ങൾക്ക് അഭിപ്രായം പറയാൻ അവസരം ഉണ്ട് എന്നും ബന്ധപ്പെട്ടവർ പ്രസ്താവിക്കുമ്പോഴും നമ്മുടെ ആശങ്കകൾ മാറുന്നില്ല. കാരണം ആ പ്രസ്താവനകൾ കേവലം സാങ്കേതികം മാത്രമാണ് എന്നത് വ്യക്തമാണ്.

ലോക പൈതൃകപ്രദേശത്തെ പരിസ്ഥിതിലോല ഗ്രാമങ്ങളിൽ താമസിക്കുന്ന നമ്മുടെ ആശങ്കകൾ സർക്കാരിനേയും മറ്റ് ബന്ധപ്പെട്ടവരേയും അറിയിക്കാൻ നമ്മുടെ രൂപതയുടെ ചില ഫൊറോനകൾ കേന്ദ്രീകരിച്ച് പ്രാദേശിക പൊതുജനപ്രസ്ഥാനങ്ങൾ ഈയടുത്ത കാലത്തായി രൂപപ്പെട്ടിരുന്നു. അങ്ങനെ രൂപപ്പെട്ട പ്രസ്ഥാനങ്ങളിൽ ഏറ്റവും ശക്തമായത് ചുങ്കക്കുന്ന്-കൊട്ടിയൂർ പ്രദേശത്തായിരുന്നു. ഇതിൽ ആ പ്രദേശത്തെ സർവ്വരാഷ്ട്രീയ കക്ഷികളും ഒട്ടുമിക്ക മതസാമുദായിക സംഘടനകളും സഹകരിക്കുന്നു എന്നത് പ്രത്യേക പ്രസ്താവ്യമാണ്.

എന്നാൽ ഈ പ്രസ്ഥാനത്തെ നയിക്കുന്നവരുടെ അറിവോ സമ്മതമോ ഇല്ലാതെ ചുങ്കക്കുന്നിലും അതിന് ചുറ്റുപാടുമുള്ള പ്രദേശത്തെ ജനങ്ങൾ സ്വമേധയാ നടത്തിയ ഒരു പ്രക്ഷോഭത്തിൽ ചില നിക്ഷിപ്ത താത്പര്യക്കാർ നുഴഞ്ഞു കയറുകയും പോലീസിന്റേയും ഫോറസ്റ്റ് വകുപ്പിന്റേയും വാഹനങ്ങളും കെട്ടിടങ്ങളും നശിപ്പിക്കുകയും ഉദ്യോഗസ്ഥരെ ആക്രമിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പോലീസ് റെയ്ഡുകളും അറസ്റ്റുകളും മറ്റും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സംഭവങ്ങളിൽ വേദനയനുഭവിക്കുന്ന എല്ലാവരോടും എനിക്കും

രൂപതയ്ക്ക് പൊതുവേയുമുള്ള ഐക്യദാർഢ്യം ഞാൻ ആവർത്തിച്ച് പ്രസ്താവിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ എത്രയും വേഗം കാര്യങ്ങൾ പൂർവ്വസ്ഥിതിയി ലേയ്ക്ക് എത്താനും ആ പ്രദേശങ്ങളിൽ ശാന്തിയും സമാധാനവും പുന: സ്ഥാപിക്കപ്പെടാനും നിങ്ങൾ യത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. എനിക്ക് കഴിയുന്ന വിധത്തിലെല്ലാം പ്രശ്നപരിഹാരത്തിനായി ശ്രമിക്കുന്നുമുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട നമ്മുടെ രൂപതയുടെ നയം എന്തെന്ന് ഇതുവരെ വെളിപ്പെടുത്തിയില്ല എന്നും ഇക്കാര്യത്തിൽ രൂപതാ മെത്രാൻ നിശബ്ദത പാലിക്കുന്നു എന്നും ഈ നാട്ടിലെ ജന ങ്ങളുടെ, പ്രത്യേകിച്ച് രൂപതാംഗങ്ങളുടെ, നന്മയിൽ രൂപതയ്ക്ക് ഒട്ടും താല്പര്യമില്ല എന്നാണ് അത് സൂചിപ്പിക്കുന്നത് എന്നും മറ്റുമുള്ള ആരോ പണങ്ങൾ കേൾക്കാനിടയായി. അതുപോലെ തന്നെ മുമ്പ് രൂപതയുടെ സ്ഥാപനങ്ങൾ സംരക്ഷിക്കുന്ന കാര്യം വന്നപ്പോൾ രൂപതാനേതൃത്വം പെട്ടെന്ന് തന്നെ അക്കാര്യത്തിൽ ഇടപെട്ട് പ്രതിഷേധജാഥകളും മറ്റും സംഘടിപ്പിച്ചു എന്നും ജനങ്ങളുടെ കാര്യം വന്നപ്പോൾ അത്തരം ഒരു നടപടിയും സ്വീകരിക്കുന്നില്ല എന്നും ആരോപണങ്ങളുണ്ടായി. ഇതേ പ്പറ്റിയും ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെപ്പറ്റിയും ചില വിശദീകരണങ്ങൾ തരാനും ഇക്കാര്യത്തിൽ മുന്നോട്ടുള്ള രൂപതയുടെ കർമ്മപരിപാടികൾ വിശദീകരിക്കാനുമാണ് ഈ സർക്കുലർ ഞാൻ എഴു തുന്നത്.

നവംബർ 5 മുതൽ 16 വരെ (പ്രായോഗികമായി 4 മുതൽ 17 വരെ) ഞാൻ വിദേശത്തായിരുന്നു എന്ന വസ്തുത പലർക്കും അറിവി ല്ലായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. ആ കാലയളവിലാണ് മേൽപ്പ റഞ്ഞ അക്രമസംഭവങ്ങളും അതേത്തുടർന്നുള്ള മറ്റ് കാര്യങ്ങളും സംഭ വിച്ചത്. വിദേശത്തായിരിക്കുമ്പോൾ രൂപതയിൽ നടക്കുന്ന കാര്യങ്ങ ളെപ്പറ്റി പ്രതികരിക്കുന്നതിലും എന്തെങ്കിലും നടപടികൾ സ്വീകരിക്കു ന്നതിലും എനിക്ക് പരിമിതികൾ ഉണ്ട് എന്ന് നിങ്ങൾക്കറിയാം. എങ്കിലും സാഹചര്യം അനുവദിക്കുന്ന തരത്തിൽ പറ്റുന്നത് ഞാൻ ചെയ്യുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ ഉടനെ തന്നെ ബന്ധപ്പെട്ടവരുമായി ആലോചിച്ച് എനിക്ക് കഴിയുന്ന രീതിയിൽ വീണ്ടും ഞാനീ കാര്യത്തിൽ പലതും ചെയ്തിട്ടുണ്ട്. ഇപ്പോഴും ചെയ്യുന്നുമുണ്ട്.

ഇപ്പോൾ സംജാതമായിരിക്കുന്നതു പോലെയുള്ള സാഹചര്യങ്ങ ളിൽ ഏറെ ശ്രദ്ധയോടെയും വിവേകത്തോടെയും നിങ്ങേണ്ടതുണ്ട് എന്ന

കാര്യം നേതൃത്വത്തിലുള്ളവർ പാലിക്കേണ്ട ഒരു പൊതു തത്വമാണ്. അതല്ലെങ്കിൽ നമ്മുടെ സമൂഹം മുഴുവനായും അപകടത്തിൽ ചെന്ന് പെട്ടെന്ന് വരാം. അപ്പോഴും കുറ്റം ഏൽക്കേണ്ടി വരിക നേതൃത്വം തന്നെയായിരിക്കും. അനുയായികളെ നേരായ മാർഗ്ഗത്തിലൂടെ നയിക്കേണ്ടവരും അവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശം കൊടുക്കേണ്ടവരും അതിനവരെ പ്രേരിപ്പിക്കേണ്ടവരുമാണ് നേതൃത്വത്തിലുള്ളവർ എന്ന പരിഗണനകൾ വച്ചുകൊണ്ട് ഞാൻ സ്വീകരിച്ച നിലപാടിനെയാണ് നിശബ്ദത എന്ന് പലരും വിശേഷിപ്പിക്കുന്നത് എന്ന് ഞാൻ കരുതുന്നു.

എനിക്ക് ഈ വിഷയത്തിൽ യാതൊരു താത്പര്യക്കുറവും ഇല്ലെന്നും എന്റേയും നിങ്ങളുടേയും ഗുരുവായ യേശു ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നതെല്ലാം ചെയ്യുന്നതാണെന്നും നിങ്ങൾക്ക് ഉറപ്പു തരുന്നു. ഇക്കാര്യത്തിൽ ആർക്കും സംശയം വേണ്ട. എനിക്ക് മറ്റ് നിക്ഷിപ്ത താത്പര്യങ്ങളുമില്ല. നിങ്ങൾക്ക് എന്റെ നേതൃത്വത്തിൽ വിശ്വാസമുണ്ടാകുക എന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. *അവരുടെ അവിശ്വാസം നിമിത്തം അവൻ അവിടെ അധികം അത്ഭുതങ്ങൾ ചെയ്തില്ല* (മത്താ. 13, 58) എന്ന തിരുവചനം ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്.

കടുവാസങ്കേതം, ലോകപൈതൃകപ്രദേശം, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, കസ്തൂരിരംഗൻ റിപ്പോർട്ട് തുടങ്ങിയവയെപ്പറ്റി മുമ്പ് ഒന്നിലധികം വേദികളിൽ ഞാൻ പരസ്യമായി എന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരുപക്ഷേ നിങ്ങളിൽ പലരും അത് പത്രങ്ങളിൽ വായിക്കുകയോ ടെലിവിഷനിൽ കാണുകയോ ചെയ്തിട്ടില്ല എന്നതുകൊണ്ടാണ് ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കാൻ ഇടയാകുന്നത് എന്നെനിക്ക് തോന്നുന്നു. നിങ്ങൾ എല്ലാവരും ആരോപണങ്ങൾ ഉന്നയിച്ചു എന്ന് ഞാൻ അർത്ഥമാക്കുന്നില്ല. എങ്കിലും സമൂഹത്തിലെ ഉയർന്ന ശ്രേണിയിൽ നിൽക്കുന്നവരിൽ ചിലരെങ്കിലും അപ്രകാരം ചെയ്യുമ്പോൾ അത് താഴേത്തട്ടിലേയ്ക്ക് തെറ്റായ സന്ദേശം എത്തിക്കാൻ സാധ്യതയുണ്ട് എന്നത് വസ്തുതയാണല്ലോ.

ഏതെങ്കിലും വിഷയത്തിൽ ഒരാൾ നിശബ്ദനാകുമ്പോൾ ആ വിഷയത്തിൽ താത്പര്യമില്ല എന്ന് അർത്ഥമാക്കേണ്ടതില്ല. അങ്ങനെയെങ്കിൽ നമ്മുടെ പ്രാർത്ഥനകൾക്ക് മുമ്പിൽ നിശബ്ദനാകുന്ന ദൈവം നമ്മുടെ കാര്യത്തിൽ താത്പര്യമില്ലാത്തവൻ ആണ് എന്ന് പറയേണ്ടി വരുമല്ലോ. "പിതാവേ കഴിയുമെങ്കിൽ ഈ കാസ എന്നിൽ നിന്ന്

മാറ്റിത്തരണമേ” എന്ന യേശുവിന്റെ അഭ്യർത്ഥനയ്ക്ക് മുമ്പിൽ നിശ ബ്ദനായ പിതാവായ ദൈവത്തിന് അവിടുന്ന് സംവിധാനം ചെയ്ത രക്ഷാകരപദ്ധതിയിലും അവിടുത്തെ ഏകജാതനിലും ഒരു താത്പര്യവും ഇല്ലായിരുന്നു എന്നും പറയേണ്ടിവരും. അതിന്റെ അർത്ഥശൂന്യതയെ പ്പറ്റി ഞാൻ നിങ്ങളെ പറഞ്ഞ് മനസ്സിലാക്കേണ്ടതില്ല. പിതാവായ ദൈവം അപ്രകാരം നിശബ്ദത പാലിച്ചത് അവിടുത്തേക്ക് രക്ഷാകരപദ്ധതിയിൽ അതീവതാത്പര്യം ഉണ്ടായിരുന്നതുകൊണ്ടാണ് എന്നതാണ് യാഥാർത്ഥ്യം. യേശുവിന്റെ പ്രാർത്ഥന കേട്ട് അവിടുത്തെ പീഢാ സഹനവും കുരിശുമരണവുമാകുന്ന കാസാ മാറ്റിയിരുന്നെങ്കിൽ നമ്മൾ മനുഷ്യർ ഏറെ ദുർഭഗരായേനെ. നമ്മുടെ പ്രാർത്ഥനകൾ നമ്മൾ ചിന്തി ക്കാത്ത സമയത്തും ചിന്തിക്കാത്ത രീതിയിലുമാണ് അവിടുന്ന് നടപ്പാ ക്കുന്നത്.

നമ്മുടെ കാര്യങ്ങൾ നേടിയെടുക്കാൻ വേണ്ടിവന്നാൽ അക്രമ ത്തിലേയ്ക്കും പോകണം എന്നും ചിലരെങ്കിലും പറഞ്ഞെന്നും വരാം. ക്രിസ്ത്യാനികൾ എന്ന നിലയിലും ഒരു ജനാധിപത്യരാജ്യത്തിലെ പൗര ന്മാർ എന്ന നിലയിലും നമുക്ക് അവലംബിക്കാൻ പറ്റിയ മാർഗ്ഗമല്ല അത്. എനിക്കത് പ്രോത്സാഹിപ്പിക്കാനും പറ്റില്ല. ചുങ്കക്കുന്ന്–കൊട്ടിയൂർ മേഖ ലയിൽ ഉണ്ടായ അക്രമസംഭവങ്ങളെ ന്യായീകരിക്കാൻ എനിക്ക് കഴി യില്ല. എന്നാൽ അതിലേയ്ക്ക് ആളുകളെ നയിച്ച സാഹചര്യങ്ങളെപ്പറ്റി ഭരണാധികാരികൾ വളരെ ഗൗരവമായ ആത്മശോധന ചെയ്യേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. പ്രദേശവാസികളുടെ ആശങ്കകൾ അക റ്റാതെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ചില വ്യവസ്ഥകൾ പ്രാബല്യ ത്തിൽ വരുത്തിക്കൊണ്ട് പൊടുന്നനവേ ഇറങ്ങിയ കേന്ദ്രസർക്കാരിന്റെ വിജ്ഞാപനവും ആവശ്യമായ രേഖകൾ ഇല്ലാതെയും ഉടമസ്ഥരെ ശരി യാംവണ്ണം അറിയിക്കാതെയും സ്വകാര്യഭൂമിയിൽ കടന്ന് പരിശോധന കൾ നടത്തിയ ഉദ്യോഗസ്ഥരുടെ പ്രവൃത്തിയും എല്ലാം ഇത്തരം ഒരു സാഹചര്യം സൃഷ്ടിച്ചു എന്നതാണ് സത്യം. അത് ഒഴിവാക്കാവുന്നതാ യിരുന്നു; ഒഴിവാക്കേണ്ടതുമായിരുന്നു.

ചുങ്കക്കുന്ന് ഭാഗത്ത് ഉണ്ടായ അനിഷ്ടസംഭവങ്ങളിൽ നമു ക്കെല്ലാം ദു:ഖമുണ്ട്. ഇനിയെന്ത് എന്ന ചോദ്യവും അവശേഷിക്കുന്നു. കുറേപ്പേർ അറസ്റ്റിലായി. അതിൽ നിരപരാധികളും ഉണ്ടാകും. അതു പോലെ തന്നെ ഇപ്പോഴും അറസ്റ്റുകൾ തുടർന്നുകൊണ്ടും ഇരിക്കുന്നു. അക്രമത്തെപോലെ തന്നെ അപലപിക്കപ്പെടേണ്ടതാണ് നിരപരാധിക ളുടെ അറസ്റ്റും വീട് വീടാന്തരം കയറിയിറങ്ങിയുള്ള റെയ്ഡും ഭീഷ

ണിപ്പെടുത്തലും മറ്റും. അക്രമത്തിന്റെ മറ്റൊരു വശമായി മാത്രമേ അതിനെ കാണാൻ കഴിയുകയുള്ളു. ഇതിലും ഭരണാധികാരികളുടെ അടിയന്തിര ശ്രദ്ധ പതിയണം. ജനത്തിന് സ്വൈര്യജീവിതം ഉറപ്പാക്കാൻ കടപ്പെട്ടവർ തന്നെ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് അംഗീകരിക്കാൻ പറ്റുകയില്ല. ഇക്കാര്യത്തിലെല്ലാം ആവശ്യമായ കാര്യങ്ങൾ അവിടെ ചുങ്കക്കുന്ന് ഫൊറോനാ വികാരി ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ രൂപീകൃതമായിരിക്കുന്ന സമിതി ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എന്നത് ഏറെ ആശ്വാസകരമാണ്. സമിതിയോട് ബന്ധപ്പെട്ട് അവിടെയുള്ള ജനപ്രതിനിധികളും സജീവമായി ത്തന്നെ രംഗത്തുണ്ട്. നിയമപരമായ നടപടികളും മറ്റ് മാർഗ്ഗങ്ങളും അവർ പരിശോധിക്കുന്നുണ്ട്. ഏത് കാര്യത്തിനും അതിന്റേതായ സമയം എടുക്കും എന്നതിനാൽ ബന്ധപ്പെട്ടവർ സംയമനം പാലിക്കുകയും ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. അതുപോലെ ഇതിനായി പ്രവർത്തിക്കുന്നവരെ നിരന്തരം കുറ്റപ്പെടുത്തുന്ന പ്രവണതയും അവസാനിപ്പിക്കണം. അനാവശ്യ കുറ്റപ്പെടുത്തലുകളും വിമർശനങ്ങളും അവരുടെ ആത്മവീര്യം തകർക്കുകയും അങ്ങനെ അവർ പ്രവർത്തനത്തിൽ നിന്ന് പിൻമാറുകയും ചെയ്തെന്ന് വരാം. രൂപതാ തലത്തിലും ആവശ്യമായ സമിതികളും മറ്റും രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പ്രാദേശികസമിതികൾ ഈ കേന്ദ്ര സമിതികളുമായി സഹകരിച്ച് പ്രവർത്തിച്ചാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാകും. സർവ്വോപരി നിങ്ങൾ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കുക.

എന്തിനേയാണ് നമ്മൾ എതിർക്കുന്നത് എന്ന് എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. അത് മനസ്സിലാകണമെങ്കിൽ അല്പം ചരിത്രം പറയേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം എന്ന വിഷയവുമായി ബന്ധപ്പെട്ടതാണത്. പരിസ്ഥിതി എന്ന് പറയുമ്പോൾ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും ഉൾക്കൊള്ളുന്ന ഈ ഭൂമിയിലെ ആവാസവ്യവസ്ഥ എന്ന് മനസ്സിലാക്കണം. അതിനാൽതന്നെ മനുഷ്യനാണ് പരിസ്ഥിതിയുടെ കേന്ദ്രബിന്ദു. മനുഷ്യന്റെ നിലനിൽപ്പിന് ആവശ്യമായ കാര്യങ്ങൾ ഒരുക്കിതരുന്നതിൽ മറ്റ് ജീവികളും കാടുകളും മരങ്ങളും ജലസ്രോതസ്സുകളും ചില പ്രത്യേക ഭൂവിഭാഗങ്ങളും എല്ലാം വലിയ പങ്ക് വഹിക്കുന്നുണ്ട് എന്നും എന്നാൽ മനുഷ്യൻ നടത്തുന്ന അനിയന്ത്രിതമായ വികസന പ്രക്രിയകൾ ഇവയെ നശിപ്പിക്കുന്നവയാണ് എന്നുമുള്ള അറിവ്

കിട്ടിയതോടെയാണ് പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനെപ്പറ്റിയുള്ള ചർച്ചകളും ആഗോളതലത്തിൽ ആരംഭിച്ചത്. അതുസംബന്ധിച്ച് പല അന്താരാഷ്ട്ര ഉടമ്പടികളും നിലവിൽ വരുകയും ചെയ്തു.

നിർഭാഗ്യവശാൽ ഈ ചർച്ചകളിൽ മനുഷ്യനെ പ്രകൃതിയുടെ കേന്ദ്രബിന്ദുവായി കണക്കാക്കി മനുഷ്യന്റെ നന്മയ്ക്ക് വേണ്ടി പരിസ്ഥിതി സംരക്ഷിക്കപ്പെടണം എന്ന് വാദിക്കുന്ന ഒരു ഗ്രൂപ്പും മനുഷ്യന് പ്രത്യേക പ്രാധാന്യമൊന്നും കൊടുക്കാതെ പ്രകൃതി പ്രകൃതിക്ക് വേണ്ടി സംരക്ഷിക്കപ്പെടണം എന്ന് വാദിക്കുന്ന മറ്റൊരു ഗ്രൂപ്പും ഉടലെടുത്തു. മനുഷ്യനെപ്പറ്റിയുള്ള കാഴ്ചപ്പാടിന്റെ വ്യത്യാസത്തിലാണ് ഈ ഗ്രൂപ്പുകൾ ഉടലെടുത്തത് എന്ന് വ്യക്തമാണ്. മനുഷ്യനെ സൃഷ്ടിയുടെ മകുടമായി കാണുന്ന ക്രൈസ്തവരുടെ കാഴ്ചപ്പാട് പരിസ്ഥിതി മനുഷ്യന്റെ നന്മയ്ക്ക് വേണ്ടി സംരക്ഷിക്കപ്പെടണം എന്നും അതുകൊണ്ട് മനുഷ്യനെ മറന്നുകൊണ്ടുള്ള ഒരു സംരക്ഷണം അംഗീകരിക്കാൻ പറ്റില്ല എന്നതുമാണ്. കൂടുതലായും ദൈവനിഷേധകരും മനുഷ്യന് മറ്റ് ജീവികളിൽ നിന്ന് ഉയർന്ന സ്ഥാനമൊന്നും കൽപ്പിക്കാത്തവരുമായ എതിർ ഗ്രൂപ്പിന് ഈ ക്രൈസ്തവ നിലപാട് സ്വീകാര്യമല്ല. അത് സ്വാഭാവികമാണ് താനും. മനുഷ്യനും മറ്റേതൊരു ജീവിയേയും പോലെയുള്ള സ്ഥാനമേ ഉള്ളൂവെങ്കിൽ അങ്ങനെയൊരു നിലപാട് എടുത്താൽ മതിയാകും. മനുഷ്യന് പ്രഥമസ്ഥാനം കൊടുക്കാത്തവർ ഉൾക്കൊള്ളുന്ന നിരവധി പരിസ്ഥിതിസംഘടനകൾ ഇന്ന് ലോകത്തിൽ എല്ലായിടത്തും നിലവിലുണ്ട്. ഇന്ത്യയിലുമുണ്ട്. അവർ പരിസ്ഥിതി സംബന്ധമായി ധാരാളം പഠനങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ ഉണ്ടാക്കുകയും അന്തർദ്ദേശീയ ഏജൻസികളെ സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ അന്തർദ്ദേശീയ ചർച്ചകളിൽ ഇന്ത്യയും പങ്കാളിയാകുകയും ഉടമ്പടികളിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉടമ്പടികളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസാരം രാജ്യങ്ങൾ നിയമങ്ങൾ ഉണ്ടാക്കേണ്ടിയിരുന്നതിനാൽ ഇന്ത്യയും നിയമങ്ങൾ ഉണ്ടാക്കാൻ ബാദ്ധ്യസ്ഥമായിരുന്നു. അങ്ങനെ ഇന്ത്യ 1986 ൽ പരിസ്ഥിതി സംരക്ഷണസംബന്ധമായി ഒരു നിയമം നിലവിൽ വരുത്തി. അതോടൊപ്പം വനം, പരിസ്ഥിതി, ഖനനം തുടങ്ങി അനേകം മേഖലകളിൽ നിയന്ത്രണം വരുത്താനായി മറ്റ് പല നിയമങ്ങളും പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച തീവ്രപരിസ്ഥിതിസംഘടനകളുടെ ദീർഘകാല ആവശ്യമായിരുന്നു ഇന്ത്യയുടെ പശ്ചിമഘട്ടം മുഴുവൻ ഒരു സംര

ക്ഷിതപ്രദേശമായി പ്രഖ്യാപിച്ച് അവിടെ എല്ലാ തരത്തിലുമുള്ള മനുഷ്യപ്രവർത്തനങ്ങളും തടയുകയും ചെയ്യുക എന്നത്. അതിനവർ കേന്ദ്ര -സംസ്ഥാന സർക്കാരുകളിലും സർക്കാരിതര ഏജൻസികളിലും നടത്തിയ സ്വാധീനത്തിന്റെ ഫലമായിട്ടാണെന്ന് വേണം കരുതാൻ ഈ പ്രദേശങ്ങളെ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള യുനെസ്കോയെക്കൊണ്ട് ഒരു ലോകപൈതൃകപ്രദേശമായി പ്രഖ്യാപിക്കാൻ 2006 മുതൽ ഇന്ത്യ ശ്രമം ആരംഭിച്ചു. ഇങ്ങനെ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ആ പ്രദേശങ്ങളിൽ യുനെസ്കോയുടെ നിയമങ്ങളനുസരിച്ചുള്ള കാര്യങ്ങൾ നടപ്പാക്കിയേ മതിയാകൂ. അവ നടപ്പാക്കാൻ വേണ്ടി ഒരു പ്രത്യേക സമിതി ഉണ്ടാക്കുകയും വേണം. ഈ സമിതിയുടെ മേൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കാര്യമായ അധികാരം ഉണ്ടാകുകയുമില്ല.

ഇങ്ങനെ യുനെസ്കോ പ്രഖ്യാപിച്ച് കഴിഞ്ഞാൽ ലോക പൈതൃക ഫണ്ടിൽ നിന്ന് ധാരാളം പണം ഈ പ്രദേശത്തിന്റെ സംരക്ഷണത്തിനായി കിട്ടുമെന്നതും അവിടെയൊന്നും നമ്മുടെ സർക്കാരുകൾക്ക് കാര്യമായ നിയന്ത്രണം ഉണ്ടാവുകയില്ല എന്നതുമാണ് ഈ കാര്യത്തിലെ മുഖ്യ ആകർഷണം. മാത്രമല്ല തീവ്രനിലപാടെടുക്കുന്ന സംഘടനകൾക്ക് മാധ്യമങ്ങളിലൂടെ അടക്കം വിവിധരീതികളിൽ കാര്യമായ സ്വാധീനം ചെലുത്താനും കഴിയും.

ഇന്ത്യ കൊടുത്ത അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതിന് മുമ്പായി യുനെസ്കോയുടെ തന്നെ കീഴിലുള്ള പ്രത്യേകസമിതി ഇന്ത്യയുടെ പശ്ചിമഘട്ടത്തെപ്പറ്റി വിശദമായ പഠനം നടത്തുകയും ഇവിടെയുള്ള ഭൂപ്രദേശവും ജീവജാലങ്ങളും സംരക്ഷിക്കപ്പെടേണ്ടതു തന്നെയാണെന്നും കണ്ടെത്തി. എന്നാൽ അപേക്ഷയിൽ ചില കാര്യങ്ങൾ കുറവുണ്ടായിരുന്നു. അതിൽ പ്രധാനമായ രണ്ടെണ്ണം ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന മേഖലകൾ ഏതൊക്കെയാണെന്ന് കൃത്യം പറഞ്ഞിട്ടില്ലെന്നും അവയെ സംരക്ഷിക്കുന്നതിനുള്ള യാതൊരു മാർഗ്ഗരേഖയും കൊടുത്തിട്ടില്ല എന്നതുമായിരുന്നു. അതുകൊണ്ട് ഇന്ത്യയുടെ അപേക്ഷ രണ്ടു പ്രാവശ്യം നിരസ്സിക്കപ്പെട്ടു. എന്നാൽ മൂന്നാം പ്രാവശ്യം ഇന്ത്യ ലോകപൈതൃക സമിതിയിലെ 21 രാജ്യങ്ങളെയും സ്വാധീനിച്ച് ഇക്കാര്യം നേടുകയാണുണ്ടായത്. സമിതി ആവശ്യപ്പെട്ടവയും മറ്റു കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി പ്രൊഫ.മാധവ് ഗാഡ്ഗിൽ എന്ന പരിസ്ഥിതി വിദഗ്ദന്റെ നേതൃത്വത്തിലുള്ള സമിതിയെ 2010 മാർച്ച് 4-ന് കേന്ദ്രസർക്കാർ നിയമിച്ചത് ഈ സാഹചര്യത്തിലാണ്.

ഈ സമിതിയിൽ ഈ പ്രദേശത്ത് വസിക്കുന്നവരും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ താൽപര്യം ഉള്ളവരുമായ ആരും ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. മാത്രമല്ല അംഗങ്ങൾ എല്ലാവരും തന്നെ തീവ്രപരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി നിൽക്കുന്നവരും അങ്ങനെയുള്ള സംഘടനകളിൽ അംഗങ്ങളായിരുന്നവരോ അവയുടെ അനുഭാവികളോ ആയിരുന്നു എന്നതുമാണ് എടുത്തുപറയേണ്ട മറ്റൊരു വസ്തുത. 2011 ഓഗസ്റ്റ് 31–ന് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ ഒരു കോടതിവിധിയിലൂടെ പൊതുജനങ്ങൾക്ക് കിട്ടുന്നതുവരെ ഈ റിപ്പോർട്ട് പൊതുജനങ്ങളിൽ നിന്ന് മറച്ചുവച്ചിരിക്കുകയായിരുന്നു. കാരണം അതിലെ കണ്ടെത്തലുകൾ ബഹുജനപ്രക്ഷോഭത്തിന് കാരണമാകും എന്ന് ബന്ധപ്പെട്ടവർക്ക് അറിയാമായിരുന്നു എന്നുവേണം അനുമാനിക്കാൻ. ഇപ്പോൾ അതു സംഭവിച്ചു എന്നതുതന്നെ ആ അനുമാനത്തെ ശരിവയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ പല ഭാഗങ്ങളും ഗാഡ്ഗിൽ കമ്മിറ്റി തയ്യാറാക്കി എന്ന് പറയുന്നത് ശരിയല്ല. തീവ്രപരിസ്ഥിതിസംരക്ഷണം അജണ്ടയാക്കിയ സംഘടനകളുടെ പഠനറിപ്പോർട്ടുകളാണ് അവയിൽ പല ഭാഗങ്ങളും. അതിനാൽ തന്നെ അതിലെ ശിപാർശകളും നിലപാടും ഊഹിക്കാവുന്നതേയുള്ളു. തന്റെ നിലപാട് വിശദീകരിച്ചുകൊണ്ട് പിന്നീട് പ്രൊഫ. ഗാഡ്ഗിൽ തന്നെ പല വേദികളിലും പ്രത്യക്ഷപ്പെട്ടതിൽ നിന്ന് ഇത് വ്യക്തമാണ്. അതല്ലെങ്കിൽ ഒരു കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം അതിലെ കണ്ടെത്തലുകൾ ന്യായീകരിച്ചുകൊണ്ടോ മറ്റുള്ളവരെ വിമർശിച്ചുകൊണ്ടോ, അവയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടോ ഇറങ്ങിത്തിരിക്കേണ്ട കാര്യമില്ലല്ലോ. സാധാരണയായി കമ്മീഷനുകളുടെ ചുമതല റിപ്പോർട്ട് സമർപ്പിക്കുന്നതോടെ അവസാനിക്കുന്നു.

യുനെസ്കോയുടെ നിയമങ്ങൾ അനുസരിച്ച്, അതാത് പ്രദേശങ്ങളിലെ ജനങ്ങളെ അവരുടെ വാസസ്ഥലം ഒരു ലോകപൈതൃകപ്രദേശമായി പ്രഖ്യാപിച്ച് കഴിയുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ അവരെ മുൻകൂട്ടി പറഞ്ഞ് മനസ്സിലാക്കി അവരുടെ സമ്മതം വാങ്ങിയ ശേഷമേ അതിനുള്ള അപേക്ഷ ഒരു രാജ്യം കൊടുക്കാവൂ. എന്നാൽ ഇവിടെ ഇതൊന്നും സംഭവിച്ചില്ല എന്ന് മാത്രമല്ല പരമാവധി ഇക്കാര്യങ്ങൾ രഹസ്യമാക്കി വച്ചുകൊണ്ടാണ് ഇക്കാര്യങ്ങൾ ചെയ്തത് എന്നും നമുക്ക് കാണാം.

ഗാഡ്ഗിൽ റിപ്പോർട്ടിൽ പശ്ചിമഘട്ടത്തെ മൂന്ന് സോണുകളായിട്ട് തിരിച്ചിരിക്കുകയാണ്. അതനുസരിച്ച് വയനാട് ഏതാണ്ട് പൂർണ്ണമായും തീർത്തും മനുഷ്യപ്രവർത്തനങ്ങൾ അനുവദിക്കാൻ പറ്റാത്ത ഒന്നാം സോണിൽ തന്നെയായിരുന്നു. രണ്ട്, മൂന്ന് എന്നീ സോണുകളിലും പ്രവർത്തനങ്ങൾക്ക് ഏറ്റക്കുറച്ചിലുകളോടെ കഠിന നിയന്ത്രണങ്ങളുണ്ടായിരുന്നു.

ഏതായാലും 2012 ജൂലൈ മാസത്തിൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗ്ഗിൽ ചേർന്ന ലോകപൈതൃകസമിതിയുടെ സമ്മേളനത്തിൽ ഗാഡ്ഗിൽ റിപ്പോർട്ട് ഇന്ത്യയുടെ നിലപാടായി അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പശ്ചിമഘട്ടത്തിന് ലോക പൈതൃകപദവി കൊടുക്കുകയും ചെയ്തു. ഇനി കാര്യങ്ങൾ നീങ്ങേണ്ടത് ഈ റിപ്പോർട്ടിൽ പറയുന്നതുപോലെയാണ്. ഒരു അന്താരാഷ്ട്ര ഉടമ്പടിയായതിനാൽ ഇന്ത്യയ്ക്ക് ഇനി ഇതിൽ നിന്ന് പിൻമാറാൻ അത്ര എളുപ്പമല്ല. അങ്ങനെ ചെയ്താൽ അന്താരാഷ്ട്രതലത്തിൽ ഇന്ത്യ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും.

ഗാഡ്ഗിൽ കമ്മിറ്റി പഠനം നടത്തുന്ന സമയത്ത് അതിൽ നമ്മുടെ കേന്ദ്ര-സർക്കാരുകളുടെ പ്രതിനിധികളും ഉദ്യോഗസ്ഥരും സജീവമായി പങ്കെടുക്കുന്നുണ്ടായിരുന്നു. നമ്മുടെ ജനപ്രതിനിധികളേയും ഗാഡ്ഗിൽ കണ്ട് സംസാരിക്കുകയുണ്ടായി. എന്നാൽ ഇത്തരം ഒരു പഠനം നടക്കുന്ന വിവരം ഒരു സർക്കാരും ജനപ്രതിനിധികളും ജനങ്ങളെ അറിയിക്കുകയോ അവരുടെ അഭിപ്രായം ശേഖരിക്കുകയോ ചെയ്തില്ല. ജനപ്രതിനിധികൾ പറഞ്ഞ അഭിപ്രായം തന്നെ ഗാഡ്ഗിൽ തന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയുമില്ല. എങ്കിലും ജനങ്ങളെയെല്ലാം കണ്ട് അവരുടെ അഭിപ്രായവും സമ്മതവും എല്ലാം വാങ്ങി എന്ന നിലയിലാണ് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചത്. ആ രീതിയിൽ തന്നെയാണ് ലോകപൈതൃകകമ്മിറ്റി അതിനെ സ്വീകരിച്ചതും ലോകപൈതൃക പദവി കൊടുത്തതും.

റിപ്പോർട്ട് പുറത്ത് വന്നതോടെ എതിർപ്പുകളും ആരംഭിച്ചു. അപ്പോഴാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിയാൽ പൊതുജനത്തിന്റെ എതിർപ്പ് കുറയ്ക്കാം എന്ന ചിന്തയിൽ കേന്ദ്രസർക്കാർ ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഒരു സമിതിയെ നിയമിച്ചത്. കാര്യമായ പഠനമൊന്നും നടത്താതെ ഈ സമിതിയും റിപ്പോർട്ട് സമർപ്പിച്ചു. മൂന്ന് സോണുകൾ എന്നതിന് പകരം പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കേണ്ട സ്ഥലങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ

തീരുമാനിച്ചു എന്നതാണ് അദ്ദേഹം വരുത്തിയ പ്രധാന മാറ്റം. അതു പോലെ പ്രാദേശിക ഭരണസമിതികൾക്കും മറ്റും ഗാഡ്ഗിൽ കൊടുത്തിരുന്ന പ്രാധാന്യം ഇതിൽ ഇല്ലാതാകുകയും ചെയ്തു. ഡോ.കസ്തൂരിരംഗൻ കൊടുത്ത റിപ്പോർട്ട് അനുസരിച്ച് സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളുടെ വിസ്തൃതി ഏറെ കുറഞ്ഞു എന്നത് സത്യമാണ്. പക്ഷേ കേരളത്തെ സംബന്ധിച്ച് അങ്ങനെ വിസ്തൃതി കുറഞ്ഞാലും ഇവിടുത്തെ മനുഷ്യവാസത്തിന്റെ പ്രത്യേകതകളാൽ വലിയ മാറ്റമൊന്നും ഗാഡ്ഗിൽ പറഞ്ഞതിൽ നിന്നും ഉണ്ടായില്ല. തന്നെയുമല്ല ആരുടെയോ സമ്മർദ്ദത്തിന് വഴങ്ങി എന്ന പ്രതീതി ഉണ്ടാക്കിക്കൊണ്ട് ഒറ്റനോട്ടത്തിൽ തന്നെ പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിക്കപ്പെടാവുന്ന പലസ്ഥലങ്ങളും ഒഴിവാക്കുകയും ചെയ്തു.

കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോഴേയ്ക്കും പല പരിസ്ഥിതി സംഘടനകളും എത്രയും വേഗം ഈ റിപ്പോർട്ടുകളിന്മേൽ തീരുമാനം എടുക്കാൻ സർക്കാരിന് നിർദ്ദേശം കൊടുക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാതിയുമായി കോടതിയിലെത്തി. കേസിൽ കേരള സംസ്ഥാനസർക്കാരും അവരുടെ നിലപാട് അറിയിക്കാൻ പലപ്പോഴും താമസിച്ചു. അതിനാൽ തന്നെ പലകാര്യങ്ങളിലും അവർക്ക് ഫലപ്രദമായി എന്തെങ്കിലും ചെയ്യാനും കഴിഞ്ഞില്ല. ഏതായാലും സുപ്രീംകോടതിയുടെ ഇടപെടൽമൂലം ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായി. അങ്ങനെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ഏതാനും വ്യവസ്ഥകൾ നടപ്പിലാക്കിക്കൊണ്ട് നവംബർ 16-ന് ഒരു വിജ്ഞാപനമിറക്കി. അന്തിമവിജ്ഞാപനം ഉടനെ തന്നെ ഇറക്കുകയും ചെയ്യും എന്ന് ഏതാണ്ട് ഉറപ്പാണ്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച ശേഷവും കേരളം നിയമിച്ച പ്രത്യേക കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയശേഷവും മാത്രമേ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുകയുള്ളൂ എന്ന് ഭരണാധികാരികൾ പറയുമ്പോഴും കാര്യങ്ങൾ അങ്ങനെയല്ല നീങ്ങുന്നത് എന്ന് അവരുടെ പ്രവൃത്തികൾ സൂചിപ്പിക്കുന്നു. അത് ജനങ്ങളുടെ ആശങ്കകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇനി നമുക്ക് എന്താണ് ചെയ്യാൻ കഴിയുക എന്നാണ് നാമിനി ചിന്തിക്കേണ്ടത്. ഒന്നാമതായി ഇക്കാര്യത്തെങ്ങളെപ്പറ്റി ശരിയായ അവബോധം ഉണ്ടാകുക എന്നതാണ് ആവശ്യം. രൂപതാതലത്തിൽ ഒരു സെമിനാറോ ക്ലാസോ നടത്തിയതുകൊണ്ട് മാത്രം അത് കിട്ടണം എന്നില്ല. ഇക്കാര്യങ്ങളെപ്പറ്റി എഴുതുന്ന

പത്രങ്ങളും മാസികകളും വായിക്കുകയും ടെലിവിഷൻ പരിപാടികൾ കാണുകയും ചെയ്യുന്നതുവഴി ഒരു പരിധിവരെ അത് സാധ്യമാകും. ദീപിക ദിനപ്പത്രം ഈ വിഷയത്തെപ്പറ്റി വളരെ വിശദമായ പഠനറിപ്പോർട്ടുകളും വാർത്തകളും നിരന്തരം പ്രസിദ്ധീകരിക്കുന്നുണ്ട്. അത് എല്ലാവരും വാങ്ങി വായിക്കണം. അതുപോലെ മറ്റ് മാസികകളും പത്രങ്ങളും മറ്റും വായിക്കണം. രണ്ടാമതായി ഏവർക്കും ഉണ്ടാകേണ്ട മറ്റൊരവബോധം രൂപതാ മെത്രാനോ മറ്റേതെങ്കിലും വ്യക്തിയോ ഒരു പ്രസ്താവന ഇറക്കുകയോ ഒരു പ്രതിഷേധസമരത്തിന് ആഹ്വാനം ചെയ്യുകയോ ചെയ്താൽ പരിഹരിക്കപ്പെടാവുന്ന ഒരു പ്രശ്നമല്ല നമ്മൾ കൈകാര്യം ചെയ്യുന്നത് എന്നതാണ്. നിങ്ങളുടെ എല്ലാവരുടെയും സജീവമായ സഹകരണവും സഹായവും ഉണ്ടെങ്കിൽ മാത്രമേ അത് സാധ്യമാകുകയുള്ളു.

അതിന് ആദ്യമായി ചെയ്യേണ്ടത് നിങ്ങളുടെ പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാരെ കണ്ട് ഇക്കാര്യം ചർച്ച ചെയ്യുക എന്നതാണ്. വേണമെങ്കിൽ ഇടവക തലത്തിലോ ഫൊറോന തലത്തിലോ പഞ്ചായത്ത് തലത്തിലോ ഒക്കെ ഈ ചർച്ച നടത്താവുന്നതാണ്. അവരിൽ പലരും നമ്മുടെ രൂപതാംഗങ്ങളുമാണല്ലോ. അവർക്കല്ലേ ഇക്കാര്യത്തിൽ ഫലവത്തായി എന്തെങ്കിലും ചെയ്യാൻ കഴിയുന്നത്. നമുക്കാർക്കും നിയമസഭയിലോ പഞ്ചായത്ത് സമിതിയിലോ പോയി നിയമനിർമ്മാണം നടത്താൻ കഴിയില്ല. എന്നാൽ നമുക്ക് ചെയ്യാൻ പറ്റുന്ന ഒന്നുണ്ട്. നമ്മുടെ പഞ്ചായത്ത് വാർഡുകളിലെ ഗ്രാമസഭകൾ ക്രമമായി വിളിച്ച് ചേർക്കാൻ ബന്ധപ്പെട്ടവരെ നിർബന്ധിക്കുകയും ആ സഭകളിൽ നിങ്ങളും പോയി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യണം. മാത്രമല്ല ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പാക്കരുത് എന്ന് പറഞ്ഞ് പഞ്ചായത്തു സമിതികളിൽ പ്രമേയങ്ങൾ പാസ്സാക്കിച്ച് മേൽഘടകങ്ങളിലേയ്ക്ക് അയയ്ക്കുക എന്നതും ചെയ്യാവുന്നതാണ്. അതുപോലെതന്നെ എല്ലാ രാഷ്ട്രീയപ്പാർട്ടികളുടേയും നേതാക്കന്മാരെ കണ്ട് ഇക്കാര്യം ചർച്ച ചെയ്യണം. അവർ ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കുന്നു എന്ന് പരസ്യമായി പ്രസ്താവിക്കാൻ ആവശ്യപ്പെടാം.

ലോകപൈതൃകപദവിയുടെ സ്ഥിതിയെപ്പറ്റിയും അല്പം പറയേണ്ടതുണ്ട്. ഒന്നാമതായി ഈ രാജ്യത്തെ പൗരന്മാർക്ക് അവരുടെ ജീവിത സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന ഒരു പ്രക്രിയയ്ക്ക് തുടക്കം കുറിക്കാനും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ സഭകളായ പാർലമെന്റിലും നിയമസഭയിലും ചർച്ച ചെയ്ത് ഒരു നിയമമാക്കാതെ അത്

ജനങ്ങളുടെ മേൽ കെട്ടി വയ്ക്കാനും സർക്കാരുകൾ ശ്രമിക്കുന്നത് ഈ രാജ്യത്തോടും ഇവിടുത്തെ ജനങ്ങളോടുമുള്ള അവഹേളനമാണ് എന്ന താണ്. അതുകൊണ്ട് ഈ പ്രക്രിയയ്ക്ക് ആവശ്യമായ നിയമനിർമ്മാണ പ്രവർത്തനങ്ങൾ ആദ്യം നടത്തട്ടെ. ജനങ്ങളുടെ ജീവിത സ്വാതന്ത്ര്യം ഒരു അന്താരാഷ്ട്ര ഏജൻസിയുടെ നിയന്ത്രണങ്ങൾക്ക് വിട്ടു കൊടു ക്കുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. ആ നിയന്ത്രണങ്ങളിന്മേൽ ഈ രാജ്യത്തെ സുപ്രീം കോടതിയ്ക്ക് പോലും അധികാരം ഉണ്ടായി രിക്കരുത് എന്ന് ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ശുപാർശ ചെയ്യുന്നു. അന്താരാഷ്ട്ര ഏജൻസിയായ യുനെസ്കോയുടെ ആവശ്യ പ്രകാരമുള്ള കാര്യങ്ങൾ പഠിച്ച് ശുപാർശ ചെയ്യാൻ നിയമിതമായ ഗാഡ്ഗിൽ കമ്മിറ്റി തമിഴ് നാട്ടിലെ കോത്തഗിരിയിൽ പരിസ്ഥിതി സംഘ ടനകൾ സംഘടിപ്പിച്ച ഒരു സമ്മേളനത്തിനിടയിലാണ് രൂപീകരിക്കപ്പെ ട്ടത് എന്ന് ആ കമ്മിറ്റിയുടെ റിപ്പോർട്ട് തന്നെ വെളിവാക്കുന്നു. ഇക്കാര്യ ത്തിൽ പരിസ്ഥിതി സംഘടനകളുടെ സ്വാധീനം എത്രമാത്രമുണ്ട് എന്ന തിന് വേറെ തെളിവ് ആവശ്യമില്ല.

ഈ റിപ്പോർട്ട് തന്നെ യാതൊരു നിയമനിർമ്മാണ സഭകളിലും ചർച്ച ചെയ്യപ്പെട്ടില്ല എന്നത് മാത്രമല്ല അത് ജനങ്ങളിൽ നിന്ന് ഏറെ ക്കാലം മറച്ചു വയ്ക്കുകയും ചെയ്തു. ഗാഡ്ഗിൽ ആകട്ടെ കസ്തൂരി രംഗൻ ആകട്ടെ, പ്രദേശ വാസികളായ ആളുകളുടെ അഭിപ്രായം ശരി യാംവണ്ണം സ്വീകരിച്ചതുമില്ല. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് അന്തി മരൂപത്തിലാക്കാൻ കൂടിയ മീറ്റിംഗ് 2013 ഏപ്രിൽ 5 ആയിരുന്നു. എന്നാൽ വയനാട്ടിൽ അദ്ദേഹം അഭിപ്രായങ്ങൾ ശേഖരിച്ചത് ഏപ്രിൽ 8 ന് ആയി രുന്നു. അപ്പോൾ ആ അഭിപ്രായങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ന്യായമായും ഊഹിക്കാം.

റിപ്പോർട്ടുകൾ നിയമങ്ങളല്ല. അതിനാൽ തന്നെ അവയ്ക്ക് നിയ മത്തിന് ആവശ്യമായ നിർവ്വചനങ്ങളോ വ്യക്തതയോ ഇല്ല. അപ്പോൾ പിന്നെ എങ്ങനെ പൗരന്മാർ ഇതിലെ ശുപാർശകൾ പ്രകാരം എടുക്കുന്ന നടപടികൾക്കെതിരേ ആവശ്യം വരുമ്പോൾ കോടതിയേ സമീപിക്കും എന്ന ചോദ്യം അവശേഷിക്കുന്നു. മാത്രമല്ല, ലോക പൈതൃക പ്രദേശം സംരക്ഷിക്കാൻ രൂപീകരിക്കേണ്ട സമിതിയുടെ നിർദ്ദേശങ്ങളെ സുപ്രീം കോടതിയിൽ പോലും ചോദ്യം ചെയ്യാൻ പാടില്ല എന്നും റിപ്പോർട്ട് പറ യുന്നു. റിപ്പോർട്ടുകളിൽ ഉള്ളത് ശുപാർശകളാണ്. അവ നിയമരൂപ ത്തിലായില്ലെങ്കിൽ അതിൽ പരിസ്ഥിതി സംരക്ഷണത്തെ പറ്റി പറയു ന്നത് പെട്ടെന്ന് തന്നെ നടപ്പിലാക്കുകയും ജനങ്ങൾക്ക് വരുന്ന നഷ്ടങ്ങൾ

നികത്താനുള്ള ശുപാർശകളിന്മേലും മറ്റും യാതൊന്നും ചെയ്യാതിരിക്കാനുമുള്ള പ്രലോഭനങ്ങൾ സർക്കാരുകൾക്കുണ്ടാകും എന്നത് ഏതാണ്ട് ഉറപ്പാണ്. ഫലത്തിൽ ജനങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യവും സ്വത്തും നഷ്ടപ്പെടുന്ന അവസ്ഥ വരും.

അഴിമതി നിറഞ്ഞ നമ്മുടെ ഭരണ വ്യവസ്ഥിതിയിൽ ഇപ്പോൾതന്നെ കൊച്ചുകാര്യങ്ങൾക്ക് പോലും കൈക്കൂലി കൊടുക്കേണ്ടിയും മാസങ്ങളോളം ഓഫീസുകൾ കയറി ഇറങ്ങേണ്ടി വരുകയും ചെയ്യുന്നു. അപ്പോൾ നിയമത്തിനുണ്ടായിരിക്കേണ്ട യാതൊരു വ്യക്തതയുമില്ലാത്ത ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പാക്കിയാൽ ഉദ്യോഗസ്ഥർ അവരുടെ മനസ്സിൽ തോന്നിയ പ്രകാരം അവയിലെ നിർദ്ദേശങ്ങൾ വ്യാഖ്യാനിക്കുകയും ജനങ്ങൾക്ക് ഒന്നും ചെയ്തുകൊടുക്കാതിരിക്കുന്ന സ്ഥിതി സംജാതമാകുകയും ചെയ്യും. ഫലത്തിൽ അഴിമതിക്കും കൈക്കൂലിക്കും കൂടുതൽ വഴി വയ്ക്കുകയായിരിക്കും ചെയ്യുന്നത്. ഇതെല്ലാമാണ് ജനങ്ങൾ ഭയക്കുന്നത്.

റിപ്പോർട്ടിലെ പല സ്ഥിതിവിവരക്കണക്കുകളും കാലഹരണപ്പെട്ടതാണ് എന്നതാണ് വസ്തുത. ഉദാഹരണമായി 2001 ലെ സെൻസസ് അനുസരിച്ചുള്ള ജനസംഖ്യാ കണക്കുകളാണ് ഇതിൽ കൊടുത്തിരിക്കുന്നത്. 2011 ലെ സെൻസസ് കണക്കുകൾ സ്വീകരിക്കാത്തത് എന്തേ എന്ന സംശയം ന്യായമാണ്. അപ്പോൾ അതിലും അഴിമതി മണക്കുന്നത് യുക്തംതന്നെ. ചതുരശ്ര കിലോമീറ്ററിൽ നൂറിൽതാഴെ താമസക്കാർ ഉള്ള സ്ഥലങ്ങളെ മാത്രമേ പരിസ്ഥിതി ലോല പ്രദേശങ്ങളായി ഉൾപ്പെടുത്താവൂ എന്ന വ്യവസ്ഥയും ലംഘിച്ചിരിക്കുന്നു. വയനാട്ടിൽ നിന്ന് ഉൾപ്പെടുത്തിയിരിക്കുന്ന 13 വില്ലേജുകളിൽ മൂന്നെണ്ണം ഒഴികെ ബാക്കി എല്ലാ വില്ലേജുകളിലും നൂറിലും വളരെയേറെ താമസക്കാരുണ്ട്. ഈ മൂന്ന് വില്ലേജുകളിലാവട്ടെ ജനസാന്ദ്രത കണക്കാക്കുമ്പോൾ നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി ഒഴിവാക്കിയാൽ സാന്ദ്രത നൂറിൽ കൂടുകയും ചെയ്യും.

എന്തുകൊണ്ടാണ് ഗാഡിഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ ശുപാർശകൾ പ്രദേശവാസികൾക്ക് ഹാനികരമായി തീരുന്നത് എന്ന് നമ്മൾ തിരിച്ചറിയണം. മിശ്രിത വിളകൾ കൃഷി ചെയ്യുന്ന നമ്മുടെ നാട്ടിൽ ഇനിമുതൽ 30 ഡിഗ്രിയിൽ ഏറെ ചെരിവുള്ള സ്ഥലങ്ങളിൽ കപ്പ, ചേന തുടങ്ങിയ തന്നാണ്ട് കൃഷികൾ പാടില്ല എന്ന് പറയുമ്പോൾ ചായയും കാപ്പിയും മാത്രം കഴിച്ച് നമുക്ക് ജീവിക്കാൻ പറ്റുമോ എന്ന കാര്യത്തിന് ഉത്തരം തേടേണ്ടി വരും. ഏക വിളയും വിദേശ വിളകളും

കാലക്രമത്തിൽ ഈ പ്രദേശത്ത് നിന്ന് ഒഴിവാക്കണം എന്ന നിർദ്ദേശം സ്ഥിരം കൃഷിയും ഇല്ലാതാക്കും. അതുപോലെ തന്നെ കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന യാതൊരു കൃഷിയും പാടില്ല എന്ന് റിപ്പോർട്ടുകൾ പറയുന്നു. അങ്ങനെ ഏത് കൃഷിയുണ്ട് എന്ന ചോദ്യം ന്യായമായും ചോദിക്കാം. എല്ലാ കൃഷികളും ഏതെങ്കിലും മൃഗത്തെ ആകർഷിക്കുന്നതാണ് എന്ന് കർഷകർക്കറിയാം.

എന്തുകൊണ്ടാണ് ഇങ്ങനെയുള്ള യാഥാർത്ഥ്യത്തിന് നിരക്കാത്ത ശുപാർശകൾ ഈ റിപ്പോർട്ടുകളിൽ വരാൻ കാരണം എന്ന് നാം പരിശോധിക്കേണ്ടതാണ്. കാരണം ഇതിന്റെ കർത്താക്കൾ ജിവിക്കുന്നത് പട്ടണങ്ങളിലെ ശീതീകരിച്ച മുറികളിലും അവർ സഞ്ചരിക്കുന്നത് ശീതീകരിച്ച വാഹനങ്ങളിലുമാണ് എന്നതാണ്. എയർ കണ്ടീഷണറുകൾ പുറം തള്ളുന്ന ക്ലോറോ ഫ്ളൂറോ കാർബൺ എന്ന വിഷവായുവാണ് ഓസോൺ പാളികൾ നശിപ്പിക്കുന്നതിലെ പ്രധാന വില്ലൻ. അതിന്റെ ഫലമായി സൂര്യന്റെ അൾട്രാ വയലറ്റ് കിരണങ്ങൾ ഭൂമിയിൽ നേരിട്ട് പതിക്കുകയും ചൂട് വർദ്ധിക്കുകയും പലതരം രോഗങ്ങൾക്കും കാലാവസ്ഥാ മാറ്റത്തിനും കാരണമാകുകയും ചെയ്യുന്നു. മരങ്ങളും കാടുകളും ഇല്ലാതായതാണ് മഴ കുറയാനുള്ള ഏകകാരണമെങ്കിൽ ഈ വർഷം പെയ്ത മഴ എങ്ങനെ വന്നു എന്ന് ബന്ധപ്പെട്ടവർ കണ്ടെത്തേണ്ടതാണ്. മാത്രമല്ല, മനുഷ്യന്റെ ഇടപെടൽ കൂടാതെ തന്നെ പരിസ്ഥിതിയിൽ മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കും എന്നതിന് ചരിത്രം സാക്ഷിയാണ്. മുമ്പുണ്ടായിരുന്ന ദിനോസറുകൾ പോലെയുള്ള ജീവികൾ ഇല്ലാതായതും ഭൂമി പല ഭൂഖണ്ഡങ്ങളായി വേർപിരിഞ്ഞതും എല്ലാം ഇങ്ങനെയുള്ള പ്രതിഭാസങ്ങളാണ്. അവയെ മനുഷ്യന് തടയാനാകുകയില്ല. അത് അവന്റെ കുറ്റവുമല്ല.

പട്ടണവാസികളും പരിസ്ഥിതിവാദികളും അവരുടെ ചുറ്റുമുള്ള മാലിന്യ കൂമ്പാരങ്ങൾ കാണുന്നില്ല. അത് ഏതെങ്കിലും തരത്തിൽ പരിസ്ഥിതിയെ നശിപ്പിക്കുന്നതുമായി അവർ കാണുന്നുമില്ല. അതുപോലെ തന്നെ മലനിരകളിൽ നിന്ന് നല്ല ശുദ്ധജലമായി താഴ്‌വാരങ്ങളിലേയ്ക്ക് ഒഴുകുന്ന നദികൾ പട്ടണങ്ങളിൽ എത്തുമ്പോൾ അവ മലിനമാക്കുന്നു. അത് ചെയ്യുന്നത് പട്ടണവാസികളും അവിടെയുള്ള വ്യവസായ സ്ഥാപനങ്ങളും പട്ടണങ്ങളിലൂടെ തലങ്ങും വിലങ്ങും പായുന്ന ആയിരക്കണക്കിന് വാഹനങ്ങളുമാണ്.

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പരിശോധിച്ചാൽ മനസ്സിലാകുന്ന ഒരു കാര്യം വികസിതരാജ്യങ്ങൾ പറയുന്ന അതേ കാര്യം

തന്നെയാണ് അവരും പറയുന്നത് എന്നാണ്. തങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ നിലനിർത്താൻ വേണ്ടി അവികസിത രാജ്യങ്ങൾ സഹിക്കണം എന്നതാണത്. അവർ വികസിക്കരുത്; കാരണം അപ്പോൾ തങ്ങൾക്ക് ലഭിക്കുന്നവയിൽ കുറവ് വരും. ഏതാണ്ട് അതേ രീതിയിലുള്ള ഒരു വാദമാണ് ഈ റിപ്പോർട്ടുകളിലൂടെ പുറത്ത് വരുന്നതും. പട്ടണവാസികൾ അവർക്ക് ഇപ്പോൾ ഉള്ള സുഖസൗകര്യങ്ങളിൽ കുറവ് വരുത്താൻ ആഗ്രഹിക്കുന്നില്ല. അതിനാൽ ഗ്രാമവാസികൾ സഹിക്കണം. ഗ്രാമവാസികൾക്ക് ഇനി സ്കൂൾ, കോളേജ്, ആശുപത്രി, റോഡ്, റെയിൽവേ, കച്ചവടസ്ഥാപനങ്ങൾ, ജോലിസാദ്ധ്യതകൾ എന്നിവ ഉണ്ടാകരുത്. തന്നാണ്ട് വിളകളായ അവരുടെ ഭക്ഷണവസ്തുക്കൾ അവർ കൃഷി ചെയ്യാനും പാടില്ല. ദീർഘകാല ഭക്ഷണവസ്തുക്കൾ പോലും മൃഗങ്ങളെ ആകർഷിക്കുന്നതാണെങ്കിൽ കൃഷി ചെയ്യാൻ പാടില്ല.


ഇങ്ങനെയുള്ള ശുപാർശകൾ റിപ്പോർട്ടുകളിൽ ഉണ്ടോ എന്ന് തീവ്രപരിസ്ഥിതി വാദികൾ ചോദിച്ചെന്ന് വരാം. പലതും റിപ്പോർട്ടിൽ തന്നെയുണ്ട്. മറ്റ് പലതും അവ റഫർ ചെയ്യുന്ന പല മുൻകാല നിയമങ്ങളിലും ഉണ്ട് എന്നതാണ് സത്യം. ഇനി ഇല്ലാത്തത് ഉണ്ടാക്കാൻ എല്ലാ സാദ്ധ്യതകളും ഈ റിപ്പോർട്ടുകൾ കൊടുക്കുന്നുമുണ്ട്. അതാണ് വാസ്തവം. അങ്ങനെ വരുമ്പോൾ ഒരു നാൾ നിവൃത്തിയില്ലാതെ നമ്മൾ നമ്മുടെ നാടിനോട് താനേ വിട പറയും. അതാണ് ഈ റിപ്പോർട്ടുകളുടെ പിന്നിലുള്ള ശക്തികൾ ആഗ്രഹിക്കുന്നതും.

നമ്മുടെ ആവശ്യം അതുകൊണ്ട് എന്താണ്? ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ കേരളത്തെ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ മുഴുവനായും തള്ളിക്കളയുക; മറ്റൊരു കമ്മിറ്റിയെ വച്ച് വസ്തുനിഷ്ഠമായും നിയമാനുസൃതമായും അതാത് പ്രദേശങ്ങളെ ജനങ്ങളെ വിശ്വാസത്തിലെടുത്തും അവരിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിച്ചും കേരളത്തിന്റെ പ്രത്യേക ആവാസവ്യവസ്ഥകൾക്ക് അനുസരിച്ചും ഒരു പരിസ്ഥിതി നയം രൂപീകരിക്കുക. ഇപ്രകാരം ഒരു പരിസ്ഥിതി നയം ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യാത്ത രീതിയിൽ നിയമമായി നടപ്പാക്കുക. അങ്ങനെ നടപ്പാക്കുമ്പോൾ നഷ്ടങ്ങൾ വരുന്നവർക്ക് മതിയാ നഷ്ടപരിഹാരം നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്ത ശേഷം മാത്രം ആ നിയമം നടപ്പാക്കുക. നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നതിന് തടസ്സം നിൽക്കുന്നവർക്ക് കഠിന ശിക്ഷയും ഉറപ്പാക്കണം.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഒട്ടും നമ്മൾ കുറച്ച് കാണേണ്ടതില്ല. എന്നാൽ ആ സംരക്ഷണത്തിന്റെ കേന്ദ്രബിന്ദു മനുഷ്യനാകുകയും അതിന്റെ ലക്ഷ്യം മനുഷ്യന്റെ നന്മയാകുകയും വേണം എന്ന് മാത്രമാണ് നമ്മൾ ആവശ്യപ്പെടുന്നത്.

ദൈവം നമ്മുടെ നാടിനേയും നമ്മളേയും കാത്ത് സംരക്ഷിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2013 നവംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സൗകര്യംപോലെ ഡിസംബർ മാസത്തിലെ ഏതെങ്കിലും ഒന്നോ രണ്ടോ ഞായറാഴ്ചകളിലായി ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി.കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം

**Pastoral Letter No. 02/2013**
**Prot. No. 14302/2013**

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ ആചരിക്കാനായി നാം നമ്മെത്തന്നെ ഒരുക്കുന്ന കാലഘട്ടമാണല്ലോ ഇരുപത്തഞ്ചു നോമ്പ്. ആ കാലഘട്ടത്തിലാണ് നാമിപ്പോൾ. ആരാധനക്രമവർഷത്തിൽ ഇത് ആഗമനകാലം എന്ന് അറിയപ്പെടുന്നു. കാരണം ദൈവം വാഗ്ദാനം ചെയ്ത രക്ഷകന്റെ ആഗമനത്തെ കാത്തിരുന്നതിന്റെ ഓർമ്മയാണ് ഇവിടെ ആചരിക്കപ്പെടുന്നത്. ഈ കാലഘട്ടത്തിൽ തന്നെ നമ്മൾ 2013 നോട് വിട പറഞ്ഞ് 2014 നെ വരവേൽക്കാൻ ഒരുങ്ങുകയും ചെയ്യുന്നു.

ഏശയ്യ പ്രവാചകനിലൂടെ കർത്താവായ ദൈവം ഇപ്രകാരം അരുളിചെയ്യുന്നു: *അതിനാൽ കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവേൽ എന്ന് വിളിക്കപ്പെടും* (ഏശയ്യ 7:14). ഇത് വരാനിരിക്കുന്ന രക്ഷകനെത്തന്നെയാണ് സൂചിപ്പിക്കുന്നത് എന്ന് പരിശുദ്ധ സുവിശേഷം നമ്മോട് പറയുന്നു: ദൈവത്തിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് പരിശുദ്ധ മറിയത്തിന്റെ ഭർത്താവായ ജോസഫിനോട് പറയുന്ന ഭാഗമാണത്: *ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും മോചിപ്പിയ്ക്കും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിയ്ക്കും. ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ*

*എന്ന് അവൻ വിളിയ്ക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്* (മത്തായി 1:20-23). യേശുവെന്ന പേരിന്റെ അർത്ഥം ദൈവം രക്ഷിക്കുന്നു എന്നാണ്. അതുകൊണ്ടാണ് ആ പേര് തന്നെ കുട്ടിയ്ക്ക് ഇടണം എന്ന് ദൂതൻ നിർദ്ദേശിക്കുന്നത്. കാരണം രക്ഷിയ്ക്കുന്ന ദൈവമാണവൻ.

എന്തിൽ നിന്നാണ് രക്ഷിയ്ക്കുക എന്നും പറയുന്നുണ്ട്. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് അവൻ മോചിപ്പിയ്ക്കും. രക്ഷകൻ വരുന്നത് മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിയ്ക്കാനാണ് എന്നത് നമ്മൾ പ്രത്യേകം ഓർത്തിരിയ്ക്കേണ്ടതാണ്. പാപത്തിൽ നിന്ന് രക്ഷിയ്ക്കാൻ എന്ന് പറയുമ്പോൾ അത് യാന്ത്രികമായി സംഭവിയ്ക്കുന്ന എന്തോ ഒന്ന് നമ്മൾ കരുതേണ്ടതില്ല. പാപമോചനത്തിനുള്ള മാർഗ്ഗങ്ങളാണ് രക്ഷകൻ കാണിച്ച് തരുന്നത്. നമ്മുടെ സ്വാതന്ത്ര്യം ഉപയോഗിച്ച് നാം ആ മാർഗ്ഗങ്ങൾ പിൻചെല്ലുമ്പോഴാണ് രക്ഷ നമുക്ക് കൈവരുന്നത്. ധൂർത്ത പുത്രനെപ്പോലെ നമ്മൾ സുബോധം വീണ്ടെടുത്ത് തിരികെ പിതാവിന്റെ സന്നിധിയിലേയ്ക്ക് നടക്കണം.

താൻ ഭൂമിയിൽ ജീവിച്ചിരുന്നിടത്തോളം കാലം അവിടുന്ന് ആ രക്ഷയ്ക്കുള്ള മാർഗ്ഗം തന്നെ ചുറ്റും കൂടിയവരോട് പറഞ്ഞുകൊടുത്തു. അവസാനം തന്റെ മാതൃകയിലൂടെ കാണിച്ച് കൊടുക്കുകയും ചെയ്തു. ഈ ഭൂമിയിലെ തന്റെ ജീവിതത്തിന് ശേഷം ഇവിടെ ജീവിക്കുന്നവർക്കും ആ രക്ഷ കിട്ടാനായി അവിടുത്തെ ദൗത്യം തന്റെ ശിഷ്യരെ ഏൽപ്പിച്ചു. അവരുടെ സമൂഹമാണ് സഭ. പാപമോചനത്തിനായുള്ള എല്ലാ മാർഗ്ഗവും ഈ സഭയിലുണ്ട്. അവയെ സ്വീകരിക്കുന്നവർക്ക് പാപമോചനം ലഭിയ്ക്കുകയും ചെയ്യുന്നു. ഈ സഭയിലാണ് ഇന്ന് നമ്മൾ രക്ഷകനെ കണ്ടെത്തുന്നത്. വി. പൗലോസിന്റെ ഭാഷയിൽ സഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്. ക്രിസ്തു അതിന്റെ ശിരസ്സും നമ്മളെല്ലാം അവയവങ്ങളുമാണ്. അപ്പോൾ അവയവങ്ങൾക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കാനും ഫലം പുറപ്പെടുവിയ്ക്കാനും സാധിക്കണമെങ്കിൽ അവ ശരീരത്തോട് അതായത് ശിരസ്സിനോടും മറ്റ് അവയവങ്ങളോടും, ചേർന്നിരിക്കുകയും ശിരസിന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിയ്ക്കുകയും ചെയ്യണം. തന്നെത്തന്നെ മുന്തിരിവള്ളിയുടെ തായ്തണ്ടും നമ്മളെ അതിന്റെ ശാഖകളുമായി അവതരിപ്പിക്കുന്ന കർത്താവും ഇതേ ആശയം തന്നെയാണ് പറഞ്ഞു വയ്ക്കുന്നത്.

സ്വർഗ്ഗസൗഭാഗ്യം അഥവാ ദൈവവുമൊത്തുള്ള ജീവിതത്തിൽ

ലഭ്യമാകുന്ന അനന്തസന്തോഷവും സംതൃപ്തിയും ലഭിക്കാൻ അഥവാ നിത്യജീവൻ ലഭിക്കാൻ ഇവയല്ലാതെ വേറെ മാർഗ്ഗങ്ങളില്ല എന്ന വസ്തുതയും പ്രത്യേകം സ്മർത്തവ്യമാണ്. ആ മാർഗ്ഗങ്ങൾ നമ്മൾ സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിയ്ക്കാനുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് നൽകിയിരിയ്ക്കുന്നു. അവിടുന്ന് പറയുന്നു: *നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിയ്ക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിയ്ക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിയ്ക്കും* (യോഹ. 6:53-54). ഈ ശരീരവും രക്തവും സ്വീകരിക്കണമോ എന്ന് നാം തന്നെ തീരുമാനിയ്ക്കണം.

ഈ ലോകത്തിന്റെ മായികവലയത്തിൽപെട്ട് ചിലപ്പോൾ നാം ദൈവം തരുന്ന മാർഗ്ഗങ്ങൾ നിരസിച്ചെന്ന് വരാം. പക്ഷേ ദൈവം നമ്മെ കയ്യൊഴിയുന്നില്ല. ധൂർത്ത പുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ അവിടുന്ന് നമ്മുടെ തിരിച്ച് വരവും പ്രതീക്ഷിച്ച് കാത്തിരിയ്ക്കുന്നുണ്ടാകും. ധൂർത്തപുത്രന് തിരിച്ച് വരവിനുള്ള സുബോധം കൊടുത്തത് പന്നികളോടൊത്തുള്ള അവന്റെ ജീവിതമാണ്. ഒരു യഹൂദനെ സംബന്ധിച്ച് പന്നികളെ മേയിയ്ക്കുന്നത് ഏറ്റവും നികൃഷ്ടമായ ഒരു ജോലിയാണ്. അയാൾക്ക് ജീവിതത്തിൽ സംഭവിയ്ക്കാവുന്ന ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നാണത്. ഏത് ദുരന്തങ്ങൾക്കും നമ്മോട് ചിലത് പറയുവാനുണ്ടാകും. അതിലൂടെ നമ്മെ സുബോധത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരിക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം. ഈ സത്യം നമ്മൾ മനസിലാക്കി പ്രവർത്തിയ്ക്കുമ്പോൾ നമ്മൾ അനുഗ്രഹീതരാകുന്നു. നമ്മുടെ ഈ നോമ്പുകാലത്തിന്റെ ചൈതന്യം മറ്റൊന്നല്ല. ഈ കാലഘട്ടത്തിൽ നാമനുഷ്ഠിക്കുന്ന ത്യാഗപ്രവർത്തികൾ അപ്രകാരമൊരു സുബോധത്തിലേയ്ക്ക് നമ്മളെ കൊണ്ടെത്തിയ്ക്കണം. എന്നിട്ട് കർത്താവിങ്കലേയ്ക്ക് തിരികെ ചെല്ലണം. അപ്പോൾ യേശു നമ്മുടെ ഹൃദയത്തിൽ ഭൂജാതനാകും. അങ്ങനെയാണ് യേശുവിനെ സ്വീകരിയ്ക്കാൻ നമ്മൾ ഒരുങ്ങുന്നത്.

നോമ്പുകാലത്തിന്റെ അവസാനം വരുന്ന ക്രിസ്തുമസ് സന്തോഷത്തിന്റെ ആഘോഷമാണ്. അവിടുത്തെ ജനനം അറിയിച്ചുകൊണ്ട് ദൈവദൂതൻ ആട്ടിയന്മാരോട് പറയുന്നു: *ഭയപ്പെടേണ്ട. ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിയ്ക്കുന്നു* (ലൂക്ക 2:10). അത് സന്തോഷത്തിന്റെ

വാർത്ത മാത്രമല്ല, പ്രത്യുത സകല ജനങ്ങൾക്കും വേണ്ടിയുള്ള വാർത്തയാണത്. നമ്മളുൾപ്പെടെ എല്ലാ കാലഘട്ടത്തിലുമുള്ള ജനതകൾ അതിൽപ്പെടുന്നുണ്ട്.

വലിയ സന്തോഷത്തിന്റെ വാർത്തയാണ് യേശുവിന്റെ ജനനം. കൊച്ചു കൊച്ചു സന്തോഷങ്ങൾ തരുന്ന എത്രയോ കാര്യങ്ങൾ ഈ ലോകത്തിൽ നമുക്ക് ലഭ്യമാണ്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഈ സന്തോഷം. ഇത് വലിയ സന്തോഷമാണ്. നമ്മുടെ പാപങ്ങളിൽ നിന്ന് നമുക്ക് മോചനം നൽകി നമ്മെ വീണ്ടും ദൈവപുത്രരാക്കി എന്നതിലും വലിയ എന്തു സന്തോഷമാണ് നമുക്കുണ്ടാകാനുള്ളത്? കേവലം ദാസനായിരുന്നാൽ മതി എന്ന ചിന്തയിൽ തിരികെ വരുന്ന ധൂർത്തപുത്രന് പുത്രസ്ഥാനം തിരികെ കിട്ടിയപ്പോൾ ഉണ്ടായ സന്തോഷം എത്ര വലുതായിരുന്നിരിയ്ക്കണം! ഈ സന്തോഷമാണ് നമ്മൾ ക്രിസ്തുമസ് കാലത്ത് പലതരം ആചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും പ്രകടിപ്പിയ്ക്കാൻ ശ്രമിക്കുന്നത്. ഇഷ്ടപ്പെട്ട ഒരു സിനിമയോ സർക്കസോ ഒക്കെ കാണുന്ന ഒരു വ്യക്തി തന്റെ കൂട്ടുകാരോടെല്ലാം അവയെപ്പറ്റി സംസാരിയ്ക്കും എന്നത് തീർച്ചയാണ്. അതു തന്നെയാണ് നമ്മൾ ഇവിടെ ചെയ്യുന്നത്. എനിയ്ക്ക് കിട്ടിയ സന്തോഷവും അത് നേടാനുള്ള മാർഗ്ഗവും ഞാൻ മറ്റുള്ളവർക്കും മനസിലാക്കി കൊടുക്കുന്നു.


ആശംസാക്കാർഡുകളും കേക്കും സമ്മാനങ്ങളും മറ്റും കൈമാറുമ്പോഴും കരോൾ നടത്തുമ്പോഴും ഈ വസ്തുത നമ്മൾ നിരന്തരം അനുസ്മരിയ്ക്കണം. എന്റെ പാപത്തിൽ നിന്ന് എന്നെ മോചിപ്പിച്ചവനേയും അതിനുള്ള മാർഗ്ഗം പറഞ്ഞു തന്നവനെയും ഞാൻ കണ്ടെത്തിയിരിയ്ക്കുന്നു. നിങ്ങൾക്കും ആ സന്തോഷം ഉണ്ടാകണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. അതേ അവൻ യഥാർത്ഥത്തിൽ യേശു – രക്ഷിയ്ക്കുന്ന ദൈവം – ആണ്. ഇതായിരിയ്ക്കണം നമ്മൾ കൈമാറുന്ന സന്ദേശം. യേശുവുമായി കിണറ്റിൻകരയിൽ വച്ച് സംസാരിച്ച സമരിയാക്കാരി സ്ത്രീ തന്റെ ഗ്രാമവാസികളോട് പറഞ്ഞ കാര്യം നമുക്കോർമ്മിയ്ക്കാം: ആ സ്ത്രീയാകട്ടെ കുടം അവിടെ വെച്ചിട്ട് പട്ടണത്തിലേയ്ക്ക് പോയി, ആളുകളോട് പറഞ്ഞു: *ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോട് പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്ന് കാണുവിൻ. ഇവൻ തന്നെയായിരിയ്ക്കുമോ ക്രിസ്തു?* (യോഹ 4:2829). ഗ്രാമവാസികൾ സ്ത്രീയോട് പറഞ്ഞ കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്: *ഇനി മേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല. കാരണം ഞങ്ങൾ തന്നെ നേരിട്ട് ശ്രവിയ്ക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകര*

*ക്ഷകൻ എന്ന് മനസിലാക്കുകയും ചെയ്തിരിയ്ക്കുന്നു* (യോഹ 4:42). നമ്മുടെ ആശംസാപ്രകടനങ്ങൾ മറ്റുള്ളവരെ യേശുവിലേയ്ക്ക് നയിക്കാനുതകുന്നവയാകണം. അതായത് അവ രക്ഷാകരമാകണം.

എന്നാൽ ഇന്നത്തെ കച്ചവട ലോകത്തിൽ യേശു പലതിൽ നിന്നും അപ്രത്യക്ഷമായിരിയ്ക്കുന്നു എന്നത് വേദനാജനകമായ ഒരു സത്യമാണ്. സിനിമാതാരങ്ങളുടെയും മറ്റും പേരിലിറങ്ങുന്ന ആശംസാക്കാർഡുകളും അതുപോലെയുള്ള നക്ഷത്രവിളക്കുകളും എല്ലാം കേവലം പണം മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് എന്നത് വ്യക്തമാണ്. ഇവിടെയും നമ്മൾ യേശുവിനെ പുനഃപ്രതിഷ്ഠിക്കേണ്ടതുണ്ട്.

നമ്മുടെ കുടുംബജീവിതങ്ങളിലും വൈദിക-സമർപ്പിതജീവിതങ്ങളിലും രാഷ്ട്രീയ പൊതുജീവിതത്തിലും എല്ലാം കർത്താവിന്റെ രക്ഷാകര സന്ദേശം പകർന്ന് കൊടുക്കുന്നവരായി തീരാൻ ഈ നോമ്പുകാലവും ക്രിസ്തുമസും ഉപകരിയ്ക്കട്ടെ. അതിനുള്ള ശക്തി കർത്താവിൽ നിന്ന് നമുക്ക് യാചിയ്ക്കാം. കടന്നു പോകുന്ന വർഷത്തിൽ നമുക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറയാനും വന്നു പോയിട്ടുള്ള പരാജയങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് കൂടുതൽ ഊർജ്ജസ്വലതയോടെ ഭാവിയിൽ പ്രവർത്തിയ്ക്കാനും ഉള്ള തീരുമാനങ്ങൾ എടുക്കാനും പുതുവത്സരത്തിൽ നമുക്ക് സാധിയ്ക്കട്ടെ. പരാജയങ്ങൾ മനുഷ്യസഹജമാണെന്നും അതുലൂടെയെല്ലാം ദൈവം നമ്മെ വഴി നടത്തുന്നു എന്നുമുള്ള വിശ്വാസം നമുക്ക് ഊർജ്ജം പകരും. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2013 ഡിസംബർ മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

Prot. No. 2267/2013

**2013 ആഗസ്റ്റ് 19 മുതൽ 31 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 21-ാമത് സിനഡിന്റെ രണ്ടാം സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത പുറപ്പെടുവിക്കുന്ന സർക്കുലർ.**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരി സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 21-ാം സിനഡിന്റെ രണ്ടാം സെഷൻ 2013 ആഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരെയും സന്തോഷപൂർവ്വം ഞാൻ അറിയിക്കുന്നു. അതു സംബന്ധിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളുമായി ഞാൻ പങ്കുവയ്ക്കുകയാണ്. ആകെ 47 മെത്രാന്മാർ സിനഡിൽ പങ്കെടുക്കുകയുണ്ടായി. കൂടാതെ നമ്മുടെ സഭയിലെ രണ്ട് നിയുക്ത മെത്രാന്മാരും ഭാഗികമായി പങ്കെടുത്തു. നമ്മുടെ സഭയ്ക്കു പുതിയ രണ്ട് മെത്രാന്മാരെ ലഭിച്ചിരിക്കുന്ന കാര്യം സന്തോഷപൂർവ്വം നമുക്ക് അനുസ്മരിക്കാം. ജഗദൽപൂർ മിഷൻ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കൊല്ലമ്പറമ്പിൽ സി.എം.ഐ.യും, എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിലുമാണ് പുതിയ മെത്രാന്മാർ. പുതിയ ഇടയന്മാരെ സഭയ്ക്കു നല്കിയ ദൈവത്തിനു നമുക്കു നന്ദിപറയാം; അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ജഗദൽപൂർ രൂപതയുടെ മെത്രാൻ അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലത്ര സി.എം.ഐ.യും, എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് ചക്യാത്തും വിരമിച്ച സാഹചര്യത്തിലാണ് പുതിയ മെത്രാന്മാർ നിയമിതരായിരിക്കുന്നത്. ഔദ്യോഗികമായ ഇടയശുശ്രൂഷയിൽ നിന്നു വിരമിച്ച അഭിവന്ദ്യ പിതക്കന്മാരെ നമുക്ക് നന്ദിപൂർവ്വം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. നമ്മുടെ സഭയിൽനിന്ന് എറാണാകുളം -അങ്കമാലി അതിരൂപതയിൽപ്പെട്ട രണ്ട് വൈദികർ ലത്തീൻ സഭയിലെ എത്യോപ്യയിലും ദിഫുവിലും മെത്രാന്മാരായി നിയമിക്കപ്പെട്ട കാര്യവും അഭിമാനപൂർവ്വം അറിയിക്കട്ടെ. അവർ അഭിവന്ദ്യ വർഗ്ഗീസ് തോട്ടൻകരയും അഭിവന്ദ്യ പോൾ മറ്റെക്കാട്ടുമാണ്. അവരെയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം.

**തെയദോറിന്റെ കൂദാശക്രമം**

പതിവുപോലെ സിനഡിന്റെ ആദ്യ ദിവസം ഉച്ചവരെയുള്ള സമയത്ത് മെത്രാന്മാർ ഒത്തു ചേർന്ന് പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബ്ബാന അർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിന്റെ പ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചത്. അംഗീകാരത്തിനായി റോമിൽ സമർപ്പിച്ചിരുന്ന സീറോ മലബാർ സഭയിലെ രണ്ടാമത്തെ അനാഫൊറയായ 'തിയദോറിന്റെ കൂദാശ'യുടെ മലയാള ടെക്സ്റ്റിന് അംഗീകാരം ലഭിച്ച കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ അനാഫൊറ നമ്മുടെ സഭയിൽ പ്രാബല്യത്തിൽ ആക്കിയിരിക്കുന്നു എന്ന വിവരവും അറിയിക്കുന്നു. സിനഡിന്റെ ആദ്യ ദിവസമായ ആഗസ്റ്റ് 19-ാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിനഡ് പിതാക്കന്മാർ 'തിയദോറിന്റെ കൂദാശ' ഉപയോഗിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ച് അതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടത്തി. നമ്മുടെ സഭയുടെ പുരാതന പാരമ്പര്യം അനുസരിച്ച് മംഗളവാർത്താക്കാലാരംഭം മുതൽ ഓശാന ഞായറാഴ്ചവരെയുള്ള ആരാധനാവത്സര കാലഘട്ടങ്ങളിലാണ്' തിയദോറിന്റെ കൂദാശ 'ഉപയോഗിച്ചിരുന്നതെങ്കിലും മറ്റവസരങ്ങളിലും ഉപയോഗിക്കാമെന്ന തീരുമാനമാണ് സിനഡ് സ്വീകരിച്ചിരിക്കുന്നത്. റോമിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിരുന്ന പള്ളിക്കൂദാശ, ദപ്പായുടെ കൂദാശ, പള്ളിയുടെ പുനഃപ്രതിഷ്ഠ ഇവയുടെ ടെക്സ്റ്റുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന വിവരവും സന്തോഷപൂർവ്വം അറിയിക്കുന്നു.

അടുത്ത ആരാധനാ വത്സരാരംഭം മുതൽ ഉപയോഗിക്കുന്നതിനു വിശുദ്ധ കുർബ്ബാനയിലെ വേദപുസ്തക വായനകൾ പഴയനിയമം, സുവിശേഷം, ലേഖനങ്ങൾ എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രഘോഷണ ഗ്രന്ഥങ്ങൾ (Lectionaries) തയ്യാറായിക്കൊണ്ടിരിക്കുന്നു. പ്രവേശക കൂദാശകൾ ഒന്നിച്ചു സ്വീകരിക്കുന്ന സഭയിലെ പുരാതനരീതി പുനഃസ്ഥാപിച്ച സാഹചര്യത്തിൽ, ശിശുപ്രായത്തിൽ ഈ കൂദാശ സ്വീകരിച്ച കുട്ടികൾക്ക് തിരിച്ചറിവിന്റെ പ്രായമാകുമ്പോൾ അനുരഞ്ജന കൂദാശയ്ക്കു നന്നായി ഒരുക്കിയും വിശുദ്ധ കുർബ്ബാനയെക്കുറിച്ച് പഠിപ്പിച്ചും ആഘോഷമായി അനുരഞ്ജന കൂദാശയും വിശുദ്ധ കുർബ്ബാന സ്വീകരണവും നടത്തേണ്ടതാണെന്ന് സിനഡ് നിർദ്ദേശിക്കുന്നു.

**കല്യാൺ രൂപതയുടെ രജതജൂബിലി**

നമുക്കെല്ലാവർക്കും വളരെ സന്തോഷവും പ്രചോദനവും നല്കുന്ന കാര്യമാണ്, നമ്മുടെ സഭയിൽ നിന്നുള്ള പ്രവാസിമക്കൾക്കുവേണ്ടി സ്ഥാപിതമായ കല്യാൺ രൂപത 25 വർഷം പൂർത്തിയാക്കിയിരിക്കുന്നു എന്നത്. ബോംബെ, പൂന, നാസിക്ക് പ്രദേശങ്ങളിൽ ചിതറിപാർത്തിരുന്ന സീറോ മലബാർ സഭാമക്കളെ സഭാത്മകമായി ഒരുമിച്ച് ചേർക്കുവാനും വളർത്തുവാനും കല്യാൺ രൂപതയുടെ പ്രവർത്തനങ്ങൾക്കു സാധിച്ചു. കല്യാൺ രൂപതയുടെ വളർച്ചക്കുവേണ്ടി നേതൃത്വം നല്കി പ്രയത്നിച്ച പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെയും ഇപ്പോഴത്തെ മെത്രാൻ മാർ തോമസ് ഇലവനാൽ പിതാവിന്റെയും വിലപ്പെട്ട

സേവനങ്ങളെ ഈ അവസരത്തിൽ നമുക്ക് കൃതജ്ഞതയോടെ സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെയും പൗരോഹിത്യ സുവർണ്ണ ജൂബിലിയും മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കകയും 75 വയസ്സ് പൂർത്തിയാക്കുകയും ചെയ്യുന്ന തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാവിനെയും സിനഡ് ആദരിക്കുക യുണ്ടായി. ഇരുവർക്കും നമുക്ക് പ്രാർത്ഥനാശംസകൾ നേരാം.

**പ്രവാസി മക്കളുടെ അജപാലനം**

സീറോ മലബാർ രൂപതക്കുപുറത്ത് ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുമായി വസിക്കുന്ന സീറോ മലബാർ വിശ്വാസികളായ ലക്ഷക്കണക്കിനു പ്രവാസി മക്കൾക്കു ലഭിക്കേണ്ട അജപാലന ശുശ്രൂഷയുടെകാര്യം സിനഡിന്റെ ശ്രദ്ധയിൽ എന്നുമുള്ളതാണ്. ഇക്കഴിഞ്ഞ സിനഡിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. സാധ്യമായസ്ഥല ങ്ങളിലൊക്കെ നമ്മുടെ വൈദികർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. പലയിടത്തും പരിമിതമായ രീതിയിൽ മാത്രമെ നമുക്ക് പ്രവർത്തിക്കാൻ ഇപ്പോൾ സാധിക്കുന്നുള്ളൂ. ചില സ്ഥലങ്ങളിൽ ഒന്നും തന്നെ ചെയ്യാൻ ഇപ്പോഴത്തെ സാഹചര്യങ്ങൾ അനുവദിക്കുന്നില്ല. നമ്മുടെ സഭാമക്കൾ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ഉചിതമായ അജപാലന ശുശ്രൂഷ അവർക്കു ലഭ്യമാക്കുന്നതിനു ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്.

ലോകമെങ്ങുമുള്ള സഭാമക്കളെ ഒരു കുടക്കീഴിൽ അണി നിരത്താനുള്ള അത്മായ കമ്മീഷന്റെ പ്രവർത്തനങ്ങൾ വളരെ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ടെന്നുള്ളത് സന്തോഷപൂർവ്വം ഓർമ്മിക്കുന്നു. നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഇക്കാര്യത്തിലു ണ്ടാവണം. പ്രതികൂല സാഹചര്യങ്ങളിലും മാതൃസഭയോടും അവളുടെ വിശ്വാസ പാരമ്പര്യങ്ങളോടുമുള്ള സ്നേഹവും വിശ്വസ്തതയും കൈവെടിയാതിരിക്കാൻ പ്രവാസിമക്കൾ ശ്രദ്ധിക്കണം. ക്രമേണ ബുദ്ധിമുട്ടുകളൊക്കെ പരിഹരിക്കാൻ സാധിക്കുമെന്നുള്ള പ്രത്യാശയിൽ ഐക്യത്തോടെ വർത്തിക്കുവാൻ എല്ലാവരും പരിശ്രമിക്കണം. പ്രവാസി മക്കളോട് മാതൃ ഇടവകകൾ നല്ല ബന്ധം പുലർത്താനും അവരുടെ ന്യായമായ ആവശ്യങ്ങൾ വാത്സല്യത്തോടെ ചെയ്തു കൊടുക്കാനും ഇടവക വികാരിമാർ ശ്രദ്ധിക്കണം വിവാഹം പോലുള്ള അവസരങ്ങളിൽ ആവശ്യമുള്ള രേഖകൾ ഹാജരാക്കാൻ പ്രവാസിമക്കളും ശ്രദ്ധിക്കണം. നമ്മുടെ രൂപതകളും ഇടവകകളും ഉള്ള ഇടങ്ങളിൽ നമ്മുടെ വികാരിമാരുടെ രേഖയാണ് കൊണ്ടുവരേണ്ടത്.

**സഭയുടെ പ്രേഷിതചൈതന്യം ഉണർത്തണം**

കഴിഞ്ഞ വർഷം പ്രേഷിതവർഷമായി നമ്മൾ ആചരിക്കുക യുണ്ടായി. നമ്മിലെ പ്രേഷിത ചൈതന്യം ഉണർത്താൻ അതു സഹായിച്ചിട്ടുണ്ട്. വളരെയേറെ പ്രേഷിതബോധവല്ക്കരണം വ്യാപകമായി നടത്താൻ നമ്മുക്ക്

കഴിഞ്ഞു. നമ്മുടെ സഭയിൽ അവശ്യം നിലനിർത്തേണ്ട പ്രേഷിത ചൈതന്യം മന്ദീഭവിക്കാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം. വൈദികാർത്ഥികളിൽ ശരിയായ പ്രേഷിതാഭിമുഖ്യം വളർത്താൻ അവരുടെ പരിശീലന കാലഘട്ടത്തിൽ തന്നെ ശ്രദ്ധിക്കണം. നമ്മുടെ സഭക്കു കൂടുതൽ പ്രേഷിത മേഖലകൾ തുറന്നു കിട്ടുന്നതനുസരിച്ചും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പരിഗണിച്ചും സഭയിലാകമാനം പ്രേഷിത ചൈതന്യം വളർത്താൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും വേണം. വിസ്തൃതിയിൽ ഇന്ത്യയുടെ ഏകദേശം അഞ്ചിലൊന്ന് ഭാഗം വരുന്ന പുതിയ ഫരീദാബാദ് രൂപതയിൽ വളരെയേറെ പ്രേഷിതപ്രവർത്തന സാദ്ധ്യതകൾ ഉണ്ടെന്നുള്ള കാര്യം പ്രത്യേകം അനുസ്മരിപ്പിക്കുന്നു. നമ്മുടെ സഭയിൽ നിന്നുള്ള ധാരാളം വൈദികരും സമർപ്പതരും ലോകമെങ്ങും ലത്തീൻ സഭയിൽ അജപാലന ശുശ്രൂഷയിലും പ്രേഷിതവേലയിലും ഏർപ്പെട്ടിരിക്കുന്നു എന്നത് സഭയുടെ പ്രേഷിത രംഗത്ത് സീറോ മലബാർ സഭയുടെ വലിയ സംഭാവനയാണ്.

**മിഷൻ ഫണ്ട്**

സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയും മിഷൻ രൂപതകളെയും സാമ്പത്തികമായി സഹായിക്കുക, സീറോ മലബാർ സഭാമക്കളുടെ മുഴുവൻ പൊതുവായ പങ്കാളിത്തവും പങ്കുവയ്ക്കലും വളർത്തുക. പ്രേഷിതാഭിമുഖ്യം എല്ലാവരിലും ഉളവാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ASSM (Association of Supporters of SM Mission) എന്ന പേരിൽ ഒരു മിഷൻ ഫണ്ട് ശേഖരണ പദ്ധതിക്ക് സിനഡ് രൂപം കൊടുത്തിരിക്കുന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിന്റെ പ്രവർത്തനങ്ങളും പ്രോത്സാഹനാജനകമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിനോടകം സമാഹരിച്ച ഫണ്ടുകൊണ്ട് നമ്മുടെ മിഷൻ രൂപതകളെ കുറെയൊക്കെ സഹായിക്കാൻ സാധിച്ചു. ഈ നല്ല സംരംഭത്തിന്റെ വിജയത്തിന് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന ASSM NewsLetters ഇടവകകളിൽ എത്തിച്ചിട്ടുള്ളതാണ്. അവ ഓരോ കുടുംബത്തിനും ലഭിക്കുവാനുള്ള ക്രമീകരണം ബഹുമാനപ്പെട്ട അച്ചന്മാർ ചെയ്യേണ്ടതാണ്. മിഷൻ ഞായർ, സീറോമലബാർ മിഷൻ ഞായർ, സഭാദിനം എന്നീ ദിനാചരണങ്ങളുടെ പ്രാധാന്യവും ലക്ഷ്യവും മനസ്സിലാക്കി അത് വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം.

സമർപ്പിത സഹോദരന്മാരുടെ ദൈവവിളി (Religious Brotherhood) യും സഭയിൽ പ്രധാനപ്പെട്ടതാണ്. ദൈവവിളികളുടെ അഭാവംമൂലവും വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ടും സമർപ്പിത സഹോദരന്മാരുടെ സമൂഹം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. അതിനാൽ സഹോദരന്മാരുടെ സമർപ്പിത ദൈവവിളിയെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിലും ദൈവാരാധനയിലും (Liturgy) സമർപ്പിത സഹോദരന്മാർക്കു എപ്രകാരം പങ്കാളികളാകാം എന്നതിനെക്കുറിച്ച് സിനഡ് ചിന്തിക്കുന്നുണ്ട്.

**സെമിനാരിക്കാരുടെ പരിശീലനം**

വൈദികാർത്ഥികളുടെ പരിശീലനം സഭയ്ക്ക് ഏറ്റവും പ്രാധാന്യമുള്ള കാര്യമാണ്. വിവിധ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ വൈദികാർത്ഥികൾക്ക് ഏറ്റവും നല്ല പരിശീലനം നല്കാനും ഉത്തമരായ വൈദികരെ രൂപപ്പെടുത്താനും സിനഡ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വിവിധ സെമിനാരികളിലെ പരിശീലന പദ്ധതി സിനഡ് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. പരിശീലനത്തിനാവശ്യമായ പണം നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇതര ധനസഹായങ്ങൾ ഇപ്പോൾ മിക്കവാറും ഇല്ലാതായിരിക്കുന്നതുകൊണ്ട് ഓരോ രൂപതയിലെയും വൈദികാർത്ഥികളുടെ പരിശീലനച്ചെലവ് അതാതു രൂപതകൾ തന്നെ വഹിക്കേണ്ടിയിരിക്കുന്നു. ദൈവജനശുശ്രൂഷക്കായി വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിനാവശ്യമായ പണം ദൈവജനത്തിന്റെ തന്നെ സഹകരണത്തിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ കഴിവുള്ളവരൊക്കെ സന്മനസ്സോടെ സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

**സഭയിലെ സമർപ്പിത സമൂഹങ്ങൾ**

സന്ന്യസ്തരും സമർപ്പിതരുമായ വലിയൊരു സമൂഹം നമ്മുടെ സഭയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന വിലപ്പെട്ട ദാനമാണ് ഈ സമർപ്പിത ദൈവവിളികൾ വിവിധ മേഖലകളിൽ അവർ ചെയ്യുന്ന സേവനങ്ങൾ സഭയ്ക്ക് വലിയ മുതൽക്കൂട്ടാണ്. നമ്മുടെ സഭയിൽ സേവനം ചെയ്യുന്ന സമർപ്പിത സമൂഹങ്ങളുടെ ജനറൽ സുപ്പീരിയേഴ്സിനെ പല ഗ്രൂപ്പുകളിലായി ഞാൻ കാണുകയുണ്ടായി.

ഈ കൂടിക്കാഴ്ച്ചകളും ചർച്ചകളും വളരെ പ്രയോജനകരമായിരുന്നു. സമർപ്പിത സമൂഹങ്ങൾ തമ്മിലും, സമർപ്പിതരും സഭാധികാരികളും തമ്മിലും സഭാത്മകമായ നല്ല ബന്ധവും കൂട്ടായ്മയും ആഴപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഞങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. സന്ന്യസ്തരും ഇടവകവൈദികരും തമ്മിൽ ഹൃദ്യമായ ബന്ധം പുലർത്തണം. സമർപ്പിതസമൂഹങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നല്ല ദൈവവിളികളുടെ അഭാവമാണ്. അതു പരിഹരിക്കാൻ എല്ലാവരുടെയും പ്രാർത്ഥനയും പ്രോത്സാഹനവും ആവശ്യമാണ്. അന്യ സംസ്ഥാനങ്ങളിൽ കഴിയുന്ന നമ്മുടെ സഭയിൽനിന്നുള്ള പ്രവാസികൾക്കും കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കും ഉചിതമായ അജപാലനശുശ്രൂഷ നല്കുന്ന കാര്യത്തിൽ സമർപ്പിത സമൂഹങ്ങളുടെ സഹകരണം ഞാനഭ്യർത്ഥിക്കുന്നു.

**ചില സാമൂഹിക പ്രശ്നങ്ങൾ**

സമൂഹം നേരിടുന്ന ഗൗരവമേറിയ ചില പ്രശ്നങ്ങൾ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. വർദ്ധിച്ചുവരുന്ന അക്രമവാസന, മാദ്ധ്യമങ്ങളുടെ അമിത സ്വാധീനം. കുടുംബവും ലൈംഗീക ജീവിതത്തിലെ പാളിച്ചകളും, അഴിമതി തുടങ്ങിയവയാണ് സിനഡ് പരിഗണിച്ചത്. കൂടാതെ വർഗ്ഗീയ വികാരവും

സമൂഹത്തിൽ ശക്തി പ്രാപിക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ മതവിഭാഗങ്ങളുമായുള്ള നല്ല ബന്ധം വളർത്തിയെടുക്കേണ്ടതുണ്ട്. വിവിധ സഭകൾ തമ്മിലും ഐക്യവും പരസ്പര ധാരണയും ഉണ്ടാവണം. ഇടവക-പ്രാദേശിക തലങ്ങളിൽ അതിനു സഹായകരമായ വേദികൾ രൂപപ്പെടുത്തിയെടു ക്കുവാൻ പ്രത്യേകം പരിശ്രമിക്കണം. സഭയുടെ യുവമക്കൾ ഭൂരിപക്ഷവും വിദേശങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യം സ്വദേശത്ത് സഭയെ ബലഹീനയാക്കുന്നുണ്ട്. ജനസംഖ്യ കുറഞ്ഞു വരുന്നതും ഭാവിയിൽ വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കും. സഭയിലും സമൂഹത്തിലും അല്മായരുടെ ക്രിയാത്മകമായ പങ്കും നേതൃത്വവും വളർത്തേണ്ടതുണ്ട്. സഭയോട് വിശ്വസ്തത പുലർത്തുന്ന അല്മായ നേതൃത്വം ഉണ്ടാവണം. അതിനു സഭാനേതൃത്വം അല്മായർക്ക് പ്രോത്സാഹനം നല്കണം.

**ധ്യാനകേന്ദ്രങ്ങളും ധ്യാനപ്രസംഗകരും**

വിവിധ ധ്യാനകേന്ദ്രങ്ങളിലെ ധ്യാനപരിപാടികളും ബൈബിൾ കൺവൻഷനുകളും വിശ്വാസികളുടെ ആത്മീയ ജീവിതത്തിനു ഉണർവും ഉത്തേജനവും നല്കുന്നു എന്നത് നിഷേധിക്കാനാവില്ല. എങ്കിലും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സിനഡ് ചൂണ്ടിക്കാണിക്കുക യുണ്ടായി. ധ്യാനങ്ങളെയും കൺവൻഷനുകളെയും വൻ പരിപാടികളായി അവതരിപ്പിച്ച് പരസ്യങ്ങളിലൂടെ ആൾക്കൂട്ടങ്ങളെ ആകർഷിക്കാനുള്ള അമിതാവേശവും, ഭയപ്പാടും അന്ധവിശ്വാസങ്ങളും വളർത്തുന്ന ചില പ്രവണതകളും വർജ്ജിക്കേണ്ടതാണ്. ഓരോ രൂപതയിലുമുള്ള ധ്യാനകേന്ദ്രങ്ങളുടെമേലും ധ്യാനപ്രസംഗകരുടെ മേലും അതാതു രൂപതാദ്ധ്യക്ഷന്മാർക്ക് നിയന്ത്രണമുണ്ടാകണമെന്നും യോഗ്യരായ വൈദികരുടെ മേൽനോട്ടത്തിൽ മാത്രമേ ധ്യാന ടീമുകളെ അനുവദിക്കാവു എന്നും സിനഡ് നിർദ്ദേശിച്ചു. ദൈവശാസ്ത്ര വ്യാഖ്യാനങ്ങളിലും ആരാധനാനുഷ്ഠാനങ്ങളിലും വ്യതിചലനങ്ങൾ വരാതെ സൂക്ഷിക്കണം. സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണവിശ്വസ്തത പുലർത്താൻ വചനപ്രഘോഷകരും ധ്യാനഗുരുക്കന്മാരും ശ്രദ്ധിക്കണം. ഇടവക കേന്ദ്രീകൃതമായ വിശ്വാസജീവിതത്തെയാണ് നമ്മൾ പരിപോഷിപ്പിക്കേണ്ടത്. ദൈവവചനാനുഭവത്തിനുവേണ്ടിയുള്ള ആളുകളുടെ ദാഹത്തെ തൃപ്തിപ്പെടുത്താനും ശരിയായ ആത്മീയോപദേശങ്ങൾ ലഭിക്കാനും ഇടവകകളിൽ തന്നെ അവസരമുണ്ടാകണം. ഇടവകകളിൽ ശുശ്രൂഷചെയ്യുന്ന വൈദികർ അതിനു സജ്ജരാകണം.

**വനിതാഫോറം**

സിനഡ് സമ്മേളനത്തിനിടയ്ക്ക് ദേശീയ വനിതാഫോറത്തിന്റെ ഒരു സമ്മേളനം മൗണ്ട് സെന്റ് തോമസിൽ വച്ച് നടക്കുകയുണ്ടായി. വിവിധ രൂപതകളിൽ നിന്നും പ്രവാസി സമൂഹങ്ങളിൽ നിന്നുമുള്ള 500 ഓളം വനിതാ പ്രതിനിധികൾ സംബന്ധിച്ച പ്രസ്തുത സമ്മേളനം ഏറെ ശ്രദ്ധേയമായി. സ്ത്രീകളും സമൂഹവും ഇന്നു നേരിടുന്ന വെല്ലുവിളികൾ സമ്മേളനത്തിൽ ചർച്ചാ വിഷയമായി. വനിതാഫോറത്തിന്റെ ഡയറക്ടറി സമ്മേളനത്തിൽവച്ച് പ്രകാശനം ചെയ്തു. വനിതാഫോറത്തിന്റെ പ്രവർത്തനങ്ങൾ വളരെ

നന്നായി നടക്കുന്നതിൽ സിനഡു പിതാക്കന്മാർ സംതൃപ്തി പ്രകടിപ്പിച്ച കാര്യം സന്തോഷപൂർവ്വം അനുസ്മരിക്കുന്നു. വനിതാഫോറത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

**പാലയൂർ തീർത്ഥാടനം**

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി സിനഡ് പിതാക്കന്മാർ തോമ്മാശ്ലീഹാ സ്ഥാപിച്ച സപ്തദൈവാലയങ്ങളിലൊന്നും തീർത്ഥാടന കേന്ദ്രവുമായ പാലയൂരിലേക്കും ഒല്ലൂരിൽ വാഴ്ത്തപ്പെട്ട എവുപ്രാസിയാ മ്മയുടെ കബറിടത്തിങ്കലേക്കും നടത്തിയ തീർത്ഥാടനം നല്ലൊരു അനുഭവമായി. തദ്ദേശവാസികളായ വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും കൂട്ടായ്മയും വിശ്വാസവും പ്രകടമാക്കിയ സംഭവമായിരുന്നു അവരുടെ സാന്നിധ്യവും സജ്ജീകരണങ്ങളും.

**CBCI ജനറൽ ബോഡി**

രണ്ടുവർഷത്തിലൊരിക്കൽ സമ്മേളിക്കുന്ന ഇന്ത്യയിലെ കത്തോ ലിക്കാമെത്രാന്മാരുടെ പൊതുസമ്മേളനം പാലായിൽ വച്ച് അടുത്ത ഫെബ്രുവരി 5 മുതൽ 12 വരെയുള്ള തീയതികളിൽ നടക്കുന്ന വിവരം അറിയിക്കുന്നു. "സമൂഹത്തിന്റെ നവീകരണത്തിനു നവീകരിക്കപ്പെട്ട സഭ" (Renewed Church for a Renewed Society) എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ ചർച്ചാവിഷയം. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

**കമ്മീഷനുകളുടെ പ്രവർത്തന റിപ്പോർട്ട്**

മെത്രാന്മാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മീഷനുകളാണ് സീറോമലബാർ സഭയിലെ വിവിധങ്ങളായ അജപാലനപ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവയെ ഏകോപിപ്പിക്കുന്നത്. കമ്മീഷനുകളുടെ ആഭിമുഖ്യത്തിൽ നടന്ന ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിക്കുകയും അവയെക്കുറിച്ചുള്ള ചർച്ചകളും വിലയിരുത്തലുകളും നടത്തുകയും ചെയ്തു. മതബോധനക്കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച പാഠപ്പുസ്തകങ്ങളാണ് മതബോധന ക്ലാസുകളിൽ നാം ഉപയോഗിക്കുന്നത്. 'മാതാപിതാക്കളും വിശ്വാസപരിശീലനവും' എന്നൊരു പുസ്തകം മാതാപിതാക്കളുടെ ഉപയോഗത്തിനായി അടുത്ത കാലത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. മുതിർന്നവരുടെ വിശ്വാസപരിശീലനവും സിനഡ് ചർച്ച ചെയ്തു.

ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന പ്രവാസികളായ സീറോമലബാർ മക്കൾക്കു നല്കേണ്ട അജപാലന ശുശ്രൂഷയുടെ കാര്യം സിനഡ് ഗൗരവപൂർവ്വം പരിഗണിക്കുകയുണ്ടായി. വിവിധ പ്രവാസികേന്ദ്ര ങ്ങൾ സന്ദർശിച്ച് നേരിട്ട് കാര്യങ്ങൾ മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. പ്രവാസികൾക്കുവേണ്ടിയുള്ള കമ്മീഷന്റെ ചെയർമാനും സെക്രട്ടറിയും പ്രവാസികേന്ദ്രങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തി. പ്രവാസികളുടെ അജപാലനകാര്യത്തിൽ ഇനിയും ഏറെ പരിമിതികൾ നിലനില്ക്കുകയാണ്.

ക്രമേണ അവയ്ക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഗൾഫ് പ്രവാസികളുടെ സമ്മേളനം, ആഗോള പ്രവാസി സംഗമം, പ്രവാസി ഡയറക്ടറിയുടെ പ്രസിദ്ധീകരണം തുടങ്ങിയവ ഈ വർഷം കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ചില പ്രധാന സംഭവങ്ങളാണ്.

ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ സമ്മേളനം, നവവൈദികസംഗമം, മൈനർസെമിനാരി പരിശീലകർക്കുവേണ്ടിയുള്ള പരിശീലനം എന്നിവ വൈദികർക്കുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. രൂപതാ വൈദികരും, സന്യാസവൈദികരും സന്യാസിനികളും അല്മായരും ചേർന്നുള്ള സമ്മേളനങ്ങളും സംഭാഷണങ്ങളും അജപാലന ശുശ്രൂഷയുടെ കാര്യക്ഷമതയ്ക്ക് സഹായകമാകുമെന്ന് കരുതുന്നു. സന്യാസ സമർപ്പിത സമൂഹങ്ങൾ ചെയ്യുന്ന വിലപ്പെട്ട സേവനങ്ങൾ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു. ഹയരാർക്കിയും സന്യസ്തരും സഹകരിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ചും സിനഡ് ചർച്ച ചെയ്തു. ബന്ധപ്പെട്ട കമ്മീഷൻ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നു. സഭയിൽ വിശ്വാസപരവും സൈദ്ധാന്തികവുമായ കാര്യങ്ങൾ എപ്രകാരം കൈകാര്യം ചെയ്യപ്പെടുന്നു എന്നറിയാനും വിലയിരുത്താനുമായി സൈദ്ധാന്തിക കമ്മീഷൻ രൂപതകളിൽ നടത്തിയ സന്ദർശനങ്ങൾ ഏറെ ഫലപ്രദമായിരുന്നു. വിശ്വാസികൾക്കു ശരിയായ ബോധവല്ക്കരണം നല്കാനും ചില വ്യതിചലനങ്ങളും അന്ധവിശ്വാസങ്ങളും അബദ്ധ ചിന്തകളും ഇല്ലാതാക്കുന്നതിനും ആവശ്യമായ നടപടികളും മുൻകരുതലുകളുമെടുക്കുന്നതിനും ഈ സന്ദർശനങ്ങൾ ഉപകരിക്കുകയുണ്ടായി. എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യ ത്തിലുള്ള സഭൈക്യപ്രവർത്തനങ്ങൾ, ലോകമാസകലമുള്ള സീറോമലബാർ വിശ്വാസികളുടെ കൂട്ടായ്മ വളർത്താനുള്ള അല്മായ കമ്മീഷന്റെ വിപുലമായ സംരംഭങ്ങൾ, സീറോമലബാർ മിഷൻ സംബന്ധിച്ച കാര്യങ്ങൾ, ഉന്നതവിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, ദീപിക ദിനപ്പത്രം, ഇന്റർനെറ്റ് മിഷൻ, ലിറ്റർജി ഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, സഭാകോടതിയുടെ പ്രവർത്തനങ്ങൾ, മറ്റ് പൊതുകാര്യങ്ങൾ എന്നിവയാണ് സിനഡ് ചർച്ച ചെയ്ത മറ്റ് വിഷയങ്ങൾ. സിനഡിനോടനുബന്ധിച്ച് AKCC യുടെ ഒരു പ്രതിനിധി സമ്മേളനവും നടന്നു. വിവിധ രൂപതകളിൽ നിന്നുള്ള പ്രവർത്തകരും അഭിവന്ദ്യ പിതാക്കന്മാരും സംബന്ധിച്ച ഈ സമ്മേളനം AKCC യുടെ പ്രവർത്തനങ്ങൾ രൂപതാതലത്തിൽ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തു. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചയോടു കൂടി രണ്ടാഴ്ച ദീർഘിച്ച സിനഡ് സമ്മേളനം സമാപിച്ചു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

## സീറോമലബാർ സഭയുടെ പുതിയ ആരാധനക്രമ ഗ്രന്ഥങ്ങൾ

### വിജ്ഞാപനം

Prot. No. 2185/2013

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിരിക്കുകയാണ്: കുർബാനയുടെ രണ്ടാമത്തെ കൂദാശ ക്രമവും (മാർ തെയദോറിന്റെ പേരിലറിയപ്പെടുന്ന അനാഫൊറ) ആരാധന ക്രമത്തിലെ വിശുദ്ധഗ്രന്ഥവായനകൾക്കുവേണ്ടിയുള്ള പ്രഘോഷണഗ്രന്ഥങ്ങളും. ദീർഘമായ കാത്തിരിപ്പിന്റെയും കഠിന പരിശ്രമത്തിന്റെയും സാക്ഷാത്കാരമായി വെളിച്ചം കാണുന്ന ഈ ഗ്രന്ഥങ്ങൾ സഭയുടെ ആരാധനാജീവിതത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല. 2013 ആഗസ്ററ് 15 ന് പ്രാബല്യത്തിൽവന്ന തെയദോറിന്റെ കൂദാശക്രമവും 2013 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽവരുന്ന പ്രഘോഷണഗ്രന്ഥങ്ങളും സഭാമക്കൾക്കെല്ലാവർക്കും വിശ്വാസം ഫലവത്തായി ആഘോഷിക്കുവാനും വിശ്വാസത്തിൽ വളരുവാനും നിമിത്തമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

**മാർ തെയദോറിന്റെ കൂദാശക്രമം**

ഇപ്പോൾ നമ്മുടെ കുർബാന ക്രമത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമത്തിനു പുറമേ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന രണ്ടു കൂദാശക്രമങ്ങൾ കൂടിയുണ്ട്. ഉദയംപേരൂർ സൂനഹദോസിനുശേഷം ഉപയോഗത്തിലില്ലാതെവന്ന മാർ തെയദോറിന്റെ കൂദാശക്രമം 415 വർഷങ്ങൾക്കുശേഷം വീണ്ടും നമ്മുടെ സഭയിൽ ഉപയോഗിച്ചുതുടങ്ങുന്നുവെന്നത് ചരിത്രപ്രാധാന്യമുള്ള വസ്തുതയാണ്. സീറോമലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾ പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957 ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ആവശ്യപ്പെട്ടിരുന്നു. മാർ തെയദോറിന്റെ കൂദാശയുടെ ഡ്രാഫ്റ്റ് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെയും ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെയും സബ്കമ്മിറ്റികളുടെയും രൂപതകളിലെ ലിറ്റർജിക്കൽ കമ്മീഷനുകളുടെയും തലങ്ങളിൽ സൂക്ഷ്മമായ പഠനങ്ങൾ നടത്തിയാണ് പുനരുദ്ധരിച്ചത്. രണ്ടാമത്തെ കൂദാശക്രമത്തിന്റെ മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ ടെക്സ്റ്റാണ് സീറോമലബാർ സിനഡിന്റെ തീരുമാനമനുസരിച്ച് പരിശുദ്ധ സിംഹാസന

ത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയച്ചത്. 2012 ഡിസംബർ 15-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമം മൂന്നുവർഷക്കാലത്തേക്ക് പരീക്ഷണാർത്ഥം ഉപയോഗിക്കുവാനുള്ള അംഗീകാരം നല്കി.

മാർ തെയദോറിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും ഈ കൂദാശയുടെ രചയിതാവ് തെയദോറല്ല എന്നാണ് ഈ കൂദാശയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പണ്ഡിതന്മാരുടെ അഭിപ്രായം. തെയദോറിന്റെ ദൈവശാസ്ത്രചിന്തകളെ ഒരുകാലത്ത് സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നുവെങ്കിലും കലർപ്പില്ലാത്ത ക്രൈസ്തവ പ്രബോധനമാണ് തെയദോറിന്റെ രചനകളിലുള്ളതെന്ന് ആധുനിക ദൈവശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. തെയദോറിന്റെ ദൈവശാസ്ത്രവീക്ഷണങ്ങളുടെ ആധികാരികതയെക്കുറിച്ച് കത്തോലിക്കാസഭ ഇന്ന് സംശയം പുലർത്തുന്നില്ല. തെയദോറിന്റെ കൂദാശക്രമം വിശ്വാസസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെന്നാണ് കത്തോലിക്കാ സഭയുടെ ആധികാരികമായ നിലപാട്. ഈ കൂദാശക്രമത്തിലെ ദൈവശാസ്ത്രപരമായ ആശയങ്ങൾ സത്യവിശ്വാസത്തോടു ചേർന്നുപോകുന്നതും വിശുദ്ധഗ്രന്ഥവുമായി ഏറ്റവുമടുത്ത് നില്ക്കുന്നതുമാണ്.

ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഈ കൂദാശയുടെ മുഖമുദ്ര വികാസം പ്രാപിച്ച ദൈവശാസ്ത്രവും വ്യവസ്ഥാപിതമായ ആശയഘടനയുമാണ്. പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ അടയാളമായി മാർ തെയദോറിന്റെ കൂദാശയെ നമുക്കു കാണാം. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥപൂർണ്ണവും അനുഭവവേദ്യവുമാക്കുവാൻ സഭയിലെ വ്യത്യസ്ത കൂദാശകൾക്ക് (അനാഫൊറകൾക്ക്) കഴിയുമെന്നതിനാൽ മാർ തെയദോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശക്രമം ഉപയോഗിച്ചുള്ള കുർബാന സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹപ്രദമായിരിക്കും. ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ആഴമേറിയ ദൈവശാസ്ത്ര ബോധ്യങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കൂദാശയുടെ ആഘോഷം സീറോമലബാർ സഭയുടെ ദൈവശാസ്ത്ര വളർച്ചയെയും വിശ്വാസജീവിതത്തെയും ത്വരിതപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മംഗലവാർത്തക്കാലം ഒന്നാം ഞായർമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലങ്ങളിൽ ഉപയോഗിക്കേണ്ടതെന്ന് പാരമ്പര്യം നിഷ്കർഷിച്ചിരുന്ന ഈ കൂദാശക്രമം ആരാധനാവത്സരത്തിലെ ഏതു കാലത്തും സാധിക്കുന്ന സന്ദർഭങ്ങളിലൊക്കെ ഉപയോഗിച്ച് കുർബാനയർപ്പിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാനും അനുഭവിക്കാനും സഭാമക്കളെല്ലാവരോടും സ്നേഹപുരസ്സരം ആഹ്വാനം ചെയ്യുന്നു.

**പ്രഘോഷണഗ്രന്ഥങ്ങൾ**

ക്രൈസ്തവ സഭയിലെ എല്ലാ ആരാധനക്രമങ്ങളും വചനശുശ്രൂഷയ്ക്കായി പ്രത്യേകം ക്രമപ്പെടുത്തിയ വായനപ്പുസ്തകങ്ങൾ

(Lectionaries) അഥവാ പ്രഘോഷണഗ്രന്ഥങ്ങളാണ് ഉപയോഗിക്കുന്നത്. ഓരോ ദിവസത്തെയും വി. ഗ്രന്ഥവായനകൾ ആരാധനാവത്സരത്തിലെ കാലങ്ങൾക്കും നിശ്ചിത തീയതികൾക്കും അനുസൃതമായി ക്രമമായി നല്കുന്ന ഗ്രന്ഥമാണ് പ്രഘോഷണഗ്രന്ഥം. വായനകൾ എളുപ്പത്തിൽ തിരഞ്ഞെടുക്കുവാനും കലണ്ടർ നിർദേശിക്കുന്ന വ്യത്യസ്ത വി. ഗ്രന്ഥഭാഗങ്ങൾ അനായാസം ഒരുമിച്ചു ചേർത്തുവായിക്കാനും പ്രഘോഷണഗ്രന്ഥം വളരെ സഹായകമാണ്.

1986 ൽ നമ്മുടെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം ഉദ്ഘാടനം ചെയ്യപ്പെട്ടതുമുതൽ പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നു. എന്നാൽ ആ ലക്ഷ്യം ഇപ്പോഴാണ് സഫലമാകുന്നത്. 1959-ലും 1960-ലുമായി റോമിൽനിന്ന് നല്കിയ Ordo Celebrationis Quddasae, Supplementum Mysteriorum എന്നീ ഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ള വിശുദ്ധ ഗ്രന്ഥവായനക്രമത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടാണ് ഇപ്പോൾ പ്രസിദ്ധീകൃതമാകുന്ന പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. സീറോമലബാർ സിനഡിന്റെ ആഹ്വാനമനുസരിച്ച് പലവർഷങ്ങളായി സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയും സബ് കമ്മിറ്റികളും സൂക്ഷ്മപഠനം നടത്തി വളരെ അനിവാര്യമായ ചില ഭേദഗതികൾ വായനക്രമത്തിൽ വരുത്തിയിട്ടുണ്ട്. സാധാരണദിവസങ്ങൾക്കു വേണ്ടിയുള്ള വായനകൾ ആരാധനാ വത്സരത്തിന്റെ ചൈതന്യത്തിനനുസരിച്ച് ആരാധനക്രമപണ്ഡിതരും വിശുദ്ധഗ്രന്ഥ പണ്ഡിതരുമടങ്ങിയ സബ്കമ്മിറ്റികളാണ് തയ്യാറാക്കിയത്. 2013 ആഗസ്റ്റിലെ സിനഡ് അംഗീകാരം നൽകിയ പ്രഘോഷണ ഗ്രന്ഥങ്ങളാണ് പഴയനിയമം, ലേഖനം, സുവിശേഷം എന്നീ മൂന്ന് പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുന്നത്. ആരാധനാ വത്സരത്തിലെ എല്ലാ ദിവസങ്ങൾക്കും തിരുനാളുകൾക്കും പ്രത്യേക സന്ദർഭങ്ങൾക്കും വേണ്ടിയുള്ള വായനകൾ ഈ പ്രഘോഷണ ഗ്രന്ഥങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമപരമായ വളർച്ചയുടെ വ്യക്തമായ സൂചനയാണ് ഈ പ്രഘോഷണഗ്രന്ഥങ്ങൾ. കൂടുതൽ ഫലപ്രദമായ ഒരു വചനശുശ്രൂഷ നടത്താൻ പ്രഘോഷണഗ്രന്ഥങ്ങൾ സഭയ്ക്കുമുഴുവനും ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു. സീറോമലബാർ സഭയിലെ എല്ലാ ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പുതിയ ആരാധനാവത്സരം തുടങ്ങുന്ന ഡിസംബർ 1 മുതൽ കുർബാനയുടെ വചനശുശ്രൂഷയ്ക്കായി പ്രഘോഷണഗ്രന്ഥങ്ങൾ ഉപയോഗിച്ചു തുടങ്ങണമെന്ന് സഭാമക്കളെല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

മെത്രാന്മാരുടെ സിനഡ് മൂന്നാം അസാധാരണ പൊതുസമ്മേളനം

## സുവിശേഷവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ

തയ്യാറെടുപ്പുരേഖ - സിനഡ് : കുടുംബവും സുവിശേഷവത്കരണവും

**ഈ തയ്യാറെടുപ്പ് രേഖ (Lineamenta) ഫൊറോന-ഇടവകാതലങ്ങളിലും സംഘടനാ തലങ്ങളിലും പഠനവിധേയമാക്കി പഠനറിപ്പോർട്ട് ഡിസംബർ 20-ന് മുമ്പ് കിട്ടത്തക്കവിധം ബഹു. വികാരിജനറാളച്ചന് അയച്ചുകൊടുക്കേണ്ടതാണ്.**

സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുകയെന്നത് കർത്താവു തന്നെ തന്റെ ശിഷ്യർക്കു നല്കിയ ദൗത്യമാണ്. ആ ദൗത്യം സഭയുടെ ചരിത്രത്തിൽ എന്നും തുടരുന്നു. എന്നാൽ, ഇന്നത്തെ ലോകത്തിൽ സാമൂഹികവും ആത്മീയവുമായ ഒരു സംഘർഷം വളരെ പ്രകടമാണ്. ഇത് രാഷ്ട്രത്തിന്റെയും സഭാസമൂഹത്തിന്റെയും പ്രധാനപ്പെട്ട നിർമ്മാണശിലയായ കുടുംബത്തെക്കുറിച്ചുള്ള സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിന് ഒരു അജപാലന വെല്ലുവിളിയുണർത്തുന്നു. അതിനാൽ കുടുംബത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കുക ഇതിനു മുൻപ് ഇത്രയും അടിയന്തരാവശ്യമായിരുന്നില്ല. മെത്രാന്മാരുടെ ഒരു സിനഡ് സുവിശേഷത്തെക്കുറിച്ച് വിളിച്ചുകൂട്ടാൻ പരിശുദ്ധ പിതാവ് തീരുമാനിച്ചതിൽ നിന്നു തന്നെ ഇതിന്റെ പ്രാധാന്യം വ്യക്തമാണ്. രണ്ടുഘട്ടങ്ങളിലായിട്ടാണ് ഈ സിനഡ് നടക്കുന്നത്.

1) 2014-ൽ ഒരു അസാധാരണ ജനറൽ അസംബ്ലി. വിഷയത്തിന്റെ ഇന്നത്തെ അവസ്ഥ നിർവചിക്കുകയാണ് ലക്ഷ്യം. അതായത്, കുടുംബത്തിന്റെ സുവിശേഷം വിശ്വസനീയമായ രീതിയിൽ പ്രഖ്യാപിക്കുന്നതിനെയും ജീവിക്കുന്നതിനെയും സംബന്ധിച്ചു മെത്രാന്മാരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുക.

2) 2015-ൽ സാധാരണ ജനറൽ അസംബ്ലി. വ്യക്തിയ്ക്കും കുടുംബത്തിനും വേണ്ടിയുള്ള അജപാലനശുശ്രൂഷയ്ക്ക് പ്രവർത്തനമാർഗനിർദ്ദേശങ്ങൾ അന്വേഷിക്കുകയാണ് അതിന്റെ ലക്ഷ്യം.

വിവിധ സാഹചര്യങ്ങളുടെ ഫലമായി ഏതാനും വർഷങ്ങൾക്കു മുൻപുവരെ കേൾക്കാത്ത ഉത്കണ്ഠാജനകങ്ങളായ കാര്യങ്ങളാണ് ഇന്ന് ഉണ്ടായിരിക്കുന്നത്: വിവാഹത്തിലേക്കു നയിക്കാത്തതും ചിലപ്പോൾ ആ ആശയംതന്നെ ഒഴിവാക്കുന്നതുമായ കൂടിത്താമസത്തിന്റെ വ്യാപകമായ രീതി മുതൽ കുട്ടികളെ ദത്തെടുത്തുകൊണ്ടുള്ള (അതു വല്ലപ്പോഴുമല്ല സംഭവിക്കുന്നത്) സ്വവർഗവിവാഹങ്ങൾ വരെ സംഭവിക്കുന്നു. സഭയുടെ ശ്രദ്ധയും അജപാലനശുശ്രൂഷയും ആവശ്യപ്പെടുന്ന അനേകം പുതിയ സാഹചര്യങ്ങളാണ് ഇന്ന് ഉണ്ടായിരിക്കുന്നത്:

മിശ്രവിവാഹവും മതാന്തരവിവാഹവും, അപ്പനോ അമ്മയോ മാത്രമുള്ള കുടുംബം, ബഹുഭാര്യാത്വം, സ്ത്രീധനത്തിന്റെ പേരിൽ പ്രശ്നമാകുന്ന വിവാഹങ്ങൾ (ചിലപ്പോൾ സ്ത്രീധനം സ്ത്രീയെ വാങ്ങുന്ന വിലയായി

കണക്കാക്കപ്പെടുന്നു), ജാതിവ്യവസ്ഥ, സമർപ്പണമില്ലായ്മയുടെ സംസ്കാരവും ദാമ്പത്യബന്ധം താത്കാലികമാകാമെന്ന സങ്കല്പവും, സഭയോട് എതിർപ്പുള്ള ഫെമിനിസത്തിന്റെ രൂപങ്ങൾ, കുടിയേറ്റം, കുടുംബമെന്ന ആശയത്തെക്കുറിച്ചുതന്നെയുള്ള പുനഃസിദ്ധാന്തവത്കരണം, വിവാഹത്തെക്കുറിച്ചുള്ള ധാരണയിൽ ആപേക്ഷികമായ ബഹുസ്വരത്വം, വിവാഹത്തെയും കുടുംബജീവിതത്തെയും സംബന്ധിച്ചുള്ള ധാരണ പൊതുസംസ്കാരത്തിൽ വളർത്തുന്നതിൽ മീഡിയായ്ക്കുള്ള സ്വാധീനം, വിവാഹ ഉടമ്പടിയിലെ സ്ഥിരത, വിശ്വസ്തത എന്നീ ആശയങ്ങളെ വിലയില്ലാതാക്കുന്ന നിയമപരമായ നിർദ്ദേശങ്ങളിൽ അന്തർലീനമായിരിക്കുന്ന ചിന്താപ്രവണതകൾ, ഗർഭപാത്രം വാടകയ്ക്കു കൊടുക്കുന്ന രീതിയുടെ വർധന, മനുഷ്യാവകാശമെന്നു കരുതിയിരുന്നവയ്ക്കു നല്കുന്ന പുതിയ വ്യാഖ്യാനങ്ങൾ...

സഭയിൽത്തന്നെ വിവാഹത്തിന്റെ കൗദാശികത്വത്തിലും കുമ്പസാരമെന്ന കൂദാശയുടെ സൗഖ്യദായകശക്തിയിലുമുള്ള വിശ്വാസം ബലഹീനമാകുന്നതിന്റെയും തിരസ്കൃതമാകുന്നതിന്റെയും അടയാളങ്ങൾ ദൃശ്യമാകുന്നുണ്ട്. അതിനാൽ ഈ വെല്ലുവിളികളോടു പ്രത്യുത്തരിക്കാൻ ലോകമെങ്ങുമുള്ള മെത്രാന്മാർ പത്രോസിനോടുകൂടെയും പത്രോസിന്റെ കീഴിലും ഒന്നിച്ചു കൂടാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നതിന്റെ അടിയന്തരാവസ്ഥ നമുക്കു നന്നായി മനസ്സിലാകും. ഉദാഹരണത്തിന് ഒരു കാര്യം നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരാം. ഇന്നത്തെ അവസ്ഥയുടെ ഫലമായി അനേകം കുട്ടികളും ചെറുപ്പക്കാരും തങ്ങളുടെ മാതാപിതാക്കന്മാർ കൂദാശകൾ സ്വീകരിക്കുന്നത് ഒരിക്കലും കാണുകയില്ല. അപ്പോൾ, ഇന്നത്തെ സാഹചര്യത്തിൽ നിന്ന് ഉരുത്തിരിയുന്ന സുവിശേഷവത്കരണ വെല്ലുവിളികൾ എത്ര അടിയന്തരമെന്ന് ബോധ്യമാകുമല്ലോ. ആഗോളഗ്രാമത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തും തന്നെ നമുക്കത് ദർശിക്കാവുന്നതാണ്. ഈ യാഥാർത്ഥ്യത്തോടൊപ്പം, മറ്റൊരു കാര്യവും ഇന്ന് പൊതുവിൽ അംഗീകരിക്കപ്പെടുന്നുണ്ട്. അതായത്, ദൈവിക കരുണയെക്കുറിച്ചുള്ള പ്രബോധനവും സമൂഹത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ആഗോളപരമായും അസ്തിത്വാത്മക സാഹചര്യത്തിലും സഹിക്കുന്നവരോടുള്ള താത്പര്യവുമാണത്. തത്ഫലമായി, കുടുംബത്തെക്കുറിച്ച് അജപാലനപരമായി സ്വീകരിക്കേണ്ട തീരുമാനങ്ങളെ സംബന്ധിച്ച് വിശാലമായ പ്രതീക്ഷകൾ നിലനില്ക്കുന്നുണ്ട്. സിനഡിലെ മെത്രാന്മാർ ഈ പ്രശ്നങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുക അത്യാവശ്യമാണ്. മാത്രവുമല്ല, തങ്ങളുടെ അജപാലനത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്നവരുടെയും മനുഷ്യകുടുംബം മുഴുവന്റെയും നേർക്കുള്ള ഉപവിയുടെ കടമ നിർവ്വഹണവുമാണത്.

**സഭയും കുടുംബസുവിശേഷവും**

ദമ്പതികളുടെയും കുട്ടികളാകുന്ന ദാനത്തോടു തുറവുള്ള ഐക്യം ജീവിക്കുന്നവരുടെയും (അതാണ് കുടുംബ സമൂഹം) അടിസ്ഥാന മാനുഷികാനുഭവം വ്യക്തിപരമായി ജീവിക്കുന്ന എല്ലാവരോടും ദൈവികസ്നേഹത്തിന്റെ സദ്വാർത്ത പ്രഖ്യാപിക്കണം. വിവാഹത്തെക്കുറിച്ചുള്ള സഭാപ്ര

ബോധനങ്ങൾ സ്പഷ്ടമായും സമർത്ഥമായും അവതരിപ്പിക്കണം. അത് മനുഷ്യഹൃദയത്തിൽ എത്തുന്നതിനും യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവേഷ്ടപ്രകാരം അവയെ രൂപാന്തരപ്പെടുത്തുന്നതിനുമാണ്.

ഈ രേഖയിൽ, വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥ ഉറവിടങ്ങളിൽ നിന്ന് അത്യാവശ്യപരാമർശങ്ങൾ മാത്രമേ കൊടുത്തിട്ടുള്ളൂ. അതുപോലെതന്നെ സഭയുടെ ഔദ്യോഗിക പ്രബോധനത്തിൽ നിന്നും സാർവത്രികപരമായുള്ളവ മാത്രമേ ഉദ്ധരിച്ചിട്ടുള്ളൂ. കുടുംബത്തെക്കുറിച്ചുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ ചില പഠനത്തെക്കുറിച്ചും ഇതുതന്നെയാണു പറയാനുള്ളത്. സിനഡിൽ പങ്കെടുക്കുന്ന മെത്രാന്മാർക്ക് തങ്ങളുടെ മെത്രാൻ സമിതികളുടെ രേഖകളിൽ നിന്നു ഉദ്ധരിക്കാൻ സാധിക്കുമല്ലോ.

ഓരോ കാലഘട്ടത്തിലും അനേകം വ്യത്യസ്ത സംസ്കാരങ്ങളിലും ഇടയന്മാരുടെ പ്രബോധനം വ്യക്തമായിരുന്നു. അതുപോലെ വിശ്വാസികളുടെ - സ്ത്രീകളുടെയും പുരുഷന്മാരുടെയും - സമൂർത്തമായ സാക്ഷ്യങ്ങളും ഉണ്ടായിട്ടുണ്ട്. വളരെ വ്യത്യസ്ത സംസ്കാരങ്ങളിൽ അവർ തങ്ങളുടെയും തങ്ങളുടെ മക്കളുടെയും ജീവിതത്തിനുള്ള അമൂല്യദാനമെന്ന നിലയിൽ കുടുംബത്തിന്റെ സുവിശേഷം ജീവിച്ചു. ഈ സന്ദേശം കൂടുതൽ തീവ്രതയോടെ കൈമാറാനുള്ള ആഗ്രഹത്താൽ പ്രചോദിതവും നിലനിറുത്തപ്പെടുന്നതുമാണ് അടുത്ത അസാധാരണ സിനഡിനുവേണ്ടിയുള്ള സമർപ്പണം. സഭയെ ഭരമേല്പിച്ചിരിക്കുന്ന വെളിപാടിന്റെ നിധി ഓരോ വ്യക്തിയുടെയും ഹൃദയത്തെ കൂടുതൽ കൂടുതൽ നിറയ്ക്കണം (ദൈവാവിഷ്കാരം, 26) എന്ന പ്രത്യാശയോടെയാണ് സിനഡ് വിളിച്ചു കൂട്ടിയിരിക്കുന്നത്.

**സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ പദ്ധതി**

കുടുംബത്തെക്കുറിച്ചുള്ള ബൈബിൾ സന്ദേശത്തിന്റെ സൗന്ദര്യം സ്ത്രീയുടെയും പുരുഷന്റെയും സൃഷ്ടിയിൽ അധിഷ്ഠിതമായിരിക്കുന്നു. അവർ ഇരുവരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉത്പ 1:24-31; 2:4-25). അവിഭാജ്യമായ ഒരു കൗദാശികബന്ധത്താൽ ഒന്നാക്കപ്പെട്ട വിവാഹിതർ സ്നേഹത്തിന്റെയും പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും സൗന്ദര്യവും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ഈ രീതിയിൽ പങ്കുചേരുന്നതിന്റെ ശ്രേഷ്ഠമായ മഹത്ത്വവും അനുഭവിക്കുന്നു. അവരുടെ ഐക്യത്തിന്റെ ഫലമായുള്ള ദാനത്തിൽ, മനുഷ്യവർഗത്തിന്റെ ഭാവിക്കുവേണ്ടി മക്കളെ വളർത്തുന്നതിന്റെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്റെയും ഉത്തരവാദിത്വം അവർ ഏറ്റെടുക്കുന്നു. പ്രജനനത്തിലൂടെ, സ്ത്രീയും പുരുഷനും സൃഷ്ടിയുടെ സംരക്ഷണത്തിലും മനുഷ്യകുടുംബത്തിന്റെ വളർച്ചയിലും ദൈവത്തിന്റെ സഹകാരികളാകുകയെന്ന വിളി വിശ്വാസത്തിൽ നിറവേറ്റുന്നു.

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ "കുടുംബം ഒരു കൂട്ടായ്മ" യിൽ ഇക്കാര്യത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്: ദൈവം മനുഷ്യനെ സ്വന്തം

ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. (ഉത്പ 1:26-27) അവിടുന്ന് അവനെ സ്നേഹത്തിലൂടെ അസ്തിത്വത്തിലേക്കു വിളിച്ചു. അതേസമയം അവിടുന്ന് അവനെ സ്നേഹിക്കാൻവേണ്ടി വിളിച്ചു. ദൈവം സ്നേഹമാണ് (1 യോഹ 4/8). തന്നിൽത്തന്നെഅവിടുന്നു ജീവിക്കുന്നത് വ്യക്തിപരവും സ്നേഹാത്മകവുമായ കൂട്ടായ്മയുടെ ഒരു രഹസ്യമായിട്ടാണ്. മനുഷ്യ വർഗത്തെ സ്വന്തം പ്രതിരൂപത്തിൽ സൃഷ്ടിക്കുകയും തുടർച്ചയായി അസ്തി ത്വത്തിൽ സംരക്ഷിക്കുകയും ചെയ്തുകൊണ്ട്, ദൈവം സ്ത്രീപുരുഷന്മാ രുടെ മാനുഷികതയിൽ സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കുമുള്ള വിളിയും, അതിലൂടെ അതിനുള്ള കഴിവും ഉത്തരവാദിത്വവും ആലേഖനം ചെയ്തു" (GS 12). "തന്മൂലം ഓരോ മനുഷ്യജീവിയുടെയും അടിസ്ഥാനപ രവും നൈസർഗികവുമായ വിളി സ്നേഹത്തിലേക്കാണ്" (FC 11). സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതി ആദിമപാപത്താൽ ശിഥിലമാക്കപ്പെട്ടു (cf ഉത്പ. 3:1-24). എന്നാലും ആ പദ്ധതി ചരിത്രത്തിലുടനീളം തിരഞ്ഞെ ടുക്കപ്പെട്ട ജനത്തിന്റെ സംഭവങ്ങളിൽ കാലസംപൂർത്തിവരെ വെളിവാക്ക പ്പെട്ടു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവേഷ്ടം ഉറപ്പിക്കപ്പെടുകയും അതേ ഇഷ്ടം അനുസരിക്കുന്നതിനുള്ള കൃപ നല്കുന്ന വിമോചനം സംലഭ്യമാക്കുകയും ചെയ്തു.

ദൈവപുത്രൻ, കന്യകാമാതാവിന്റെ ഉദരത്തിൽ മാംസം ധരിച്ച വചനം (cf യോഹ 1:14) നസ്രത്തിലെ കുടുംബത്തിൽ ജീവിച്ചുവളർന്നു. തന്റെ ആദ്യ അടയാളത്തിലൂടെ വിവാഹാഘോഷങ്ങൾക്കു പ്രാധാന്യം നല്കിക്കൊണ്ട് കാനായിലെ കല്യാണത്തിൽ പങ്കെടുത്തു (cf യോഹ 1/1-11). തന്റെ ശിഷ്യ രുടെ കുടുംബങ്ങളിൽ തനിക്കു കിട്ടിയ സ്വീകരണത്തിൽ ഈശോ സന്തോ ഷിച്ചു (മർക്കോ. 1/29-31, 2/13-17). ബഥാനിയായിൽ മരണത്താൽ ദുഃഖി തമായ കുടുംബത്തെ ആശ്വസിപ്പിച്ചു (cfലൂക്കാ 10/38-42; യോഹ 11/1-44).

മനുഷ്യഹൃദയത്തിന്റെ കാഠിന്യത്താൽ, ഇസ്രായേൽക്കാരുടെ പാര മ്പര്യത്തിൽ പോലും ഉപേക്ഷിക്കപ്പെട്ടിരുന്ന ദൈവത്തിന്റെ ഏക പദ്ധതി ഒരിക്കൽ കൂടി അവതരിപ്പിച്ചുകൊണ്ട് വിവാഹത്തിന്റെ സൗന്ദര്യം യേശു ക്രിസ്തു സ്ഥാപിച്ചു (മത്താ 5/31-32; 19/3-12; മർക്കോ 10/1-12; ലൂക്കാ 16:18). ഭാര്യയുടെയും ഭർത്താവിന്റെയും ഉപേക്ഷിക്കൽ, വ്യഭിചാരം എന്നിവ തള്ളിപ്പറഞ്ഞുകൊണ്ട് വിവാഹത്തിൽ ആദിമുതലേ ഉണ്ടായിരുന്ന ഐക്യവും വിശ്വസ്തതയും ഈശോ പഠിപ്പിച്ചു.

മാനുഷികസ്നേഹത്തിന്റെ അസാധാരണ സൗന്ദര്യം കൃത്യമായി എടുത്തുകാട്ടിക്കൊണ്ട് യേശു സ്ത്രീപുരുഷന്മാരുടെ ദാമ്പത്യസ്നേഹ ത്തിന്റെ ആദിമ മഹത്ത്വം ഉറപ്പിച്ചു. ഉത്തമഗീതത്താൽ പ്രചോദിതമായി അതു പണ്ടേ വളരെ ഉയർന്ന രീതിയിൽ ആഘോഷിച്ചിരുന്നതാണ്. ഹോസിയാ (1:2; 3:31) മലാക്കി (2:13-16) തുടങ്ങിയ പ്രവാചകന്മാർ ഉറച്ച ദാമ്പത്യബന്ധ ത്തിനുവേണ്ടി നിലകൊള്ളുകയും അതിനെ സംരക്ഷിക്കുകയും ചെയ്തി രുന്നു.

**കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം**

കുടുംബം 'ഗാർഹികസഭ'യെന്ന് ആദിമ ക്രൈസ്തവസമൂഹ

ത്തിൽത്തന്നെ കരുതപ്പെട്ടിരുന്നു. പുതിയ നിയമത്തിലെ അപ്പസ്തോലിക ലേഖനത്തിൽ കുടുംബനിയമസംഹിത എന്നു വിളിക്കപ്പെടുന്നിടത്ത് പ്രാചീനലോകത്തിലെ വലിയ കുടുംബമാണ് ആഴമാർന്ന ഐക്യദാർഢ്യ ത്തിന്റെ വേദിയായി പരിഗണിച്ചിരുന്നത്: ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലും സമ്പന്നരും ദരിദ്രരും തമ്മിലുമുള്ള ഐക്യദാർഢ്യത്തിന്റെ വേദി (cf എഫേ 5/21-6/9; കോളോ 3/18-41; 1 തിമോ 2/8-15; തീത്തൂസ് 2/1-10; 1 പത്രോ 2:13-3/7; ഫിലമോനുള്ള കത്തും കാണുക). പ്രത്യേകവിധമായി എഫേസോസ് ലേഖനം പുരുഷനും സ് ത്രീയും തമ്മിലുള്ള ദാമ്പത്യസ്നേഹത്തെ വലിയ രഹസ്യമായി അവതരി പ്പിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തെ അതു ലോക ത്തിൽ പ്രത്യക്ഷമാക്കുന്നു (cf എഫേ 5/31-32).

നൂറ്റാണ്ടുകളിലൂടെയും ആധുനികയുഗത്തിന്റെ ആരംഭം മുതൽ ഇന്നു വരെയും സഭ തന്റെ അടിസ്ഥാനമായിരിക്കുന്ന വിവാഹത്തെയും കുടുംബ ത്തെയും കുറിച്ചുള്ള തന്റെ സിദ്ധാന്തം തുടർച്ചയായി പഠിപ്പിക്കാനും വിക സിപ്പിക്കാനും എന്നും ശ്രദ്ധിച്ചിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അജപാലന കോൺസ്റ്റിറ്റ്യൂഷനായ "സഭ ആധുനിക ലോകത്തിൽ" ആ സിദ്ധാ ന്തത്തിന്റെ ഒരു നല്ല അവതരണം നമുക്കു കാണാം. ചില അടിയന്തര പ്രശ്നങ്ങളാണ് ഈ കോൺസ്റ്റിറ്റ്യൂഷൻ ചർച്ച ചെയ്യുന്നത്. വിവാഹത്തി ന്റെയും കുടുംബത്തിന്റെയും മഹത്ത്വം ഉയർത്തിക്കാട്ടാൻ അതിൽ ഒരു അധ്യായം മുഴുവൻ മാറ്റിവച്ചിരിക്കുന്നു. സമൂഹത്തിന്റെ സംസ്ഥാപനത്തിൽ അവയ്ക്കുള്ള മൂല്യം വിവരിക്കുന്നിടത്ത് അത് ദൃശ്യമാണ്. "ഇങ്ങനെ വിവിധ തലമുറകൾ ഒരുമിച്ചുകൂടുകയും കൂടുതൽ അറിവു ലഭിക്കുന്നതിനു പരസ്പരം സഹായിക്കുകയും സ്വന്തം വ്യക്തിപരമായ അവകാശങ്ങൾ സമൂ ഹജീവിതത്തിലെ മറ്റ് ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന കുടുംബത്തിൽ സമൂഹത്തിന്റെ അടിസ്ഥാനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു" (GS,52). ദമ്പതികളുടെ വിശ്വാസജീവിതത്തിൽ ക്രിസ്തു കേന്ദ്രീകൃത ആധ്യാ ത്മികതയ്ക്കുവേണ്ടിയുള്ള ആ രേഖയുടെ ആഹ്വാനം പ്രത്യേകം ശ്രദ്ധേയ മാണ്. "ജീവനുള്ള ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട്, യഥാർത്ഥ വ്യക്തികളുടെ നിരയിൽ സ്ഥാനം നല്കപ്പെട്ട ദമ്പതികൾ വികാ രങ്ങളിൽ ഒന്നായി, മനസ്സിൽ തുല്യരായി, പരസ്പരവിശുദ്ധിയിൽ സംയോ ജിതരായിത്തീരട്ടെ. അതുവഴി ജീവന്റെ ഉറവിടമായ മിശിഹായെ അനുഗ മിച്ച്, തങ്ങളുടെ വിളിയുടെ സന്തോഷങ്ങളിലും പരിത്യാഗങ്ങളിലും അവ രുടെ വിശ്വസ്തമായ സ്നേഹത്താൽ കർത്താവു തന്റെ മരണവും ഉത്ഥാ നവും വഴി ലോകത്തിനു വെളിപ്പെടുത്തിയ അവിടുത്തെ സ്നേഹത്തിന്റെ രഹസ്യത്തിന് അവർ സാക്ഷികളാകട്ടെ" (GS, 52).

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പത്രോസിന്റെ പിൻഗാമികൾ വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള പ്രബോധനം സമ്പന്നമാക്കി. പോൾ ആറാമൻ മാർപാപ്പാ മനുഷ്യജീവൻ എന്ന തന്റെ ചാക്രികലേഖനം വഴി കൃത്യമായ തത്ത്വങ്ങളും മാർഗനിർദ്ദേശങ്ങളും നല്കി.

പിന്നീട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ "കുടുംബം ഒരു സ്നേഹ സമൂഹം" എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ ദാമ്പത്യസ്നേഹ ത്തിന്റെയും കുടുംബത്തിന്റെയും അടിസ്ഥാനസത്യങ്ങളിലെ ദൈവിക പദ്ധതി ശക്തമായി അവതരിപ്പിച്ചിട്ടുണ്ട്.

"ഈ സ്വയംദാനം അതിന്റെ പൂർണമായ സത്യത്തിൽ സാധ്യമാക്കി ത്തീർക്കുന്ന ഒരേയൊരു വേദി സ്വതന്ത്രമായും ബോധപൂർവമായും തിര ഞ്ഞെടുക്കുന്ന ദാമ്പത്യസ്നേഹത്തിന്റെ ഉടമ്പടിയായ വിവാഹം മാത്രമാണ്. അതുവഴി പുരുഷനും സ്ത്രീയും ദൈവം തന്നെ നിശ്ചയിച്ചിട്ടുള്ള ജീവി തത്തിന്റെയും സ്നേഹത്തിന്റെയും ഉററ കൂട്ടായ്മയെ അംഗീകരിക്കുന്നു (GS 48,1). അതിന്റെ യഥാർത്ഥമായ അർത്ഥം ഈ വെളിച്ചത്തിൽ മാത്രമേ പ്രത്യക്ഷമാവുകയും ചെയ്യുന്നുള്ളൂ. വിവാഹമെന്ന സ്ഥാപനം സമൂഹമോ അധികാരമോ നടത്തുന്ന അവിഹിതമായ ഒരു കൈകടത്തലല്ല; അത് ഒരു ആചാരത്തിന്റെ ബാഹ്യമായ അടിച്ചേല്പിക്കലുമല്ല; മറിച്ച്, അതു സ്രഷ്ടാ വായ ദൈവത്തിന്റെ പദ്ധിയോടു പരിപൂർണ വിശ്വസ്തതയിൽ ജീവി ക്കാൻവേണ്ടി, അതുല്യവും, അനന്യവുമെന്നു പരസ്യമായി സ്ഥിരീകരിക്ക പ്പെടുന്ന ദാമ്പത്യസ്നേഹത്തിന്റെതായ ഉടമ്പടിയുടെ ആന്തരികമായ ഒരാ വശ്യമാണ്. ഈ വിശ്വസ്തത വ്യക്തിയുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടു ത്തുന്നതിനു പകരം, ആത്മനിഷ്ഠതയുടെയോ ആപേക്ഷികതയുടെയോ എല്ലാ രൂപങ്ങളിൽ നിന്നും അതിനെ കാത്തുസൂക്ഷിക്കുകയും, സൃഷ്ടോന്മു ഖമായ വിവേകത്തിൽ പങ്കാളിയാക്കുകയും ചെയ്യുന്നു" (FC11).

കത്തോലിക്കാസഭയുടെ മതബോധനം ഈ പ്രബോധനത്തിന്റെ അടി സ്ഥാനതത്ത്വങ്ങൾ സമാഹരിച്ചിട്ടുണ്ട്. "സ്ത്രീയും പുരുഷനും തമ്മിൽ ജീവ ന്റെയും സ്നേഹത്തിന്റെയും ഗാഢമായ ഐക്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി സ്രഷ്ടാവു സ്ഥാപിച്ചിട്ടുള്ളതും പ്രത്യേക നിയമത്താൽ ഉറപ്പിച്ചിട്ടു ള്ളതുമാകുന്നു. ദമ്പതികളുടെ നന്മയും സന്താനോത്പാദനവും വിദ്യാഭ്യാസ വുമാണ്" അതിന്റെ സഹജവും സ്ഥാപിതവുമായ ലക്ഷ്യങ്ങൾ. "മാമ്മോ ദീസ സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തെ കർത്താവായ ക്രിസ്തു ഒരു കൂദാശയുടെ പദവിയിലേക്ക് ഉയർത്തുകയുണ്ടായി" (cf CIC , 1055; cf GS 48, CCC 1660).

മതബോധനഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്ന സിദ്ധാന്തം ദൈവ ശാസ്ത്രതത്ത്വങ്ങളെയും ധാർമ്മിക പെരുമാറ്റങ്ങളെയും സ്പർശിക്കുന്ന താണ്. അവ രണ്ടു വ്യത്യസ്ത ശീർഷകങ്ങളിലാണ് വികസിപ്പിച്ചിരിക്കുന്നത്: വിവാഹമെന്ന കൂദാശ (Nos. 1601-1658); ആറാം കല്പന (Nos. 2331-2391). മതബോധനഗ്രന്ഥത്തിലെ ഭാഗങ്ങളുടെ ശ്രദ്ധാപൂർവകമായ വായന വിശ്വാ സസിദ്ധാന്തത്തിന്റെ കാലാനുസൃതമായ അറിവ് പ്രദാനം ചെയ്യും. ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളുടെ മുൻപിൽ സഭയുടെ പ്രവർത്തനത്തെ അത് സഹായിക്കും. ദൈവികപദ്ധതിയുടെ ഭാഗമായി കാണുന്ന വിവാഹ ത്തിന്റെ സത്യത്തിൽ സഭയുടെ അജപാലനശുശ്രൂഷ അതിന്റെ പ്രചോദനം കണ്ടെത്തുന്നു. ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചു. സമയ

ത്തിന്റെ പൂർത്തിയിൽ ദാമ്പത്യസ്നേഹത്തെ ദൈവം യേശുവിൽ വെളിപ്പെടുത്തി. ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസമ്മതത്തിൽ സ്ഥാപിതമാകുന്ന ക്രൈസ്തവവിവാഹം അതിന്റേതായ ഫലങ്ങൾകൊണ്ട്, അതായത് ദമ്പതികളുടെ നന്മകളും കടമകളും കൊണ്ട്, സമ്പന്നമാണ്. അതേസമയം, ആദിപാപത്തിന്റെ പരിണിതഫലങ്ങളിൽ നിന്ന് വിവാഹവും വിമുക്തമല്ല (cf. ഉത്പ 3:1-24). അത് കൂദാശയുടെ മഹത്ത്വത്തിന് ആഴമാർന്ന മുറിവുകളേല്പിക്കാം. അതിന്റെ മഹത്ത്വത്തെ ദുരുപയോഗിച്ചുവെന്നും വരാം.

ഫ്രാൻസീസ് മാർപാപ്പായുടെ അടുത്ത കാലത്തെ ചാക്രികലേഖനം - വിശ്വാസവെളിച്ചം - എങ്ങനെ വിശ്വാസം വെളിപ്പെടുത്തപ്പെടുന്നുവെന്ന ചിന്തയുടെ പശ്ചാത്തലത്തിൽ കുടുംബത്തെക്കുറിച്ച് പറയുന്നുണ്ട്. "ദൈവം അവരുടെ മധ്യത്തിൽ സന്നിഹിതനായിരിക്കുന്നുവെങ്കിൽ ആളുകൾ തമ്മിലുള്ള ബന്ധങ്ങൾ എത്ര ഉറച്ചതാകും" (നമ്പർ, 50). മാനുഷികനഗരത്തിലെ വിശ്വാസം പ്രകാശിപ്പിക്കുന്നതിൽ ആദ്യതലം കുടുംബമാണ്. വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സുസ്ഥിരമായ ഐക്യത്തെക്കുറിച്ച് പ്രഥമവും പ്രധാനവുമായി ഞാനിവിടെ ചിന്തിക്കുന്നു. ദൈവത്തിന്റെ തന്നെ സ്നേഹത്തിന്റെ അടയാളവും സാന്നിധ്യവുമെന്ന നിലയിലുള്ള അവരുടെ സ്നേഹത്തിൽനിന്ന് ഈ ഐക്യം ജനിക്കുന്നു. ലൈംഗികവ്യത്യസ്തതയുടെ അംഗീകരണത്തിൽ നിന്നും സ്വീകരണത്തിൽ നിന്നും അതു ജനിക്കുന്നു. ഈ വ്യത്യസ്തത വഴി വധൂവരന്മാർ ഒറ്റശരീരമാകാനും (cf. ഉത്പ 2:24) പുതിയ ജീവനു ജന്മംനല്കാനും കഴിവുള്ളവരായിത്തീരുന്നു. പുതിയ ജീവൻ സ്രഷ്ടാവിന്റെ നന്മയുടെയും ജ്ഞാനത്തിന്റെയും സ്നേഹപൂർണമായ പദ്ധതിയുടെ പ്രകാശനമാണ്. ഈ സ്നേഹത്തിൽ അടിയുറപ്പിച്ച സ്ത്രീക്കും പുരുഷനും തങ്ങളുടെ മുഴുവൻ ജീവിതവും ഉൾച്ചേർക്കുകയും വിശ്വാസത്തിന്റെ വ്യത്യസ്ത തലങ്ങൾ അനുസ്മരിപ്പിക്കുകയും ചെയ്യുന്ന ഒരു അടയാളത്താൽ പരസ്പരസ്നേഹം വാഗ്ദാനം ചെയ്യാൻ കഴിയുന്നു. നമ്മുടെതന്നെ ആശയങ്ങളെക്കാളും സംരംഭങ്ങളെക്കാളും വലിയ പദ്ധതി നാം കാണുമ്പോൾ എന്നേക്കും സ്നേഹിക്കാമെന്നു വാഗ്ദാനം ചെയ്യാൻ സാധിക്കുന്നു. നമ്മെ താങ്ങിനിറുത്തുന്നതും നാം സ്നേഹിക്കുന്ന വ്യക്തിക്കുവേണ്ടി നമ്മുടെ മുഴുവൻ ഭാവിയെയും സമർപ്പിക്കാൻ ശക്തി നല്കുന്നതുമായ പദ്ധതിയാണത് (നമ്പർ 52). "വിശ്വാസം ഭീരുക്കൾക്കുള്ള ആഭയകേന്ദ്രമല്ല. മറിച്ച്, ജീവിതത്തെ ധീരതയോടെ പുറത്തേക്കു കൊണ്ടുവന്ന് വിശാലമാക്കുന്നവർക്കുള്ളതാണ്. ഈ സ്നേഹം വിശ്വാസയോഗ്യമാണെന്നും അതിനായി സ്വയം സമർപ്പിക്കാൻ കൊള്ളാവുന്നതാണെന്നും അതു നമുക്ക് ഉറപ്പു നല്കുന്നു. കാരണം, അതിന്റെ അടിത്തറ ദൈവത്തിന്റെ വിശ്വസ്തതയിലാണ് കാണപ്പെടുന്നത്. ആ വിശ്വസ്തത നമുക്കുള്ള എല്ലാ ദൗർബല്യങ്ങളെക്കാളും ശക്തമാണ്" (നമ്പർ 53).

**ചോദ്യങ്ങൾ**

താഴെപ്പറയുന്ന ചോദ്യങ്ങളുടെ പട്ടിക അസാധാരണ സിനഡിന്റെ തയ്യാറെടുപ്പിൽ സജീവമായി പങ്കുചേരാൻ പ്രാദേശികസഭകളെ അനുവദി

ക്കുന്നു. കുടുംബം ഇന്നു നേരിടുന്ന അജപാലനവെല്ലുവിളികളുടെ പശ്ചാത്തലത്തിൽ സുവിശേഷം പ്രസംഗിക്കുക എന്നതാണ് ഈ സിനഡിന്റെ ലക്ഷ്യം.

**I. കുടുംബത്തെക്കുറിച്ച് വിശുദ്ധഗ്രന്ഥത്തിലും സഭയുടെ പ്രബോധനാധികാരത്തിലുമുള്ള പ്രബോധനങ്ങളുടെ വ്യാപനം**

a) വിശുദ്ധഗ്രന്ഥം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കോൺസ്റ്റിറ്റ്യൂഷനായ സഭ ആധുനികലോകത്തിൽ, കുടുംബം ഒരു കൂട്ടായ്മ, കൗൺസിലിനു ശേഷമുള്ള സഭയുടെ മറ്റ് ഔദ്യോഗികരേഖകൾ എന്നിവയിലെ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ - അവയിൽ ഉൾക്കൊള്ളുന്ന കുടുംബമൂല്യം - എങ്ങനെ ആളുകൾ മനസ്സിലാക്കിയിരിക്കുന്നുവെന്ന് വിവരിക്കുക. കുടുംബജീവിതത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങളിൽ നമ്മുടെ ജനങ്ങൾക്ക് എന്തു പരിശീലനമാണ് കൊടുത്തിട്ടുള്ളത്?

b) സഭയുടെ പ്രബോധനം അറിയപ്പെടുന്ന ഇടങ്ങളിൽ അതു പൂർണമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടോ? അഥവാ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടോ? ഉണ്ടെങ്കിൽ ഏവ?

c) ദേശീയ, രൂപത, ഇടവക തലങ്ങളിലെ അജപാലനകർമ്മപദ്ധതികളിൽ സഭയുടെ പ്രബോധനം എത്രമാത്രം വ്യാപകമാണ്? കുടുംബത്തെക്കുറിച്ച് എന്തു മതബോധനമാണ് നല്കിയിട്ടുള്ളത്?

d) സഭയ്ക്കു വെളിയിൽ എത്രമാത്രം, പ്രത്യേകിച്ച് ഏതു വശങ്ങൾ, ഈ പ്രബോധനം യഥാർത്ഥത്തിൽ അറിയുകയും സ്വീകരിക്കുകയും അഥവാ നിരാകരിക്കുകയും വിമർശിക്കുകയും ചെയ്യപ്പെട്ടിരിക്കുന്നു? കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം പൂർണമായി സ്വീകരിക്കുന്നതിനു പ്രതിബന്ധമായിട്ടുള്ള സാംസ്കാരിക ഘടകങ്ങൾ ഏവ?

**II. സ്വാഭാവികനിയമം അനുസരിച്ചുള്ള വിവാഹം**

a) സമൂഹത്തിന്റെ സാംസ്കാരികരംഗങ്ങളിൽ സ്വാഭാവികനിയമമെന്ന ആശയത്തിന് എന്തു സ്ഥാനമാണുള്ളത്: സ്ഥാപനങ്ങളിൽ, വിദ്യാഭ്യാസത്തിൽ, അക്കാദമികവൃത്തങ്ങളിൽ, പൊതുവിൽ ജനങ്ങൾക്കിടയിൽ? കുടുംബത്തിന്റെ സ്വാഭാവിക അടിസ്ഥാനത്തെക്കുറിച്ചുള്ള ചർച്ചയിൽ നരവംശശാസ്ത്രപരമായ ഏത് ആശയങ്ങളാണ് അന്തർലീനമായിരിക്കുന്നത്?

b) സ്ത്രീയും പുരുഷനും തമ്മിലുള്ള ഐക്യത്തെ സംബന്ധിച്ച സ്വാഭാവികനിയമമെന്ന ആശയം ക്രൈസ്തവർ സ്വീകരിച്ചിട്ടുണ്ടോ?

c) കുടുംബരൂപീകരണത്തെ സംബന്ധിച്ചിടത്തോളം സ്ത്രീയും പുരുഷനും തമ്മിലുള്ള ഐക്യത്തിൽ സ്വാഭാവികനിയമത്തിന്റെ തത്ത്വവും പ്രയോഗവും എങ്ങനെയാണ് വെല്ലുവിളിക്കപ്പെടുന്നത്? രാഷ്ട്ര-സഭാസ്ഥാപനങ്ങളിൽ അത് എങ്ങനെയാണ് അവതരിപ്പിക്കുന്നതും വികസിക്കുന്നതും?

d) വിശ്വാസം ജീവിക്കാത്ത കത്തോലിക്കരോ അവിശ്വാസികളെന്നു പ്രഖ്യാപിച്ചിട്ടുള്ളവരോ വിവാഹം നടത്തിക്കൊടുക്കാനാവശ്യപ്പെടുമ്പോൾ എങ്ങനെയാണ് ഈ അജപാലനവെല്ലുവിളി കൈകാര്യം ചെയ്യുന്നതെന്ന് വിശദീകരിക്കുക.

**III. സുവിശേഷവത്കരണത്തിൽ കുടുംബത്തിന്റെ അജപാലനപരിചരണം**

a) വിവാഹത്തിനുള്ള തയ്യാറെടുപ്പിനെക്കുറിച്ച് കഴിഞ്ഞ ദശകങ്ങളിൽ എന്ത് അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്? ദമ്പതികളുടെയും കുടുംബത്തിന്റെയും സുവിശേഷവത്കരണദൗത്യം ഉത്തേജിപ്പിക്കുന്നതിന് എന്ത് ഉദ്യമങ്ങളാണ് നടത്തുന്നത്? ഗാർഹികസഭയെന്ന നിലയിൽ കുടുംബത്തെക്കുറിച്ചുള്ള ഒരു അവബോധം എങ്ങനെ പരിപോഷിപ്പിക്കാം?

b) ജീവിതത്തിന്റെ സങ്കീർണതകളെയും ഇന്നത്തെ സംസ്കാരത്തെയും പ്രതിരോധിക്കത്തക്കവിധം കുടുംബത്തിൽ പ്രാർത്ഥനയുടെ ഒരു രീതി നിർദ്ദേശിക്കുന്നതിനു നിങ്ങൾ എത്രമാത്രം വിജയിക്കുന്നു?

c) തലമുറകൾ തമ്മിലുള്ള ഇന്നത്തെ സംഘർഷത്തിൽ വിശ്വാസകൈമാറ്റത്തിനുള്ള വിളി പൂർത്തീകരിക്കാൻ എങ്ങനെ ക്രൈസ്തവകുടുംബങ്ങൾ കഴിവുള്ളവയാകുന്നു?

d) പ്രാദേശികസഭകൾക്കും കുടുംബആധ്യാത്മികപ്രസ്ഥാനങ്ങൾക്കും എങ്ങനെ മാതൃകാപരമായ പ്രവർത്തനരീതികൾ കരുപ്പിടിപ്പിക്കാനാവും?

e) ദമ്പതികളെയും ക്രൈസ്തവകുടുംബത്തെയും കുറിച്ചുള്ള വിശ്വസനീയവും സമഗ്രവുമായ ഒരു ആശയം പ്രചരിപ്പിക്കുന്നതിനു ദമ്പതികൾക്കും കുടുംബങ്ങൾക്കും എന്തു സവിശേഷസംഭാവനകളാണ് നല്കാവുന്നത്?

f) പരിശീലനത്തിലുള്ള ദമ്പതികളെയും സംഘർഷാവസ്ഥയിലായിരിക്കുന്ന ദമ്പതികളെയും സഹായിക്കുന്നതിന് എന്ത് അജപാലനപരിചരണമാണ് സഭ നല്കിയിട്ടുള്ളത്?

**IV. ബുദ്ധിമുട്ടുള്ള ചില ദാമ്പത്യസാഹചര്യങ്ങളിലെ അജപാലനപരിചരണം**

a) നിങ്ങളുടെ പ്രാദേശികസഭയിൽ പരീക്ഷണാർത്ഥമുള്ള കൂടിത്താമസം ഒരു യാഥാർത്ഥ്യമാണോ? ഏകദേശ ശതമാനം പറയാനാവുമോ?

b) മതപരമായിട്ടോ സിവിൽപരമായിട്ടോ അംഗീകരിക്കപ്പെടാത്ത ഐക്യങ്ങൾ ഉണ്ടോ? വിശ്വസനീയമായ സ്ഥിതിവിവരക്കണക്ക് ലഭ്യമാണോ?

c) നിങ്ങളുടെ പ്രാദേശികസഭയിൽ വേർപിരിഞ്ഞ ദമ്പതികളും വിവാഹമോചനം നേടി പുനർവിവാഹം ചെയ്തവരും ഉണ്ടോ? അവർ ഏകദേശം എത്ര ശതമാനമുണ്ട്? ഉചിതമായ അജപാലനകർമ്മപദ്ധതികളിൽ ഈ പ്രശ്നം നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു?

d) മുകളിൽക്കണ്ട എല്ലാ കാര്യങ്ങളിലും, ഈ ക്രമരഹിതസാഹചര്യത്തിൽ, എങ്ങനെയാണ് മാമ്മോദീസ സ്വീകരിച്ചവർ ജീവിക്കുന്നത്? അതേക്കുറിച്ചുള്ള അവരുടെ അവബോധമെന്ത്? അവർ നിസംഗരാണോ? തങ്ങൾ പാർശ്വവത്കരിക്കപ്പെട്ടവരായി അവർക്കു തോന്നുന്നുണ്ടോ? കൂദാശകൾ സ്വീകരിക്കാൻ സാധിക്കാത്തതിന്റെ പേരിൽ അവർ വിഷമിക്കുന്നുണ്ടോ?

e) വിവാഹമോചിതരായി വീണ്ടും വിവാഹം കഴിച്ചവർ ദിവ്യകാരു

ണ്യത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശകളെക്കുറിച്ച് എന്തു ചോദ്യങ്ങളാണ് സഭയോട് ഉന്നയിക്കുന്നത്? ഇത്തരം സാഹചര്യങ്ങളിലായിരിക്കുന്നവരിൽ എത്രപേർ ഈ കൂദാശകൾ ആവശ്യപ്പെടുന്നുണ്ട്?

f) വിവാഹബന്ധം അസാധുവായി പ്രഖ്യാപിക്കുന്ന കാനോനിക നടപടിയുടെ ലഘൂകരണം ഇതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാകുമോ? ആകുമെങ്കിൽ ഏതു രീതിയാണ് അത് സ്വീകരിക്കേണ്ടത്?

g) ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ശുശ്രൂഷ നിലവിലുണ്ടോ? ആ അജപാലനശുശ്രൂഷ വിവരിക്കുക; അത്തരം പ്രോഗ്രാമുകൾ ദേശീയ-രൂപതാതലങ്ങളിൽ നിലനില്ക്കുന്നുണ്ടോ? വേർപിരിഞ്ഞ ദമ്പതികളോടും വിവാഹബന്ധം ഉപേക്ഷിച്ച് പുനർവിവാഹം ചെയ്തവരോടും എങ്ങനെയാണ് കർത്താവിന്റെ കരുണ പ്രഘോഷിക്കുന്നത്? അവരുടെ വിശ്വാസയാത്രയിൽ എങ്ങനെയാണ് സഭ അവരെ പ്രായോഗികമായി സഹായിക്കുന്നത്?

**V. സ്വവർഗത്തിൽപ്പെട്ട വ്യക്തികളുടെ ഐക്യത്തെപ്പറ്റി**

a) സ്വവർഗത്തിൽപ്പെട്ട ആളുകളുടെ ഐക്യത്തെ അംഗീകരിക്കുന്നതും അതിനെ ഏതെങ്കിലുംവിധം വിവാഹത്തോടു തുല്യമാക്കുന്നതുമായ ഒരു സിവിൽ നിയമം നിങ്ങളുടെ രാജ്യത്ത് ഉണ്ടോ?

b) സ്വവർഗത്തിൽപ്പെട്ട വ്യക്തികളുടെ സിവിൽ ഐക്യത്തിന്റെ പ്രോത്സാഹകരെന്ന നിലയിൽ രാഷ്ട്രത്തോടും ഇത്തരം ഐക്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികളോടും നിങ്ങളുടെ പ്രാദേശികസഭയുടെ മനോഭാവം എന്താണ്?

c) സ്വവർഗഐക്യത്തിൽ ജീവിക്കുകയും കുട്ടികളെ ദത്തെടുക്കുകയും ചെയ്തവരുടെ കാര്യത്തിൽ വിശ്വാസകൈമാറ്റത്തിന് അജപാലനപരമായി എന്തുചെയ്യാനാവും?

**VI. ക്രമരഹിതവിവാഹങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസം**

a) ക്രമാനുസൃതമായി രൂപീകരിച്ചിട്ടുള്ള കുടുംബങ്ങളിൽ ജനിക്കുകയും വളർത്തപ്പെടുകയും ചെയ്യുന്ന കുട്ടികളെ അപേക്ഷിച്ച് ക്രമരഹിതമായ കുടുംബങ്ങളിലെ കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം എന്താണ്?

b) ക്രമരഹിതവിവാഹങ്ങളിലെ മാതാപിതാക്കന്മാർ എങ്ങനെയാണ് സഭയെ സമീപിക്കുന്നത്? എന്താണ് അവർ ആവശ്യപ്പെടുന്നത്? അവർ കൂദാശകൾ മാത്രമാണോ, അതോ മതബോധനവും മതത്തിന്റെ പൊതുപ്രബോധനവും കൂടി ആവശ്യപ്പെടുന്നുണ്ടോ?

c) ഈ കുട്ടികളുടെ മാതാപിതാക്കന്മാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ അതായത് ക്രൈസ്തവവിദ്യാഭ്യാസം നല്കാൻ പ്രാദേശികസഭകൾ എങ്ങനെയാണ് പരിശ്രമിക്കുന്നത്?

d) ഇക്കാര്യങ്ങളിലെ കൗദാശികപതിവ് എന്താണ്: ഒരുക്കൽ, കൂദാശയുടെ പരികർമ്മം, അനുഗമിക്കൽ?

**VII. ദമ്പതികളുടെ ജീവനോടുള്ള തുറവ്**

a) ഉത്തരവാദിത്വപൂർണമായ മാതൃത്വപിതൃത്വങ്ങളെക്കുറിച്ചുള്ള ആറാം പൗലോസ് മാർപാപ്പായുടെ മനുഷ്യജീവൻ എന്ന ചാക്രികലേഖനത്തിലെ പ്രബോധനങ്ങളെക്കുറിച്ച് ക്രൈസ്തവർക്ക് ഇന്ന് എന്ത് അറിവുണ്ട്? കുടുംബസംവിധാനത്തിന്റെ വിവിധ രീതികളെ ധാർമ്മികമായി എങ്ങനെ വിലയിരുത്തണമെന്ന് അവർക്ക് അറിയാമോ? ഇക്കാര്യത്തെക്കുറിച്ച് അജപാലനപരമായി എന്തെങ്കിലും ഉൾക്കാഴ്ചകൾ നല്കിയിട്ടുണ്ടോ?

b) ഈ ധാർമ്മികപ്രബോധനം സ്വീകരിക്കപ്പെട്ടിട്ടുണ്ടോ? ഈ പ്രബോധനം സ്വീകരിക്കുന്നതിന് അതിന്റെ ഏതു വശങ്ങളിലാണ് ബഹുഭൂരിപക്ഷം ദമ്പതികൾക്കും ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത്?

c) ഹുമാനേവീത്തേയുടെ പ്രബോധനങ്ങൾ പ്രയോഗത്തിലാക്കുന്നതിന് ദമ്പതികളെ സഹായിക്കാൻ ഏതു സ്വാഭാവികരീതികളാണ് പ്രാദേശികസഭകൾ പ്രോത്സാഹിപ്പിക്കുന്നത്?

d) കുമ്പസാരമെന്ന കൂദാശയുടെ പ്രയോഗത്തിലും വിശുദ്ധ കുർബാനയുടെ പങ്കെടുക്കലിലും ഈ വിഷയം സംബന്ധിച്ച് നിങ്ങളുടെ അനുഭവമെന്താണ്?

e) ഇക്കാര്യത്തിൽ സഭയുടെ പ്രബോധനവും രാഷ്ട്രം നല്കുന്ന വിദ്യാഭ്യാസവും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?

f) കുട്ടികൾ ഉണ്ടാകുന്നതിനെക്കുറിച്ച് എങ്ങനെ കൂടുതൽ തുറവുള്ള മനോഭാവം വളർത്താനാവും? കൂടുതൽ കുഞ്ഞുങ്ങളുടെ ജനനത്തെ എങ്ങനെ പ്രോത്സാഹിപ്പിക്കാനാവും?

**VIII. കുടുംബവും വ്യക്തിയും തമ്മിലുള്ള ബന്ധം**

a) മനുഷ്യവ്യക്തിയുടെ രഹസ്യവും വിളിയും യേശുക്രിസ്തു വെളിപ്പെടുത്തുന്നു. എങ്ങനെ കുടുംബത്തെ ഇതു സംഭവിക്കുന്നതിന് വിശേഷാനുകൂല്യമുള്ള വേദിയാക്കാം?

b) ഒരുവന് ഏതു വിഷമസ്ഥിതിമൂലമാണ് ക്രിസ്തുവിനെ കണ്ടുമുട്ടാൻ സാധിക്കാതാകുന്നത്?

c) ആളുകൾക്ക് അനുഭവപ്പെടാവുന്ന അനേകം വിശ്വാസസംഘർഷങ്ങൾ കുടുംബജീവിതത്തെ എത്രമാത്രം ബാധിക്കുന്നു?

**IX. മറ്റു വെല്ലുവിളികളും നിർദ്ദേശങ്ങളും**

മുകളിൽ കൊടുത്തിരിക്കുന്ന ചോദ്യാവലിയോടു ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും വിഷയങ്ങളും നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്നത് അവശ്യാവശ്യകമാണെന്നോ ഉപകാരപ്രദമാണെന്നോ നിങ്ങൾക്കു തോന്നുന്നുണ്ടോ?

വിവർത്തനം: **റവ. ഫാ. ജോസ് കോട്ടയിൽ**
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ

# രൂപതാകച്ചേരി വാർത്തകൾ

**പൗരോഹിത്യം സ്വീകരിക്കുന്നവർ**

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഡീക്കൻ ഫിലിപ്പ് (ജിന്റോ) മേക്കാട്ട്, തൃശൂർ മേരി മാതാ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഡീക്കൻ തോമസ് (അനീഷ്) കാട്ടാത്ത്, ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഡീക്കൻ ഫ്രാൻസീസ് (സാന്റോ) അമ്പലത്തറ എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നു. അവർക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു. നമുക്ക് അവർക്ക് വേണ്ടി പ്രാർത്ഥിക്കാം.

**തിരുപട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും താഴെ ചേർക്കുന്നു.**

2013 ഡിസം. 26 ഡീക്കൻ ഫിലിപ്പ് (ജിന്റോ) മേക്കാട്ട്, പാലേമാട്.
2013 ഡിസം. 30 ഡീക്കൻ തോമസ് (അനീഷ്) കാട്ടാത്ത്, കുറ്റിമൂല.
2013 ഡിസം. 31 ഡീക്കൻ ഫ്രാൻസീസ് (സാന്റോ) അമ്പലത്തറ, പോരൂർ.

**അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപതാ മിഷൻലീഗ് 2013 നവംബർ 9 ന് കോതമംഗലത്തു വച്ചു നടന്ന സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായി 9-ാം തവണയും ചാമ്പ്യൻഷിപ്പ് നേടി. ഈ വിജയങ്ങളുടെ പിന്നിൽ പ്രവർത്തിച്ച മിഷൻലീഗ് രൂപതാ ഡയറക്ടർ ബഹു. ഫാ. സോണി വടയാപറമ്പിൽ, രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മിഷൻലീഗ് അംഗങ്ങൾ ഏവർക്കും രൂപത മുഴുവന്റെയും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**കൂരിയ അവധി**

ഡിസംബർ 23 മുതൽ ജനുവരി 3 വരെ രൂപതാ കച്ചേരിക്കും രൂപതാ ഓഫീസിനും അവധിയായിരിക്കും.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## Common Programmes - 2014

| Date | Programme | Venue |
|---|---|---|
| February 9 Sunday | Appointment of New Priests | |
| February 24 Monday (Evening) 27 Thursday (Noon) | Young Priests' Course | Pastoral Centre |
| March 1 Saturday | Meeting of the Office Bearers of Associations | Pastoral Centre |
| March 6 Thursday | Meeting of the Major & Local Superiors of Women Religious Congregations | Pastoral Centre |
| March 8 Saturday | Pastoral Council | Pastoral Centre |
| March 10 Monday | Metting of the Major & Local Superiors of Men Religious Congregations | Bishop's House |
| March 12 Wednesday | Priests' Conference | Pastoral centre |
| March 31 Monday - Friday | Major Seminarians' Gathering | Minor Seminary & Parish |
| April 01 Tuesday | Minor Orders of Major Seminarians | Minor Seminary |
| April 05 Saturday | Death Anniversary of Mar Emmanuel Pothanamuzhy | Cathedral |
| May 01 Thursday | Diocesan Day Celebrations | Pastoral Centre |
| May 07 Wednesday | Minor Seminary Interview | Minor Seminary |
| May 10 Saturday | Meeting of Deacons & Parents | Bishop's House |
| May 17 Saturday | Transfer of Priests | |
| July 1 Tuesday | Presbyteral Council | Bishop's House |
| July 2 Wednesday | Meeting of Forane Vicars | Bishop's House |
| July 9 Wednesday | Meeting of the Directors of Institutions and Associations | Bishop's House |
| July 13 Sunday 15 Tuesday | Pastoral Planning Assembly | Pastoral Centre |

| | | |
|---|---|---|
| August 9 Saturday | Pastoral Council | Pastoral Centre |
| August 13 Wednesday | Priests' Conference | Pastoral Centre |
| September 10 Wednesday | Presbyteral Council | Bishop's House |
| September 14 Sunday to 19 Friday | Priests' Retreat - First Batch | Pastoral Centre |
| September 21 Sunday to 26 Friday | Priests' Retreat-Second Batch | Pastoral Centre |
| November 8 Saturday | Pastoral Council | Pastoral Centre |
| December 4 Thursday | Presbyteral Council | Bishop's House |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ബന്ധപ്പെട്ടവർ ദയവായി ഈ തീയതികൾ കുറിച്ചുവയ്ക്കുകയും പരിപാടികളിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അംഗങ്ങൾ എല്ലാവർക്കും സംബന്ധിക്കുവാനായി അന്നേ ദിവസങ്ങളിൽ സംഘടനകൾ പരിപാടികൾ സംഘടിപ്പിക്കാതിരിക്കുന്നത് ഉചിതമായിരിക്കും. അവിചാരിതമായ കാരണങ്ങളാൽ ഏതെങ്കിലും പ്രോഗ്രാമിൽ മാറ്റം വന്നാൽ രൂപതാ ബുള്ളറ്റിനിലൂടെയോ കത്ത് മുഖേനയോ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മതബോധനരംഗം

## ക്രിസ്തുമസ് ആശംസകൾ

മനുഷ്യമക്കളെ സ്വർഗ്ഗീയരാക്കാൻ ദൈവപുത്രൻ മനുഷ്യനാകുന്നു. ക്രിസ്തു ലോകത്തിനേകിയ രക്ഷയുടെ സന്ദേശം എല്ലാ മനുഷ്യരിലും എത്തുകയും അങ്ങനെ എല്ലാവരും ദൈവപിതാവിന്റെ മക്കളായിത്തീരുകയും ചെയ്യണമെന്നതാണ് പിതാവായ ദൈവത്തിന്റെ ആഗ്രഹം. രക്ഷയുടെ ഈ സന്ദേശമാണ് വിശ്വാസ പരിശീലന പ്രവർത്തനങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത്. വിശ്വാസ പരിശീലനമെന്ന ദൈവീക ദൗത്യത്തിൽ പങ്കുചേരുന്ന എല്ലാവർക്കും ഈശോയുടെ പിറവിത്തിരുനാളിന്റെ മംഗളങ്ങൾ.

## അർദ്ധവാർഷിക പരീക്ഷ

കുട്ടികളുടെ അർദ്ധവാർഷികപരീക്ഷ ഡിസംബർ 15-ാം തീയതിയാണ് എന്ന കാര്യം ശ്രദ്ധിക്കുക. പരീക്ഷാഫലം വിശകലനം ചെയ്ത് ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനങ്ങളും നൽകുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## ചോദ്യപേപ്പർ

ഡിസംബർ 13-ന് രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

## DCC പ്രത്യേക ശ്രദ്ധയ്ക്ക്

DCC രണ്ടും മൂന്നും വർഷ പഠിതാക്കളുടെ ക്ലാസും പരീക്ഷയും ഡിസംബർ 14-ന് ദ്വാരകയിൽ വച്ചും ഡിസംബർ 26-ന് മണിമൂളിയിൽ വച്ചും നടത്തുന്നതാണ്. സമയം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

## ബഹു. വികാരിയച്ചൻമാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം

ജനുവരി 11 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ബഹു. വികാരിയച്ചൻമാരുടെയും

പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം നടത്തുന്നു. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ ഈ വർഷത്തെ വില കൊണ്ടുവരണം. ഡിപ്ലോമ (X), സ്കോളർഷിപ്പ് (IV, VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് ഓഫീസിൽ ഏൽപ്പിക്കണം. HCC ഹാൾ ടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

## HCC (XI, XII) പരീക്ഷ

HCC വാർഷിക പരീക്ഷ ഫെബ്രുവരി 9-നാണ്. പരീക്ഷയിൽ പങ്കെടുക്കുവാൻ കുറഞ്ഞത് 80% ഹാജർ കുട്ടികൾക്ക് ഉണ്ടായിരിക്കണം. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന കുട്ടികളിൽ രൂപതയിൽ നിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി കോഴ്സിൽ പങ്കെടുത്തവർക്ക് പരീക്ഷ എഴുതാവുന്നതാണ്.

## HDC

ഹർത്താൽമൂലം മാറ്റിവച്ച 16-11-2013 ലെ ഒന്നാംവർഷ HDC ക്ലാസ് ഡിസംബർ 21-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ഫൊറോന വാർത്തകൾ

### നടവയൽ ഫൊറോന

നടവയൽ ഫൊറോനയിലെ മതാധ്യാപകരുടെ സംഗമം 9-11-2013 ശനിയാഴ്ച രാവിലെ 9.30 ന് വി.കുർബാനയോടുകൂടി ആരംഭിച്ചു. 'മതാധ്യാപകരും സഭാനേതൃത്വവും' എന്ന വിഷയത്തിൽ ഫാ. ടോമി എടാട്ട് (തലശ്ശേരി രൂപത) ന്റെ ക്ലാസ്സിനെ തുടർന്ന് ഫൊറോന ഡയറക്ടർ ഫാ. ശാന്തിദാസ് മുതുകാട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് ഉത്ഘാടനം ചെയ്തു.

ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ തള്ളിക്കളയണമെന്ന പ്രമേയം ഫൊറോന സെക്രട്ടറി ശ്രീ. ജോസ് താഴത്തേൽ അവതരിപ്പിച്ചു. ഫാ. ബാബു മാപ്ലശേരി, ഫാ. ജോസ് കുളിരാനി, ഫാ. സജി കാട്ടാംകോട്ടിൽ, റവ. ഫാ. ഷാജി മുളകുടിയാങ്കൽ എന്നിവർ യോഗത്തിൽ ആശംസാ സന്ദേശം നൽകി. വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ശ്രീ. തോമസ് പള്ളത്ത് സ്വാഗതവും ശ്രീ. മനോജ് നെല്ലിയാനി നന്ദിയും പറഞ്ഞു.

**സാഹിത്യ മത്സരവിജയികൾ**

**കവിത - അധ്യാപകർ**

| | |
|---|---|
| സി. സെലിൻ SJL ചെറുകാട്ടൂർ | Ist |
| സേവ്യർ പേരാമംഗലം വാളവയൽ | IInd |
| സാബു തേനേത്ത് പനമരം | IIIrd |

**തിരക്കഥ – അധ്യാപകർ**

| | |
|---|---|
| സി. എൽസ്‌ലിറ്റ് FCC പറളിക്കുന്ന് | Ist |
| സി. സെലിൻ SJL ചെറുകാട്ടൂർ | IInd |
| സി. ബിജി പോൾ CMC നടവയൽ | IIIrd |

**ചെറുകഥ – അധ്യാപകർ**

| | |
|---|---|
| സി. സെലിൻ SJL ചെറുകാട്ടൂർ | Ist |
| സി. റാണി FCC അരിഞ്ചേർമല | IInd |
| വത്സ വരിക്കാന വിളമ്പുകണ്ടം | IIIrd |

**ഉപന്യാസം – അധ്യാപകർ**

| | |
|---|---|
| സി. ഗ്രെയ്സ് ജേക്കബ് പനമരം | Ist |
| സി. എൽസ്‌ലിറ്റ് FCC പറളിക്കുന്ന് | IInd |
| ജെസി വടക്കേൽ കേണിച്ചിറ | IIIrd |

**ഉപന്യാസം – വിദ്യാർത്ഥികൾ**

| | |
|---|---|
| ആകാശ് പാലംപറമ്പിൽ പളറിക്കുന്ന് | Ist |
| ആർദ്ര പാലംപറമ്പിൽ പറളിക്കുന്ന് | IInd |
| മേരിശാലിനി കളപ്പുരയ്ക്കൽ കുറുമ്പാലക്കോട്ട | IIIrd |

**ചെറുകഥ**

| | |
|---|---|
| ലെജി പുളിക്കൽ പറളിക്കുന്ന് | Ist |
| ജെയ്ൻ ജോസഫ് നടവയൽ | IInd |
| അലീഡ ചിറ്റക്കാട്ട് കുറുമ്പാലക്കോട്ട | IIIrd |

**തിരക്കഥ**

| | |
|---|---|
| മെൽബിൻ വടക്കേക്കുടിയിൽ വിളമ്പുകണ്ടം | Ist |
| ലെജി പുളിക്കൽ പറളിക്കുന്ന് | IInd |
| ഷാരോൺ കോളോപ്പിള്ളിൽ ചെറുകാട്ടൂർ | IIIrd |

**കവിത**

| | |
|---|---|
| സിൽജ നെല്ലിയാനിയിൽ പറളിക്കുന്ന് | Ist |
| അനിഷ ആളുക്കാരൻ പറളിക്കുന്ന് | IInd |
| അനിറ്റ കാരാത്തറ പനമരം | IIIrd |

**നിറക്കൂട്ട് 2013 വിജയികൾ**

**1–ാം ക്ലാസ്**

| | |
|---|---|
| അലിന ഇരട്ടമുണ്ടയ്ക്കൽ നടവയൽ | Ist |
| എബിന മംഗലത്ത് പറളിക്കുന്ന് | IInd |
| ഡിഫ്ന വടക്കേക്കുടിയിൽ വിളമ്പുകണ്ടം | IIIrd |

**2–ാം ക്ലാസ്**

| | |
|---|---|
| സിയമടുക്കയിൽ പനമരം | Ist |
| ദിലു പ്ലാശനാൽ ചുണ്ടക്കര | IInd |
| അഭിഷേക് കുന്നുംപുറത്ത് കേണിച്ചിറ | IIIrd |

**3–ാം ക്ലാസ്**

| | |
|---|---|
| റൂഹ വാത്തുപറമ്പിൽ പനമരം | Ist |
| അനിറ്റ ജോണി മേപ്പാടത്ത് വിളമ്പുകണ്ടം | IInd |
| അലീന തൈപറമ്പിൽ കല്ലുവയൽ | IIIrd |

**4–ാം ക്ലാസ്**

| | |
|---|---|
| ജെയ്സ് പുത്തൻപുരയിൽ നടവയൽ | Ist |

ഐശ്വര്യ പന്നിക്കോട്ട് നെയ്ക്കുപ്പ IInd
ആഷ്മി ചിറ്റക്കാട്ട് കുറുമ്പാലക്കോട്ട IIIrd

**5–ാം ക്ലാസ്**

എലൻ റോസ് തോട്ടത്തിൽ വിളമ്പുകണ്ടം Ist
കീത്ത് ചെമ്പനായിൽ വിളമ്പുകണ്ടം IInd
സ്നേഹ കൂവക്കാട്ടിൽ വിളമ്പുകണ്ടം IIIrd

**6–ാം ക്ലാസ്**

ദിൽന പ്ലാശനാൽ ചുണ്ടക്കര Ist
ടോമിൻ പുത്തൻപുരയിൽ നടവയൽ IInd
ജെസ്റ്റീന കുമ്പളക്കുഴി വിളമ്പുകണ്ടം IIIrd

**7–ാം ക്ലാസ്**

ആൻസ് കളർതൊട്ടിയിൽ നടവയൽ Ist
ജോയൽ കുഴികണ്ടത്തിൽ നടവയൽ IInd
ആർദ്ര പാലംപറമ്പിൽ പറളിക്കുന്ന് IIIrd

**8–ാം ക്ലാസ്**

ഷാലറ്റ് പുളിയോരത്ത് ചുണ്ടക്കര Ist
നോവ ഇരട്ടമുണ്ടയ്ക്കൽ നടവയൽ IInd
ക്രിസ്റ്റി സെബാസ്റ്റ്യൻ വാളവയൽ IIIrd

**9–ാം ക്ലാസ്**

ഡോൺ വെണ്ണയപ്പിള്ളിൽ നടവയൽ Ist
ജോയ്സ് മുതിരക്കാലായിൽ ചെറുകാട്ടൂർ IInd
നിബിൻ പന്നിക്കോട്ട് നെയ്ക്കുപ്പ IIIrd

**10–ാം ക്ലാസ്**

ആകാശ് പാലംപറമ്പിൽ പറളിക്കുന്ന് Ist
അണ സ്റ്റെഫിൻ ഈന്തുങ്കൽ നടവയൽ IInd
പ്രിൻസ് വാഴയിൽ അരിഞ്ചേർമല IIIrd

**11–ാം ക്ലാസ്**

അക്ഷയ് കദളിക്കാട്ടിൽ വിളമ്പുകണ്ടം Ist
ബിനു പറപ്പള്ളിൽ നെയ്ക്കുപ്പ IInd

**12–ാം ക്ലാസ്**

മെൽബിൻ വടക്കേക്കുടിയിൽ വിളമ്പുകണ്ടം Ist
ആർഷൽ ചിരിയംകണ്ടത്ത് പറളിക്കുന്ന് IInd

**അധ്യാപകർ**

സി. എൽസ്ലിറ്റ് FCC പറളിക്കുന്ന് Ist
സി. ടെസ്ലിൻ CMC നടവയൽ IInd
സി. റോസ്മിൻ CMC നടവയൽ IIIrd

**കയ്യെഴുത്തുമാസിക**

വാളവയൽ (ലുമിന) Ist
പറളിക്കുന്ന് (മോറിയ) IInd
നടവയൽ (എവോദിയ) IIIrd

**സാഹിത്യമത്സരം**

പറളിക്കുന്ന് Ist
ചെറുകാട്ടൂർ IInd
പനമരം IIIrd

## Best Performance

നടവയൽ Ist, വിളമ്പുകണ്ടം IInd, പറളിക്കുന്ന് IIIrd

**ഫാ. റോയി വട്ടക്കാട്ട്** - മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ അച്ചൻമാരെ, സിസ്റ്റേഴ്സ്, മിഷൻലീഗ് അംഗങ്ങളെ,

സമാഗതമാകുന്ന ക്രിസ്തുമസിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ക്രിസ്തുമസ് വലിയൊരു ത്യാഗത്തിന്റെ കഥയാണ്. ദൈവത്തിന്റെ രൂപത്തിലായിരുന്നവൻ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന കഥ. "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവമാണ്" നമുക്കുണ്ടാകേണ്ടത്. (ഫിലിപ്പി. 2:5-7)

ഫുൾട്ടൻ ജെ. ഷീൻ പഠിപ്പിക്കുന്നു. ശൂന്യവൽക്കരണത്തിന്റെ ആൾരൂപമായി പുൽക്കൂട്ടിൽ പിറന്ന ഈശോയെ കാണുവാൻ രണ്ടുകൂട്ടർക്കേ കഴിഞ്ഞുള്ളൂ. തങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടെന്ന് അറിയാമായിരുന്ന ആട്ടിടയന്മാർക്കും, തങ്ങൾക്ക് ഇനിയും ഒത്തിരിയേറെ അറിയാനുണ്ടെന്ന് അറിയാമായിരുന്ന പൂജരാജാക്കന്മാർക്കും.

ശൂന്യവൽക്കരണത്തിന്റെ പരകോടിയാണ് പശുത്തൊഴുത്തിലെ പുൽക്കൂട്. പുൽക്കൂടിനെക്കാൾ പരമദയനീയമായിടത്തു ജീവിക്കുന്നവരിലേക്കും, യാതൊരു ജീവിതമാർഗ്ഗങ്ങളുമില്ലാത്ത നിസ്സഹായരിലേക്കുമാണ് ഓരോ ക്രിസ്മസ് ആചരണവും നമ്മെ കൊണ്ടുപോയി എത്തിക്കേണ്ടത്. സഹോദരന്റെ വേദനയും, ഏകാന്തതയും, ജീവിതനൊമ്പരങ്ങളും തൊട്ടറിയുവാനും അവരെ സഹായിക്കുവാനും സാധിക്കുമ്പോൾ നമ്മുടെ ക്രിസ്മസ് ആചരണം അർത്ഥവത്താകും.

ഒരുവാക്കു നന്ദി. ചെറുപുഷ്പമിഷൻലീഗ് ഈ വർഷവും ബൈബിൾ കലോത്സവത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഇതിന് പിന്നിലുള്ള പ്രിയ അച്ചൻമാരുടെയും സിസ്റ്റേഴ്സിന്റെയും മിഷൻലീഗ് അംഗങ്ങളുടെയും വലിയ അധ്വാനത്തെ ഹൃദയം നിറഞ്ഞ നന്ദിയോടെ ഓർക്കുന്നു. തുടർന്നും എല്ലാവിധ പ്രോത്സാഹനവും, സഹകരണവും ആഗ്രഹിക്കുന്നു.

ഒരിക്കൽക്കൂടി ഏവർക്കും ക്രിസ്മസ് മംഗളങ്ങൾ

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

**സംസ്ഥാന ബൈബിൾ കലോത്സവത്തിൽ മാനന്തവാടി രൂപത വീണ്ടും ഒന്നാം സ്ഥാനത്ത്**

നവംബർ 9-ന് മൂവാറ്റുപുഴ നിർമ്മല കോളേജിൽ വെച്ചുനടന്ന ബൈബിൾ കലോത്സവത്തിൽ മാനന്തവാടി രൂപത തുടർച്ചയായി 10-ാം തവണയും ഓവറോൾ കിരീടം നേടി. പാല, കോതമംഗലം യഥാക്രമം രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കി. രൂപതയുടെ ഈ വിജയത്തിനുപിന്നിൽ

പ്രവർത്തിച്ച ബഹു. വൈദികർ, സിസ്റ്റേഴ്സ്, ശാഖ, മേഖല, രൂപത ഭാരവാഹികൾ മാതാപിതാക്കൾ, മതാധ്യാപകർ എന്നിവരെ ഏറെ നന്ദിയോടെ സ്മരിക്കുന്നു. തമ്പുരാൻ ദാനമായി നൽകിയ താലന്തുകളെ കണ്ടെത്തി നിരന്തരമായ പരിശീലനത്തിലൂടെ മത്സരവേദിയിലെത്തിയ മുഴുവൻ അംഗങ്ങൾക്കും സമ്മാനങ്ങളും, ഗ്രേഡുകളും ലഭിക്കുകയുണ്ടായി. രൂപതയ്ക്ക് വിജയകിരീടം നേടിതന്ന എല്ലാ മിഷൻലീഗ് പ്രതിഭകൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

വിഹിതങ്ങൾ (രൂപത, സംസ്ഥാനം, പലതുള്ളി, കലണ്ടർതുക രൂപതയിൽ ഏല്പിക്കാത്ത ശാഖകൾ എത്രയും പെട്ടെന്ന് തന്നെ മിഷൻലീഗ് ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി - ഡിസംബർ 14 ന്**

ഡിസംബർ 14-ാം തീയതി ഈ പ്രവർത്തനവർഷത്തിന്റെ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി രാവിലെ 10 മണിമുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മാനേജിംഗ് കമ്മറ്റിയിൽ മുഴുവൻ മേഖല ഭാരവാഹികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മാസറിപ്പോർട്ടുകൾ തരാത്ത മേഖലകൾ എത്രയും പെട്ടെന്ന് എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മേഖല സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾവാക്യ പഠനമത്സരം**

ഡിസംബർ 26-ന് രാവിലെ 9.30 ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് ബൈബിൾ വാക്യ പഠനമത്സരം നടത്തപ്പെടുന്നു. ജൂണിയർ, സീനിയർ വിഭാഗത്തിൽ മേഖലയിൽ നിന്നും വിജയിച്ചവരാണ് രൂപതാതലത്തിൽ പങ്കെടുക്കേണ്ടത്. അതിനാൽ എത്രയും പെട്ടെന്ന് മേഖലാതല മത്സരം സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശം**

ചെറുപുഷ്പ മിഷൻലീഗ് ഡിസംബർ 23-ാം തീയതി മാനന്തവാടി ഗാന്ധിപാർക്കിൽ വച്ച് ക്രിസ്തുമസ് ലഹരിവിരുദ്ധ പരമ്പര ക്രമീകരിക്കുന്നു. രൂപത സംസ്ഥാനതലങ്ങളിൽ പ്രസംഗത്തിൽ വിജയം നേടിയ കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം നൽകും.

**ഉപന്യാസമത്സരം**

രൂപതയിലെ മതാദ്ധ്യാപകർക്കുവേണ്ടി മിഷൻലീഗ് ക്രമീകരിച്ച ഉപന്യാസ മത്സരത്തിൽ രചനകൾ ഇനിയും നൽകാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 5-നകം രൂപത ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

**വചനതാരം**

'വചനതാരം' ബൈബിൾ പഠനമത്സരത്തിൽ ഇനിയും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 10 നകം ഓഫീസിൽ വിവരം അറിയിക്കേണ്ടതാണ്.

**എയ്ഞ്ചൽമീറ്റ്, ജപമാല സൈന്യസംഗമം, ദിവ്യകാരുണ്യ കൺവെൻഷൻ**

കഴിഞ്ഞ വർഷങ്ങളിലേതുപോലെതന്നെ ഈ പ്രവർത്തനവർഷത്തിലും എയ്ഞ്ചൽമീറ്റ് ജപമാല സൈന്യസംഗമം, ദിവ്യകാരുണ്യ

കൺവെൻഷൻ ഇവ ക്രമീകരിക്കുവാൻ മേഖല ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന കലാസാഹിത്യ മത്സരവിജയികൾ**

**ബൈബിൾവായന-സബ്ജൂണിയർ**

| | | |
|---|---|---|
| A | ജോബിൻ കല്ലറയ്ക്കൽ | ചെറുകാട്ടൂർ |
| B | ജേക്കബ് വാഴപ്പള്ളി | പുഴമുടി |
| II A | ലിറ്റിൽട്രീസ അയ്യാനിക്കാട്ട് | സീതാമൗണ്ട് |
| III A | മെൽന കല്ലുങ്കത്തറ | ഇരുളം |

**ക്വിസ്-ജൂണിയർ**

| | | |
|---|---|---|
| I A | ജോയേൽ അരുമായിൽ | ചോക്കാട് |
| II A | സെബാസ്റ്റ്യൻ തുണ്ടത്തിൽ | ധർമ്മഗിരി |
| I A | ക്രിസ്റ്റീന ആഞ്ചേരി | അമ്പായത്തോട് |
| II A | ജെസ്ന താഴത്തുമുറി | കാട്ടിക്കുളം |

**സീനിയർ**

| | | |
|---|---|---|
| I A | ജിതിൻ ചേറാടിയിൽ | പാലാങ്കര |
| III A | തോമസ് മൈലാടൂർ | കൊമ്മയാട് |
| I A | അമൃത ചിറമുഖം | പ്രശാന്തഗിരി |
| III A | ആര്യ പാറേക്കാട്ടിൽ | തോമാട്ടുചാൽ |

**സൂപ്പർസീനിയർ**

| | | |
|---|---|---|
| A | ജോഷി താണോലിൽ | ധർമ്മഗിരി |
| B | കുര്യാച്ചൻ ചിറമുഖം | പ്രശാന്തഗിരി |
| A | സാലി മന്ദംകോലിൽ | ഇടിവണ്ണ |
| A | മേരിക്കുട്ടി കുന്നത്തുകുഴി | കമ്മന |

**സംഗീതം-സബ്ജൂണിയർ**

| | | |
|---|---|---|
| A | ഡെൽസൻ ജോസ് വാളായിൽ | കണിയാരം |
| A | ക്രിസ്റ്റോ തൊട്ടവേലിൽ | പഴൂർ |
| B | ആൻഅന്ന കരുവൻമാക്കൽ | മീനങ്ങാടി |
| B | സോന കൊല്ലംപറമ്പിൽ | പാതിരിപ്പാടം |

**ജൂണിയർ**

| | | |
|---|---|---|
| A | അമയ് ഉറവാറന്തറ | ഇടിവണ്ണ |
| A | ഗോഡ്വിൻ മറ്റത്തിനാനിക്കൽ | യവനാർകുളം |
| A | ധനു തേക്കുംകാട്ടിൽ | ആടിക്കൊല്ലി |
| A | സാന്ദ്ര തൊട്ടുവേലിൽ | പഴൂർ |

**സീനിയർ**

| | | |
|---|---|---|
| A | ആന്റു സോണി പുറവടി | നിലമ്പൂർ |
| A | അമൽ കാലായിൽ | വെള്ളൂന്നി |
| III A | മരിയ കണിയമാംകുന്നേൽ | പാലാങ്കര |
| A | റോസ മുകളേൽ | കല്ലോടി |

**സൂപ്പർസീനിയർ**

| | | |
|---|---|---|
| III A | ഷിനു മഠത്താശേരി | പ്രശാന്തഗിരി |

| | | |
|---|---|---|
| A | നെവൽ പുതിയകുന്നത്ത് | ബത്തേരി |
| I A | റോസ്മരിയ ഉറുമ്പിൽ | കബനിഗിരി |
| A | ആതിര നമ്പുടാകം | ചുങ്കക്കുന്ന് |
| **ഡാൻസ് - സബ്ജൂണിയർ** | | |
| II A | മേരി വേഴംപറമ്പിൽ | കണിയാരം |
| A | സോണറ്റ് പാഴൂക്കാല | പാടിച്ചിറ |
| **ജൂണിയർ** | | |
| A | അമിത വാഴപറമ്പിൽ | അമരക്കുനി |
| A | ട്രീസമരിയ മച്ചുകുഴി | നിലമ്പൂർ |
| **പ്രസംഗം - സബ്ജൂണിയർ** | | |
| A | ക്രിസ്റ്റോ പറയിടം | യവനാർകുളം |
| A | അമൽ പള്ളത്ത് | കല്ലോടി |
| II A | സാന്ദ്ര മുണ്ടുനടയ്ക്കൽ | തവിഞ്ഞാൽ |
| A | എമിൽ പറയകാട്ടിൽ | കല്ലോടി |
| **ജൂണിയർ** | | |
| A | ആന്റോ കൈതാരം | കണിയാരം |
| A | ആമോദ് കല്ലറയ്ക്കൽ | ആറാട്ടുതറ |
| A | അല പള്ളത്ത് | കല്ലോടി |
| A | ആൻ വാരികാട്ട് | മീനങ്ങാടി |
| **സീനിയർ** | | |
| B | അമൽ കൊളവേലി | മരകാവ് |
| B | മെൽബിൻ വടക്കേക്കുടിയിൽ | വിളമ്പുകണ്ടം |
| A | ജോസിയ പാലത്തുംതലയ്ക്കൽ | മുതിരേരി |
| A | ആതിര കുന്നുമ്മേൽ | ചെറുകാട്ടൂർ |
| **സൂപ്പർ സീനിയർ** | | |
| II A | ബിജോയ് കേളങ്ങാട്ടിൽ | ആലാറ്റിൽ |
| III A | ജിജിൽ കിഴക്കരക്കാട്ട് | കുഞ്ഞോം |
| II A | ലിറ്റി വെണ്ടർമ്യാലിൽ | പുതിയിടംകുന്ന് |
| A | ഷീന മുണ്ടാടൻ | തവിഞ്ഞാൽ |
| **കഥാപ്രസംഗം - സബ്ജൂണിയർ** | | |
| A | അനിറ്റ് മാമ്പ്ര | നരിവാലമുണ്ട |
| **ജൂണിയർ** | | |
| II A | അലീന പാലത്തിങ്കൽ | മാർട്ടിൻനഗർ |
| **സീനിയർ** | | |
| I A | അഞ്ജലി പുത്തൻപുരയ്ക്കൽ | പയ്യമ്പള്ളി |

| | |
|---|---|
| **മിഷനാന്തം** | I A തവിഞ്ഞാൽശാഖ |
| **പരിചമുട്ട്** | III A പാൽച്ചുരം ശാഖ |
| **ദൃശ്യാവതരണം** | III A തവിഞ്ഞാൽശാഖ |
| **മാർഗ്ഗംകളി** | A മുള്ളൻകൊല്ലിശാഖ |
| **സമൂഹഗാനം** | A നടവയൽശാഖ |

**ജലഛായം - സബ്ജൂണിയർ**

| | | |
|---|---|---|
| I A | ആൽബർട്ട് കുഴികണ്ടത്തിൽ | നടവയൽ |
| A | ആൻഡ്രിയ കളമ്പുകാട്ട് | TC മാനന്തവാടി |

**ചിത്രരചന - ജൂണിയർ**

| | | |
|---|---|---|
| I A | അർനോൾഡ് വാഴപറമ്പിൽ | പുൽപ്പള്ളി |
| II A | എയ്ഞ്ചൽമേരി കാട്ടുകുന്നേൽ | കാവുംമന്ദം |

**സീനിയർ**

| | | |
|---|---|---|
| I A | അബിൻ കുഴികണ്ടത്തിൽ | നടവയൽ |
| II A | അഭിജിത് കാഞ്ഞിരപ്പാറ | മുള്ളൻകൊല്ലി |

**ചെറുകഥ - ജൂണിയർ**

| | | |
|---|---|---|
| III A | അജോ നെടുങ്കയം | ഇടിവണ്ണ |
| B | അക്ഷയ് നീറാമ്പുഴ | അരിഞ്ചേർമല |
| I A | റിഞ്ചു കരിമാലിൽ | നെടുമ്പാല |
| B | ഇസബെൽ കണിയോടിക്കൽ | തെനേരി |

**സീനിയർ**

| | | |
|---|---|---|
| A | ആൽബിൻ കൂനത്ത് | പുതുശേരി |
| B | സച്ചിൻ ഇലവുങ്കൽ | മരകാവ് |
| III A | ഡാനി പരിയാരത്ത് | ചുള്ളിയാന |
| A | ജിതിയ പനക്കൽ | നടവയൽ |

**സൂപ്പർസീനിയർ**

| | | |
|---|---|---|
| A | മെജോഷ് പുന്നകോട്ടിൽ | പഴൂർ |
| B | തോമസ് വയലിൽ | ചെന്നലോട് |
| I A | അഞ്ജലി കറുത്തേടത്ത് | T.C. മാനന്തവാടി |
| A | ജിഷ കൊമ്പനാതോട്ടത്തിൽ | നരിവാലമുണ്ട |

**ഉപന്യാസം - ജൂണിയർ**

| | | |
|---|---|---|
| I A | ക്രിസ്റ്റിൻ മുണ്ടുപറമ്പിൽ | മംഗളം |
| B | മനു തച്ചപ്പള്ളി | വിമലഗിരി |
| A | അഖില പുതിയകുന്നേൽ | സീതാമൗണ്ട് |
| A | ക്രിസ്റ്റി വടക്കേക്കര | ഒറ്റപ്ലാവ് |

**സീനിയർ**

| | | |
|---|---|---|
| A | അമൽ കൊളവേലി | മരകാവ് |
| A | അബിനോ അഴകനാൽ | നെടുമ്പാല |
| A | ജോസിയ പാലത്തുതലയ്ക്കൽ | മുതിരേരി |
| A | ഹെൽന വെള്ളിയാംകണ്ടത്തിൽ | കല്ലോടി |

**സൂപ്പർസീനിയർ**

| | | |
|---|---|---|
| B | പയസ് അരുമായിൽ | ചോക്കാട് |
| C | നിജു കരോട്ടുകുന്നേൽ | പാതിരിപ്പാടം |
| I A | ഷീജ കാഞ്ഞിരക്കാട്ട് | കണിയാരം |
| A | ജെസി വടക്കുംപാടം | മച്ചികൊല്ലി |

**കവിത - ജൂണിയർ**

| | | |
|---|---|---|
| II A | ആമോദ് കല്ലറയ്ക്കൽ | ആറാട്ടുതറ |
| B | എബിൻ മങ്ങാട്ടുകുന്നേൽ | പാടിച്ചിറ |
| III A | ജോസ്ന തിരുവാകുന്നേൽ | മുതിരേരി |
| C | അപർണ്ണ കുറുമ്പാലകാട്ട് | ആടികൊല്ലി |

**സീനിയർ**

| | | |
|---|---|---|
| III A | അഖിൽ ആളൂക്കാരൻ | പറളിക്കുന്ന് |
| A | അബിൻ പേടപ്പാട്ട് | തോമാട്ടുചാൽ |
| I A | ചെൽസിയ നരികുന്നേൽ | കേണിച്ചിറ |
| III A | അമൃത ആളാത്ത് | പുൽപ്പള്ളി |

**സൂപ്പർസീനിയർ**

| | | |
|---|---|---|
| II A | ജിജിൽ കിഴക്കരക്കാട്ട് | കുഞ്ഞോം |
| III A | റെജി കാവനമാലിൽ | ദീപ്തിഗിരി |
| I A | ലിറ്റി വെണ്ടർമ്യാലിൽ | പുതിയിടംകുന്ന് |
| III A | ലിയ കുന്നുംപുറം | കാരയ്ക്കാമല |

ജൂണിയർ ഗേൾസ്, സീനിയർ ബോയ്സ്, സീനിയർ ഗേൾസ്, സൂപ്പർസീനിയർ ഗേൾസ് എന്നീ വിഭാഗത്തിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കിവിട്ട ഡയറക്ടറച്ചന്മാർക്കും, ജോ. ഡയറക്ടേഴ്സിനും, കുട്ടികളുടെ മാതാപിതാക്കൾക്കും, മത്സരാർത്ഥികൾക്കും, രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**മേഖലാവാർത്തകൾ**

**തരിയോട് -** ജയിൽസന്ദർശനം നടത്തി.

**കൊട്ടിയൂർ -** കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരെ പ്രതിഷേധിച്ചു.

**നടവയൽ -** മിഷൻവിളമ്പര സൈക്കിൾറാലി നടത്തി.

**പലതുള്ളി തന്നശാഖകൾ -** തേൾപ്പാറ-200, ചുള്ളിയോട്-162, തൃശിലേരി-150, തോണിച്ചാൽ-270, മണിമൂളി-500, പൂളപ്പാടം-750, പാൽച്ചുരം-100, കുറുമണി-100, പുതിയിടം-200, ചാരിറ്റി-100.

**മിഷൻഞായർ വിഹിതം തന്നശാഖകൾ -** റിപ്പൺ-300, കൊളവയൽ-400, തൃശിലേരി-500, പുതിയിടം-600, കരിമാനി-1000, അമ്പലവയൽ-500, വടപുറം-1000, തോണിച്ചാൽ-500, പൂളപ്പാടം-600, പാൽച്ചുരം-500, വൈത്തിരി-3500, റൂബിനഗർ -350, ഞാറപ്പാടം-650, പ്രശാന്തഗിരി-300, കുറുമ്പാല-1000, പുതുശേരിക്കടവ്-300, മൂലങ്കാവ്-1000, കുറുമണി-250, ഒലിവുമല-500, തലപ്പുഴ-500.

**ശാഖാവാർത്തകൾ**

*പനവല്ലി :-* സി.എം.എൽ. അംഗങ്ങൾ വിവിധ ഭവനങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*പന്തിപോയിൽ :-* സൗഹൃദസന്ദർശനം നടത്തി.

*ആടികൊല്ലി :-* ലഹരിക്കെതിരെ കൊളാഷ് സംഘടിപ്പിച്ചു.

*കല്ലോടി :-* ദൈവവിളി സെമിനാർ നടത്തി.

*കൊളവയൽ :-* സിമിത്തേരി വൃത്തിയാക്കി.

*ചാരിറ്റി :-* മാധ്യമദിനം ആചരിച്ചു.

*ഒലിവുമല :-* ഉപവാസദിനം അനുഷ്ഠിച്ചു.

*മംഗലശേരി :-* പള്ളിപണി ഫണ്ടിലേക്ക് സംഭാവനകൾ നൽകിയ 2 കുട്ടികളെ അനുമോദിച്ചു.
*നരിവാലമുണ്ട :-* സ്നേഹസ്പർശനം കൂട്ടായ്മനടത്തി.
*കല്ലുമുക്ക് :-* സിമിത്തേരി സന്ദർശനം നടത്തി.
*പുതിയിടം :-* നിർദനയായ ഒരുകുട്ടിക്ക് ഒരുമാസത്തേക്കുള്ള യാത്രാകൂലി (പഠനത്തിന്) നൽകി.
*കമ്മന :-* മിഷൻസന്ധ്യ, ലഹരിവിരുദ്ധറാലി നടത്തി.
*നെടുമ്പാല :-* റോഡ് സൈഡ്, ബസ്റ്റാന്റ് വൃത്തിയാക്കി.
*അപ്പപ്പാറ :-* ചെയിൻ റോസറി നടത്തി.
*കരിമാനി :-* സിമിത്തേരി സന്ദർശനം നടത്തി.
*ശിശുമല :-* ബൈബിൾ പഠനശില്പശാല നടത്തി.
*മരക്കടവ് :-* രോഗീസന്ദർശം നടത്തി.
*കൽപ്ര :-* റോഡ് നന്നാക്കി, കാടുകൾ വെട്ടിതെളിച്ചു.
*കുറുമണി :-* സി.എം.എൽ. ന്റെ ആഭിമുഖ്യത്തിൽ 3 കുടുംബങ്ങൾക്ക് 3 ആടിനെ വളർത്താൻ കൊടുത്തു.
*ഇടിവണ്ണ :-* രോഗീസന്ദർശനം നടത്തുകയും സഹായമായി 5000 രൂപ നൽകുകയും ചെയ്തു.
*റൂബിനഗർ :-* പ്രാർത്ഥനാദിനം ആചരിച്ചു.
*തരിയോട് :-* 'മഴത്തുള്ളി' കൈയെഴുത്തുമാസിക പ്രസിദ്ധീകരിച്ചു.
*പുതുശേരികടവ് :-* ലഹരിവിരുദ്ധ ദിനം ആചരിച്ചു.
*മൂലങ്കാവ് :-* ദീപശിഖ പ്രയാണം നടത്തി.
*കാവുംമന്ദം :-* മദ്യത്തിനും മയക്കുമരുന്നിനുമെതിരെ തെരുവുനാടക മത്സരം നടത്തി.
*വെള്ളൂന്നി :-* സെമിത്തേരി വൃത്തിയാക്കി.
*കുറുമ്പാല :-* കാഴ്ചസമർപ്പണം നടത്തി ലഭിച്ച അരി പാവപ്പെട്ട കുടുംബത്തിന് നൽകി.
*വാഴവറ്റ :-* പരി.അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ജപമാല പ്രയാണം നടത്തി.
*പ്രശാന്തഗിരി :-* സെമിത്തേരി സന്ദർശനം നടത്തി.
*ജൂഡ്സ്മൗണ്ട് :-* അനുദിനവിശുദ്ധർ വായിക്കുന്നു.
*മണിമൂളി :-* പരിസരം വൃത്തിയാക്കി.
*പയ്യമ്പള്ളി :-* 'ലഹരി കുട്ടികളിൽ' എന്ന വിഷയത്തിൽ ചിത്രരചന മത്സരം നടത്തി.
*പാലാങ്കര :-* വചനദിനം ആചരിച്ചു.
*പടമല :-* സെമിനാർ നടത്തി.
*ചിത്രഗിരി :-* വചനവാക്യ പഠനമത്സരം നടത്തി.
*കയ്യൂന്നി :-* ഭവനസന്ദർശനം നടത്തി.
*വൈത്തിരി :-* അനാഥമന്ദിരം സന്ദർശിച്ചു.
*തലഞ്ഞി :-* ദൈവവിളിദിനം ആചരിച്ചു.
*കാട്ടികുളം :-* കരുണാഭവൻ സന്ദർശനം നടത്തി.
*ചുങ്കക്കുന്ന് :-* ക്രിസ്റ്റീൻ ഫോളോഅപ് പ്രോഗ്രാം നടത്തി.
*ഞാറപ്പാടം :-* 80 നോട്ടുബുക്കുകൾ മണ്ഡ്യ രൂപതയിലെ ഓർഫനേജുകൾക്ക് നൽകി.

*തവിഞ്ഞാൽ :–* മിഷൻസന്ദേശ സൈക്കിൾറാലി നടത്തി.
*ചൂരൽമല :–* ഭവനസന്ദർശനം നടത്തി.
*പോരൂർ :–* 'ചെറുപുഷ്പവും-ദിവ്യകാരുണ്യ ഭകതിയും' സെമിനാർ നടത്തി.
*ധർമ്മഗിരി :–* രോഗീദിനാചരണം നടത്തി.
*നിലമ്പൂർ :–* 'വിശ്വാസ വചനരശ്മി' തയ്യാറക്കി.
*പാറത്തോട്ടം :–* സ്നേഹാലയം സന്ദർശിച്ചു.
*വാകേരി :–* മുദ്രാവാക്യവിളി മത്സരം നടത്തി.
*ഒറ്റപ്ലാവ് :–* മിഷനറിദിനം ആചരിച്ചു.
*തൃശിലേരി :–* വിയാനിഭവൻ സന്ദർശിച്ചു.
*മുട്ടിയേൽ :–* അംഗങ്ങൾ വചനം പഠിച്ച് എഴുതിയിടുന്നു. നറുക്കുകിട്ടുന്ന കുട്ടി വചനം പറഞ്ഞ് കുർബാനയ്ക്ക് മുമ്പ് നിലവിളക്ക് തെളിക്കുന്നു.
*പട്ടാണികൂപ്പ് :–* ജപമാല സൈന്യം, അൾത്താരബാലസംഘം മീറ്റിംഗ് നടത്തി.
*പുൽപ്പള്ളി :–* പള്ളിപരിസരം വൃത്തിയാക്കി.
*അമരക്കുനി :–* കാട്ടികുളം കരുണാഭവൻ സന്ദർശിച്ചു.
*അമ്പായത്തോട് :–* സെമിത്തേരി വൃത്തിയാക്കി.
*കുറുമ്പാലകോട്ട :–* നിറകൂട്ട് മത്സരം നടത്തി.
*പനഞ്ചിറ :–* വൃദ്ധരായ മാതാപിതാക്കളെ ആദരിച്ചു.
*വഞ്ഞോട് :–* കപ്പേള വൃത്തിയാക്കി.
*മുണ്ടേരി :–* കൊളാഷ് മത്സരം നടത്തി.
*യവനാർകുളം :–* സ്നേഹവിരുന്ന് നടത്തി.
*ആറാട്ടുതറ :–* ആരാധന നടത്തി.
*ബത്തേരി :–* ഗവ. ഹോസ്പിറ്റൽ സന്ദർശിക്കുകയും 2000 രൂപയും ഭക്ഷണസാധനങ്ങളും നൽകി.
*കരിമ്പിൽ :–* സമാധരം നടത്തി.
*പൂളപ്പാടം :–* മിഷൻഗ്രാമത്തിലേക്ക് കത്തയച്ചു.
*മുതിരേരി :–* കൊളാഷ് മത്സരം നടത്തി.
*തൃശിലേരി :–* പള്ളിപരിസരം വൃത്തിയാക്കി.
*തോണിച്ചാൽ :–* ഭവനസന്ദർശനം നടത്തി.
*വടപുറം :–* സെമിനാർ നടത്തി.
*വിളമ്പുകണ്ടം :–* സ്നേഹവിരുന്ന് നടത്തി.
*അമ്പലവയൽ :–* 65 വയസിനുമുകളിൽ പ്രായമുള്ളവരെ പൊന്നാടയണിയിച്ചു.
*എടയൂർകുന്ന് :–* ആരാധന നടത്തി.
*ദീപ്തിഗിരി :–* പ്രസംഗ പരിശീലനം നൽകി.
*മൺവയൽ :–* സേവനദിനം ആചരിച്ചു.

ഇന്നലകളെ പ്രകാശമാനമാക്കി ഇന്നിന്റെ ഉമ്മറപ്പടിയിൽ നാളയെ ഉറ്റുനോക്കുന്ന നമുക്കോരോരുത്തർക്കും ഉണ്ണിയേശുവിന്റെ വരവിനായി കാത്തിരിക്കാം. അതിനായി നമ്മുടെ അകതാരൊരുക്കാം.

എന്ന് നിങ്ങളുടെ സ്വന്തം, **രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

**മാനന്തവാടി രൂപത യുവജനസമ്മേളനം - 2013**

രൂപത യുവജനസമ്മേളനം നവംബർ 2-ന് നടത്തപ്പെട്ടു. രാവിലെ 10.30 ന് മാനന്തവാടി ടൗൺചർച്ചിൽ വച്ച് റവ.ഫാ. മാത്യു പെരുമാട്ടികുന്നേൽ റാലി ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനത്തിന്റെ മുൻപ്രസിഡന്റുമാരായിരുന്ന ശ്രീ. സണ്ണി ചാലിൽ, ശ്രീ. സജിൻ ചാലിൽ, ശ്രീ. ബിനോയ് പാനികുളം എന്നിവരുടെ കരങ്ങളിലൂടെ കെ.സി.വൈ.എം. പതാക രൂപത പ്രസിഡന്റ് ശ്രീ. ജിതേഷ് ജോസ് മുളയ്ക്കകുന്നേലിന് കൈമാറി. സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളായ സിബിൻ പാലമൂട്ടിൽ, വിനു വാണിയപ്പിള്ളിൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, സിനോ പാറക്കാലായിൽ, സജീഷ് കടിയിങ്കൽ, ആബേൽ, ജോസ്ന, ഷൈനി എന്നിവർ റാലിക്ക് നേതൃത്വം നൽകി. മാനന്തവാടി കമ്മ്യൂണിറ്റി ഹാളിൽ എത്തിചേർന്ന റാലിക്ക്ശേഷം നടന്ന പൊതുസമ്മേളനം തരിയോട് മേഖല ആനിമേറ്റർ സി. റോസ്മിൻ എസ്.എച്ച്. നടത്തിയ വചനപ്രതിഷ്ഠയോടുകൂടി ആരംഭിച്ചു. കെ.സി.വൈ.എം. രൂപത ജനറൽസെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര സ്വാഗതവും, രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണവും നടത്തി. ശ്രീ. ജിതേഷ് മുളയ്ക്കകുന്നേൽ അധ്യക്ഷനായിരുന്നു. മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മാനന്തവാടി രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. വെരി. റവ.ഫാ. മാത്യു മാടപ്പള്ളികുന്നേൽ പ്രതിഭകളെ ആദരിച്ചു. ആദരിക്കപ്പെട്ട പ്രതിഭകൾ. പെരി. ബഹു. ഫാ. ജോർജ് മമ്പള്ളിൽ (കല്ലോടി ഫൊറോന വികാരി), ശ്രീ. ബെനിൽഡ് ജോസഫ് (ചീഫ് കൺസൾട്ടന്റ്, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, ഡൽഹി), ശ്രീ. ബോബിൻസ് മാത്യു താളിമറ്റത്തിൽ (Ist Rank LGS Exam 2012), ശ്രീമതി മിനിമോൾ ജോബിൻ (ക്യാപ്റ്റൻ, ഇന്ത്യൻ വനിതവോളിബോൾ ടീം), ശ്രീ. ജോസ് പള്ളത്ത് (മുൻ മിജാർക്ക് ഏഷ്യൻ പ്രതിനിധി), ശ്രീ. ഷംജിത്ത് ചേലയ്ക്കൽ (സംസ്ഥാന സെനറ്റ് മെമ്പർ), കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ മാത്യു മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. രൂപത വൈസ്പ്രസിഡന്റ് ഫ്രൻസി മണ്ണിശേരി, സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ. സജിൻ ചാലിൽ, രൂപത ആനിമേറ്റർ റവ.സി. ലിൻസ എഫ്.സി.സി., മാനന്തവാടി മേഖല ഡയറക്ടർ റവ.ഫാ. മനോജ് അമ്പലത്തിങ്കൽ, മാനന്തവാടി മേഖല പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ കീച്ചംകേരി, കെ.സി.വൈ.എം. പ്രഥമപ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തിങ്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ. എബിൻ മുട്ടപ്പള്ളി സമ്മേളനത്തിന് നന്ദിയർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം കെ.സി.ബി.സി. ഫാമിലി കമ്മീഷൻ സെക്രട്ടറി & സ്റ്റേറ്റ് ഡയറക്ടർ ആയ വെരി. റവ.ഫാ. ജോസ് കോട്ടായിൽ 'കത്തോലിക്ക വിശ്വാസം യുവത്വത്തിന്റെ സമഗ്രവളർച്ചയ്ക്ക്' എന്ന വിഷയത്തെ അടിസ്ഥാ

നപ്പെടുത്തി ക്ലാസ് നയിച്ചു. കർഷകരെ ദ്രോഹിക്കുന്ന ഒരു നടപടിയും സമ്മതിക്കുകയില്ലെന്നും, കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഏതറ്റം വരെയും പോകാൻ കെ.സി.വൈ.എം. ഒരുക്കമാണെന്ന് അംഗങ്ങൾ ഉറപ്പു നൽകി. ആയിരത്തോളം യുവജനങ്ങൾ പങ്കെടുത്ത യുവജനസമ്മേളനം വിജയകരമാക്കി തീർക്കാൻ പ്രയത്നിച്ച ഫൊറോന വികാരിമാർ, മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മേഖല പ്രസിഡന്റുമാർ, മാധ്യമ പ്രവർത്തകർ ഇവരെ നന്ദിയോടെ സ്മരിക്കുന്നു.

**പേൾ-2013 മാനന്തവാടി രൂപത യുവജനോത്സവം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ യുവജനോത്സവമായ പേൾ 2013 ന്യൂമാൻസ് കോളേജിൽ വച്ച് നടന്നു. രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കകുന്നേൽ അധ്യക്ഷത വഹിച്ചു. ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ റവ.ഫാ. സിജീഷ് പുല്ലാകുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. യോഗത്തിന് ജന.സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര സ്വാഗതം ആശംസിച്ചു. സംസ്ഥാന സെനറ്റ് മെമ്പർ ശ്രീ. ജസ്റ്റിൻ ചെഞ്ചട്ടയിൽ, രൂപത ആനിമേറ്റർ റവ.സി. ലിൻസ എഫ്.സി.സി. എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന് 6 സ്റ്റേജുകളിലായി നടന്ന കലാമത്സരങ്ങൾ രൂപതയിലെ യുവജനങ്ങളുടെ കലാമികവ് പ്രകടമാക്കുന്നതായിരുന്നു. 160 പോയിന്റുകൾ നേടി പുൽപ്പള്ളി മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. 121 പോയിന്റുകൾ നേടി കല്ലോടി രണ്ടും, 115 പോയിന്റുകൾ നേടി മാനന്തവാടി മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മറ്റു മേഖലകൾ നേടിയ പോയിന്റുകൾ പയ്യമ്പള്ളി-114, കൊട്ടിയൂർ-99, തരിയോട്-86, ബത്തേരി-54, കൽപ്പറ്റ-39, മണിമൂളി-39, നടവയൽ-14, നിലമ്പൂർ-4, വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ സമാപനസമ്മേളനത്തിൽ വച്ച് കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ജിതേഷ് ജോസ് മുളയ്ക്കകുന്നേലും വിജയികളായ മേഖലകൾക്കുള്ള ട്രോഫികൾ രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും വിതരണം ചെയ്തു. സമ്മാനങ്ങൾ കരസ്ഥമാക്കിയവരെ അഭിനന്ദിക്കുന്നതിനോടൊപ്പം, മത്സരങ്ങൾ നടത്തുന്നതിന് സഹായസഹകരണങ്ങൾ ചെയ്തുതന്ന ന്യൂമാൻസ് കോളേജ് അധികൃതർ, ജഡ്ജ്മെന്റിന് സഹായിച്ചവർ, മത്സര നടത്തിപ്പിന് നേതൃത്വം നൽകിയ രൂപത സെക്രട്ടരിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കും പങ്കെടുത്ത എല്ലാ കെ.സി.വൈ.എം. അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**PEARL - 2013 സാഹിത്യമത്സര വിജയികൾ**

**1. കഥാരചന**

| | | | |
|---|---|---|---|
| I A | അനു കോഴിക്കര | മണിമൂളി | മണിമൂളി |
| II A | സ്റ്റെഫി നെല്ലിക്കുന്നേൽ | ആലാറ്റിൽ | മാനന്തവാടി |
| III A | റിഞ്ചു കരിമാലിൽ | നെടുമ്പാല | കൽപ്പറ്റ |

**2. കവിതരചന**

| | | | |
|---|---|---|---|
| I A | അരുൺ പ്ലാത്തോട്ടം | പോരൂർ | മാനന്തവാടി |
| II A | അനുമോൾ ചിരിയംകണ്ടത്തിൽ | മൂലങ്കാവ് | ബത്തേരി |
| III B | സോണിയ കൊല്ലപ്പള്ളി | പയ്യംമ്പള്ളി | പയ്യംമ്പള്ളി |

**3. ഉപന്യാസം**

| | | | |
|---|---|---|---|
| I A | ജെയിംസ് കൊച്ചുവേലിക്കകത്ത് | കൊട്ടിയൂർ | കൊട്ടിയൂർ |

| | | |
|---|---|---|
| II A അഞ്ജലി ജോസ് പുളിക്കുന്നേൽ | കബനിഗിരി | പുൽപ്പള്ളി |
| III B മെർളിൻ സിബി കാട്ടാംകോട്ടിൽ | ശിശുമല | പുൽപ്പള്ളി |

**4. നോട്ടീസ് രചന**

| | | |
|---|---|---|
| I B ലിതു പുതുകുളങ്ങര | നരിവാലമുണ്ട | മണിമൂളി |
| II B ആന്റണി മങ്കടപ്ര | മുള്ളൻകൊല്ലി | പുൽപ്പള്ളി |
| III B ടിൻസി കിഴക്കയിൽ | വെള്ളൂന്നി | കൊട്ടിയൂർ |

**5. കാർട്ടൂൺ രചന**

| | | |
|---|---|---|
| I A അരുൺ കുറിയിടത്ത് | തവിഞ്ഞാൽ | മാനന്തവാടി |
| II B അമൽ കുറിയിടത്ത് | തവിഞ്ഞാൽ | മാനന്തവാടി |
| III C അജിൻ പുളിക്കൽ | പുൽപ്പള്ളി | പുൽപ്പള്ളി |

**6. മുദ്രാവാക്യ രചന**

| | | |
|---|---|---|
| I A ജോബി വാഴക്കാലായിൽ | കുറ്റിമൂല | മാനന്തവാടി |
| II A സ്റ്റെഫി പുതിയകുന്നേൽ | തോമാട്ടുചാൽ | ബത്തേരി |
| III B അബിൻ ചാലിൽ | പയ്യംമ്പള്ളി | പയ്യംമ്പള്ളി |

**7. കൊളാഷ്**

| | | |
|---|---|---|
| I B പ്രദീഷ് കൊല്ലാകുന്നേൽ | ചെന്നലോട് | തരിയോട് |
| II B ഹെൻട്രി കുളക്കാട്ടിൽ | കബനിഗിരി | പുൽപ്പള്ളി |
| III C ഗ്രേയ്സിയ പറമറ്റത്തിൽ | കല്ലോടി | കല്ലോടി |

**8. പോസ്റ്റർ രചന**

| | | |
|---|---|---|
| I A അബിജിത്ത് കാഞ്ഞിരപ്പാറയിൽ | മുള്ളൻകൊല്ലി | പുൽപ്പള്ളി |
| II A നിതിൻ മാങ്കോട്ടിൽ | മഞ്ഞൂറ | തരിയോട് |
| III B അർനോൾഡ് വാഴപ്പറമ്പിൽ | പുൽപ്പള്ളി | പുൽപ്പള്ളി |

**9. പത്രവാർത്ത**

| | | |
|---|---|---|
| I B ആഷ്ലിൻ തളിപ്പറമ്പിൽ | പടമല | പയ്യംമ്പള്ളി |
| II B ജസ്റ്റിൻ ഫിലിപ്പ് | പനമരം | നടവയൽ |
| III B സോബിൻ വല്യാറ | കുറുമണി | തരിയോട് |

**PEARL - 2013 കലാമത്സര വിജയികൾ**

**1. പ്രസംഗം**

| | | |
|---|---|---|
| I A ബിജോയ് കേളംങ്ങാട്ടിൽ | ആലാറ്റിൽ | മാനന്തവാടി |
| II B മെൽജോ കറുകുന്നേൽ | പടമല | പയ്യംമ്പള്ളി |
| III B ജ്യോതിഷ് പാണ്ടിപ്പള്ളിൽ | കരിമ്പിൽ | കല്ലോടി |

**2. സംഗീതം (M)**

| | | |
|---|---|---|
| I A മനു പാലക്കൽ | കബനിഗിരി | പുൽപ്പള്ളി |
| II A ബിനീഷ് കുത്തിക്കൽ | കല്ലോടി | കല്ലോടി |
| III A ഷിനോജ് കരിമ്പനയ്ക്കൽ | ചേലൂർ | പയ്യംമ്പള്ളി |

**സംഗീതം (F)**

| | | |
|---|---|---|
| I A ആതിര നമ്പുടാകം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| II A സാന്ദ്ര തൊട്ടുവേലിൽ | പഴൂർ | ബത്തേരി |
| III A ജിൻസി ഉറുമ്പിൽ | കബനിഗിരി | പുൽപ്പള്ളി |

**3. നാടോടിനൃത്തം (M)**

| | | |
|---|---|---|
| I A ബിനോയ് കല്ലിടങ്കൽ | ചേലൂർ | പയ്യമ്പള്ളി |
| II A അമൽ പൊൻപാറയിൽ | കാവുംമന്ദം | തരിയോട് |

| | | | |
|---|---|---|---|
| III B | അമൽ തൊട്ടിയിൽ | കല്ലോടി | കല്ലോടി |

**നാടോടിനൃത്തം (F)**

| | | | |
|---|---|---|---|
| I A | സോന മരിയ ഇല്ലത്തിങ്കൽ | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| II A | കൊച്ചുറാണി പുളിയൻമാക്കൽ | പഴൂർ | ബത്തേരി |
| III A | ക്രിസ്റ്റീന നടുവത്തേട്ട് | ആലാറ്റിൽ | മാനന്തവാടി |
| III A | ജീന ജേക്കബ് | തോണിച്ചാൽ | കല്ലോടി |
| III A | രേഷ്മ ധരണിയിൽ | കല്ലോടി | കല്ലോടി |

**4. ഡിബേറ്റ്**

| | | | |
|---|---|---|---|
| I A | അമൽ കല്ലിങ്കത്തറ & അഞ്ജന പുത്തൻപുര | ഇരുളം | പുൽപ്പള്ളി |
| II A | മെൽജോ കാരക്കുന്നേൽ & ജെൻട്രി പൊൻപാറയിൽ | പടമല | പയ്യമ്പള്ളി |
| III A | ജ്യോതിഷ് പാണ്ട്യപ്പിള്ളിൽ & ലിജോ ഐക്കരക്കണ്ടം | കരിമ്പിൽ | കല്ലോടി |

**5. ക്വിസ്**

| | | | |
|---|---|---|---|
| I A | ഫെമിൻ പള്ളിക്കൽ & ടീം | കല്ലോടി | കല്ലോടി |
| II A | ആൻസിലിൻ മണിയാരുപാറയിൽ & ടിം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| III A | ലിക്സൺ പ്ലാന്തോട്ടത്തിൽ & ടീം | തരിയോട് | തരിയോട് |

**6. മിമിക്രി**

| | | | |
|---|---|---|---|
| I A | ജിബിൻ മൂലൻ | ഒലിവുമല | കല്പ്പറ്റ |
| II B | ജിബിൻ മൂത്തുക്കൻ | ശിശുമല | പുൽപ്പള്ളി |
| II B | നോബിൾ താണിവേലിൽ | കൊട്ടിയൂർ | കൊട്ടിയൂർ |
| III C | ക്രിസ്റ്റഫർ കുന്നത്ത് | പടമല | പയ്യമ്പള്ളി |

**7. മോണോ ആക്ട്**

| | | | |
|---|---|---|---|
| I A | അലീന കല്ലേകുളം | വെള്ളൂന്നി | കൊട്ടിയൂർ |
| I A | അഞ്ജലി പുത്തൻപുര | പയ്യമ്പള്ളി | പയ്യമ്പള്ളി |
| II B | അഞ്ചന പുത്തൻതറ | കബനിഗിരി | പുൽപ്പള്ളി |
| III B | ശാലു തൈപറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |

**8. കഥാപ്രസംഗം**

| | | | |
|---|---|---|---|
| I A | അഞ്ജലി പുത്തൻപുരയ്ക്കൽ | പയ്യമ്പള്ളി | പയ്യമ്പള്ളി |
| II A | ജോഫിന ജോൺ | വെള്ളമുണ്ട | കല്ലോടി |
| III B | ശാലു തൈപറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| III B | ഡിലോണി ചൂനാട്ട് | കബനിഗിരി | പുൽപ്പള്ളി |

**9. സംഘഗാനം**

| | | | |
|---|---|---|---|
| I A | അമല വാഴപ്ലാംകുടിയിൽ & പാർട്ടി | കബനിഗിരി | പുൽപ്പള്ളി |
| II A | ലിറ്റി വെണ്ടർമ്യാലിൽ & പാർട്ടി | പുതിയിടം | കല്ലോടി |
| III A | അനീഷ് ഉപ്പുവീട്ടിൽ & പാർട്ടി | കമ്മന | പയ്യംമ്പള്ളി |

**10. കെ.സി.വൈ.എം. ആന്തം**

| | | | |
|---|---|---|---|
| I B | അമയ ഉറുമ്പിക്കൽ | കബനിഗിരി | പുൽപ്പള്ളി |
| II B | ചിഞ്ചു തടത്തിൽ | പനവല്ലി | പയ്യമ്പള്ളി |
| III C | നിതിൻ മെതിപ്പാറ | കല്ലോടി | കല്ലോടി |

**11. മൈം**

| | | | |
|---|---|---|---|
| I A | നിഖിൽ പള്ളിക്കാമാലിൽ & പാർട്ടി | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| II A | ബിജിൻ എളപ്പുപാറ & പാർട്ടി | ആറാട്ടുതറ | പയ്യമ്പള്ളി |
| III B | അമൽ കൈപ്പട്ടിയിൽ & പാർട്ടി | കാവുംമന്ദം | തരിയോട് |

**12. തെരുവുനാടകം**

| | | | |
|---|---|---|---|
| I B | ഡാനി പാലംപറമ്പിൽ & പാർട്ടി | പുതിയിടംകുന്ന് | കല്ലോടി |
| II B | ആൽബിൻ പാത്തിക്കുന്നേൽ & പാർട്ടി | ആലാറ്റിൽ | മാനന്തവാടി |
| III C | ആകാശ് തെക്കേക്കുളം & പാർട്ടി | ചുങ്കക്കുന്ന് | കൊട്ടിയൂർ |

**13. പരിചമുട്ടുകളി**

| | | | |
|---|---|---|---|
| I A | ജിൽറ്റു കൊച്ചുവെമ്പള്ളി | പാൽച്ചുരം | കൊട്ടിയൂർ |
| II B | നിഖിൽ കിഴക്കേപറമ്പിൽ | തരിയോട് | തരിയോട് |
| III C | കുര്യൻ നീലത്തുമുക്കിൽ | പാലേമാട് | മണിമൂളി |

**14. ചവിട്ടു നാടകം**

| | | | |
|---|---|---|---|
| I B | മെൽവിൻ ചെറുപ്ലാവിൽ | കല്ലോടി | കല്ലോടി |
| II B | ജിതിൻ പടിഞ്ഞാറേക്കടുപ്പിൽ & പാർട്ടി | തരിയോട് | തരിയോട് |

**15. മാർഗ്ഗം കളി**

| | | | |
|---|---|---|---|
| I A | സിൻസി ആലുങ്കൽ & പാർട്ടി | പഴൂർ | ബത്തേരി |
| II A | അനുഷ വെളിയത്ത് & പാർട്ടി | തവിഞ്ഞാൽ | മാനന്തവാടി |
| III B | ഡോണ പൂവൻ | പയ്യമ്പള്ളി | പയ്യമ്പള്ളി |

**16. ആങ്കറിംഗ് (B)**

| | | | |
|---|---|---|---|
| I B | അജീഷ് ഇടപ്പാട്ട് | ആലാറ്റിൽ | മാനന്തവാടി |
| II B | അമൽ കല്ലിങ്കത്തറ | ഇരുളം | പുൽപ്പള്ളി |
| II B | മെൽജോ കറുകമണ്ണിൽ | പടമല | പയ്യമ്പള്ളി |
| III C | ജ്യോതിഷ് പാണ്ട്യപ്പള്ളിൽ | കരിമ്പിൽ | കല്ലോടി |

**ആങ്കറിംഗ് (G)**

| | | | |
|---|---|---|---|
| I A | ശാലു തൈപറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| II A | രേഷ്മ ധരണിയിൽ | കല്ലോടി | കല്ലോടി |
| III A | നിവ്യ കിടയേത്ത് | കബനിഗിരി | പുൽപ്പള്ളി |

**ഉത്സവ്-2013**

2013 പ്രവർത്തനവർഷത്തെ KCYM സംസ്ഥാന യുവജന കലോത്സവം ഉത്സവ്-2013 ഡിസംബർ 7, 13, 14, 15 എന്നീ തീയതികളിലായി നടത്തപ്പെടുന്നു.

**യൂണിറ്റ് ഇലക്ഷൻ**

2014 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എത്രയും പെട്ടെന്ന് പൂർത്തിയാക്കി അവരുടെ ഫോൺ നമ്പർ ഉൾപ്പെട്ട ലിസ്റ്റുകൾ ഡിസംബർ 10 ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**മേഖല ഇലക്ഷൻ**

2014 വർഷത്തേക്കുള്ള മേഖല ഇലക്ഷൻ മേഖല വാർഷിക സെനറ്റ് വിളിച്ചുചേർത്ത് നടത്തി ലിസ്റ്റുകൾ ഡിസംബർ 17 ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**രൂപതവാർഷിക സെനറ്റും, ഇലക്ഷനും**

KCYM മാനന്തവാടി രൂപതയുടെ വാർഷിക സെനറ്റും 2014 വർഷത്തേക്കുള്ള ഇലക്ഷനും 2013 ഡിസംബർ 28 ാം– തീയതി നടത്തപ്പെടുന്നു. യൂണിറ്റ്, മേഖല വാർഷിക റിപ്പോർട്ടുകൾ ഡിസംബർ 17 ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**KCYM 2013 വർഷത്തെ പ്രവർത്തക അവാർഡുകൾ**

മികച്ച മേഖല, യൂണിറ്റ്, മികച്ച പ്രവർത്തകൻ/പ്രവർത്തക/യൂണിറ്റ് പ്രവർത്തകൻ/ പ്രവർത്തക എന്നീ അവാർഡുകളിലേക്കുള്ള നോമിനേഷനുകൾ ഡിസംബർ 17 ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്. യൂണിറ്റുതല അവാർഡുകൾക്ക് യൂണിറ്റ് ഡയറക്ടറും മേഖലാതല അവാർഡുകൾക്ക് മേഖല ഡയറക്ടറും ശുപാർശ ചെയ്യേണ്ടതാണ്.

**യൂണിറ്റ് വാർത്തകൾ**

**കൊമ്മയാട്**

യൂണിറ്റിന്റെ ധനശേഖരണാർത്ഥം വാം ചായപ്പൊടി വാങ്ങി വിതരണം ചെയ്തു. മാധവ്ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ പ്രമേയം പാസാക്കുകയും യുവജനങ്ങൾ അവരുടെ ശക്തമായ പ്രതിഷേധം അറിയിച്ച് പത്രവാർത്തയിലൂടെ പ്രതികരിക്കുകയും ചെയ്തു. മേഖലാ കലാ സാഹിത്യമത്സരങ്ങളിൽ എല്ലാ ഇനങ്ങളിലും അംഗങ്ങൾ പങ്കെടുത്തു. ഐസക്ക് നാമധാരിയായ യൂണിറ്റ് ഡയറക്ടർ ബഹു. സുനിൽ വട്ടുകുന്നേൽ അച്ചന്റെ ജന്മദിനവും നാമഹേതുകതിരുനാളും ഒരുമിച്ച് ആഘോഷിച്ചു. വി. കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി.

**കുറുമണി യൂണിറ്റ്**

യൂണിറ്റിൽ ഒൻപത് ദിവസത്തേക്ക് നടത്തപ്പെട്ട ജപമാല മാസാചരണത്തിൽ യുവജനങ്ങൾ സംബന്ധിച്ചു. മേഖലകലാമത്സരത്തിൽ യൂണിറ്റിന് മൂന്നാം സ്ഥാനം ലഭിച്ചു. മരിയൻ ഗ്രോട്ടോയിൽ നടത്തിയ ജപമാല തിരുനാൾക്കർമ്മങ്ങളിൽ യുവജനങ്ങൾ പങ്കെടുത്തു.

**പുൽപ്പള്ളി യൂണിറ്റ്**

എട്ട് നോമ്പിന്റെ ഭാഗമായി അംഗങ്ങൾ സ്വരൂപിച്ച 7000 രൂപ പട്ടാണിക്കൂപ്പ് ഇടവകയിൽ ക്യാൻസർ ചികിത്സയിലായിരിക്കുന്ന കുട്ടിക്ക് നൽകി. യൂണിറ്റ് ദത്തെടുത്ത തുണ്ടിപറമ്പിൽ ജന്നന്റെ കുടുംബത്തിന് നിത്യോപയോഗസാധനങ്ങൾ വാങ്ങിച്ചുകൊടുത്തു. പുതിയ ജോലിയിൽ പ്രവേശിച്ചതിനാൽ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞ മത്തായി പാറക്കലിന് നന്ദിയർപ്പിക്കുകയും പുതിയ സെക്രട്ടറിയായി സിൻസിയ വാഴയിലിനെ തെരഞ്ഞെടുക്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ബഹു. ജോൺ പുതുക്കുളം അച്ചൻ അംഗങ്ങളെ ജപമാല മാസാചരണത്തിനായി ഒരുക്കി. ആനിമേറ്റർ സി. ഷെറിൻ സി.എം.സി., ശ്രീ. ബെന്നി സാർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സനൽ കടുവപ്പാറയിൽ നന്ദിയർപ്പിച്ചു. ജാഗരണപ്രാർത്ഥനയിൽ അംഗങ്ങൾ പങ്കെടുത്തു. വാളവയലിൽ വെച്ച് യുവജനങ്ങൾക്കായി നടത്തിയ നവീകരണധ്യാനത്തിൽ അംഗങ്ങൾ സംബന്ധിച്ചു. മേഖലാ മത്സരത്തിൽ പങ്കുചേർന്നു. വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. യുവജനങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കി. വാർഷിക ധ്യാന വിജയത്തിനായി യുവജനങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**പുതിയിടം യൂണിറ്റ്**

വിശ്വാസവർഷത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകികൊണ്ട് ശേഖരിച്ച ഫണ്ട് ഉപയോഗിച്ച് അർഹതപ്പെട്ടവർക്ക് കമ്പിളിയും,

പോരൂർ സ്നേഹാലയത്തിൽ അരിയും, മധുരപലഹാരങ്ങളും നൽകി. അവധിക്ക് വന്ന യുവജനങ്ങളുടെ കൂട്ടായ്മ സംഘടിപ്പിച്ച് ഫണ്ട് ശേഖരണം നടത്തി, മഴക്കാലക്കെടുതികൾമൂലം കഷ്ടപ്പെടുന്നവരെ സഹായിച്ചു. വിശ്വാസവർഷറാലി, ജപമാല എന്നിവയ്ക്ക് നേതൃത്വം നൽകി. മേഖല കലാമത്സരം, രൂപത യുവജന സമ്മേളനം ഇവയിൽ പങ്കെടുത്തു.

**പടമല യൂണിറ്റ്**

ഒക്ടോബർ മാസത്തിലെ ജപമാല റാലിയിലും, വി. ബലിയിലും യുവജനങ്ങളുടെ സാന്നിധ്യം ശക്തമായിരുന്നു. എല്ലാ വെള്ളിയാഴ്ചയും നടത്തുന്ന കുരിശിന്റെ വഴിക്ക് യുവജനങ്ങൾ നേതൃത്വം നൽകുന്നു. യൂണിറ്റിലെ 20 യുവജനങ്ങൾ വാളവയൽ, ദ്വാരക, മക്കിയാട് തുടങ്ങിയ ധ്യാനകേന്ദ്രങ്ങളിൽ ധ്യാനത്തിൽ പങ്കെടുത്ത് പ്രാർത്ഥനാനുഭവത്തിൽ നിറഞ്ഞവരായി. മേഖലാകലാമത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. മെൽജോ കാരക്കുന്നേൽ കലാപ്രതിഭ പട്ടം ഏറ്റുവാങ്ങി. വിജയികൾക്ക് യൂണിറ്റ് ഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. രോഗാവസ്ഥയിലായിരിക്കുന്ന ഡയറക്ടറച്ചന്റെ ചാച്ചനെ അംഗങ്ങൾ സന്ദർശിച്ചു. ഇടവക പൊതുപണിക്ക് യുവജനങ്ങൾ നേതൃത്വം കൊടുത്തു. യുവജനങ്ങൾ മാനന്തവാടി ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം തയ്യാറാക്കി നൽകി.

**ചുങ്കക്കുന്ന് യൂണിറ്റ്**

ഒക്ടോബർ മാസത്തില ആഘോഷപരിപാടികൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. മേഖല സാഹിത്യമത്സരത്തിൽ 25 പോയിന്റുകളുമായി ഒന്നാം സ്ഥാനവും കലാമത്സരത്തിൽ 200 പോയിന്റുകളുമായി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മത്സരങ്ങൾക്ക് യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചൻ, ആനിമേറ്റർ സി. റോയ്സ് അബ്രാഹം എസ്.എച്ച്., പ്രസിഡണ്ട് നോബിൾ വട്ടക്കുടി, സെക്രട്ടറി ജിജോ താന്നിവേലി എന്നിവർ നേതൃത്വം നൽകി. മത്സരവിജയികൾക്ക് പിന്നിൽ ശ്രീ. ജോസ് കിഴക്കന്റെ അധ്വാനം ഉണ്ടായിരുന്നു. ഗാഡ്കിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്ക് എതിരെ പ്രതിഷേധപ്രകടനവുമായി യുവജനങ്ങൾ അണിനിരന്നു.

**പാലേമാട് യൂണിറ്റ്**

യൂണിറ്റിൽ വച്ച് യുവജന സെമിനാർ നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. സജ്ജയ് തോമസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. പരി.അമ്മയുടെ പിറവി തിരുനാൾ സമുചിതമായി ആഘോഷിച്ചു. വി.ബലിക്ക് ശേഷം ദേവാലയമുറ്റത്ത് പരിചമുട്ട് അരങ്ങേറി. പാലേമാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'നിറമഴ-2013' എന്ന പേരിൽ ഷോർട്ട്ഫിലിം ഫെസ്റ്റിവെൽ നടത്തപ്പെട്ടു. മേഖല സാഹിത്യമത്സരത്തിൽ അംഗങ്ങൾ സംബന്ധിച്ചു. മാതാവിന്റെ സ്തുതിക്കായി ദേവാലയത്തിലും ഭവനങ്ങളിലും നടത്തപ്പെട്ട വി.ബലിയിലും, ജപമാലയിലും യുവജനങ്ങൾ പങ്കെടുത്തു. ചോക്കാട് അഗതിമന്ദിരം സന്ദർശിച്ച് പരിസരം വൃത്തിയാക്കുകയും അരിയും മറ്റ് മധുരപലഹാരങ്ങളും നൽകുകയും ചെയ്തു. മിഷൻഞായർ റാലിക്ക് വേണ്ട ഒരുക്കങ്ങളിൽ സഹായിച്ചു.

**ദ്വാരക യൂണിറ്റ്**

ഇടവക മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായുള്ള പരിപാടികൾക്ക് യുവജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. തിരുനാളിന്റെ ആദ്യദിനത്തിൽ യുവജനങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെട്ട വി. കുർബാനയുടെ ഒരുക്കങ്ങൾ ആനിമേറ്റർ സി. മേരി ജോസ് എസ്.എ.ബി.എസിന്റെ നേതൃ

ത്വത്തിൽ യുവജനങ്ങൾ നടത്തി. യൂണിറ്റിലെ യുവജനങ്ങൾ അന്നേദിവസം കാഴ്ച സമർപ്പണം നടത്തി. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ദ്വാരക പ്രദേശത്തെ റോഡുകൾ ശോചനീയ അവസ്ഥയിലായിരിക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ പ്രതികരിക്കാൻ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോയി തുരുത്തേലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ മുന്നോട്ട് വന്നു.

**വെള്ളൂന്നി യൂണിറ്റ്**

മേഖല കലാസാഹിത്യമത്സരങ്ങൾക്ക് മേഖലയിൽ യൂണിറ്റിന് മൂന്നാം സ്ഥാനം ലഭിച്ചു. കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ നടത്തിയ പ്രതിഷേധ റാലിയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റിൽ നിന്നും ധാരാളം അംഗങ്ങൾ സംബന്ധിച്ചു.

**ആലാറ്റിൽ യൂണിറ്റ്**

യുവജനങ്ങൾ എട്ട് നോമ്പ് എടുത്ത് വി. ബലിയിലും ജപമാലയിലും പങ്കുചേർന്നു. മാതാവിന്റെ ഗ്രോട്ടോയിലെ ദീപാലങ്കാരം യുവജനങ്ങളുടെ നേതൃത്വത്തിലായിരുന്നു. ഇടവക ഡിറക്ടറി യുവജനങ്ങൾ എല്ലാ ഭവനങ്ങളിലും എത്തിച്ചുകൊടുത്തു. മേഖല സാഹിത്യകലാമത്സരത്തിൽ പങ്കുചേർന്നു. മത്സരത്തിന് മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊന്ത മാസത്തിന്റെ ചൈതന്യമുണർത്താൻ അംഗങ്ങൾ പള്ളിയുടെ മുഖവാരത്തിൽ ജപമാല നിർമ്മിച്ച് ഇട്ടു. ഇടവകയുടെ വാർഷികധ്യാനത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും സഹായിക്കുകയും ചെയ്തു.

**കമ്മന യൂണിറ്റ്**

ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി എറണാകുളത്തേക്ക് പോകുകയായിരുന്ന കെ.സി.വൈ.എം. കമ്മന യൂണിറ്റ് അംഗങ്ങളെ തൃശൂർ ജില്ലയിലെ ഇടശ്ശേരി-തളിക്കുളം പ്രദേശത്തുവെച്ച് ഹൈവേ പോലീസ് അന്യായമായി റോഡിൽ തടഞ്ഞുവെയ്ക്കുകയും, അനധികൃതമായി പണം കൈക്കലാക്കുകയും ചെയ്ത സംഭവത്തിനെതിരെ പ്രതികരിക്കാൻ കെ.സി.വൈ.എം. യോഗം നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിജു മാവറ, കെ.സി.വൈ.എം. മേഖല സെക്രട്ടറി കിഷോർ പന്തക്കൽ, റിൻസ് തൂപ്പുംകര, ജിപിൻ പുന്നയ്ക്കൽ, ജിന്റോ വിളയപ്പിള്ളിൽ എന്നിവർ സംസാരിച്ചു. CWC വയനാട് ചെയർമാൻ റവ. ഫാ. തോമസ് തേരകം, യുവജനക്ഷേമവകുപ്പ് മന്ത്രി കുമാരി പി.കെ.ജയലക്ഷ്മി, മന്ത്രിയുടെ ഓഫീസ് അംഗങ്ങളായ കമ്മന മോഹനൻ, ഷിബു സി.വി, ഡി.വൈ.എസ്.പി, എ.ആർ പ്രേം കുമാർ, കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ എന്നിവർ പരാതി നൽകാനും നിയമോപദേശങ്ങൾക്കും സഹായിച്ചു. ഹനോക്ക് മീഡിയ വയനാട് കെ.സി.വൈ.എം. കമ്മന യൂണിറ്റിനുവേണ്ടി സമർപ്പിക്കുന്ന ക്രിസ്തീയ ഭക്തിഗാന സിഡി ഡിസംബർ ആദ്യവാരം വിപണിയിൽ എത്തുന്നു. റവ. ഫാ. തോമസ് ഇടയാൽ, റവ. ഫാ. ജോസഫ് തുരുത്തേൽ, ബേബി ജോൺ കലയന്താനി, റവ. ഫാ. അഗസ്റ്റിൻ പുന്നശ്ശേരി, റവ. ഫാ. ജേക്കബ് അക്കരേത്ത്, ജേക്കബ് ഫ്രാൻസിസ്, ലീലാമ്മ ജോസഫ്, സുധീർ വയനാട്, ജിപിൻ പുന്നയ്ക്കൽ, അനീഷ് ഉപ്പുവീട്ടിൽ എന്നിവർ ചേർന്നാണ് സംഗീതവും, രചനയും നിർവ്വഹിക്കുന്നത്. കെസ്റ്റർ, ഫ്രാങ്കോ, എലിസബത്ത് രാജു, റവ. ഫാ. സോണി വടയാപറമ്പിൽ, വിൻസെന്റ് പിറവം തുടങ്ങിയവരാണ് ഗാനങ്ങൾ ആലപിക്കുന്നത്.

**ബിബിൻ ചെമ്പക്കര**

കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നവംബർ 3 മുതൽ 6 വരെ നടന്ന കോഴ്സിൽ 75 പേരും 15 മുതൽ 17 വരെ നടന്ന കോഴ്സിൽ 98 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരേയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | |
|---|---|
| ഡിസംബർ 1 മുതൽ 4 വരെ | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ 13 മുതൽ 16 വരെ | മണിമൂളി |
| ഡിസംബർ 26 മുതൽ 29 വരെ | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 12 മുതൽ 15 വരെ | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 26 മുതൽ 29 വരെ | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഡിസംബർ 13 മുതൽ 16 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന കോഴ്സിനെക്കറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ അറിയിക്കുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നുംകോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 13-16 ന്റെ കോഴ്സിൽസംബന്ധിക്കുവാൻ ഓർമ്മിപ്പിക്കണേ.

**കത്തോലിക്കാ മാതൃസംഘടന**

രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ കുടുംബപ്രേഷിതത്വം മേഖലാ ഡയറക്ടർമാരുടേയും, ആനിമേറ്റർമാരുടേയും, സി.എം.എ , വിമൻസ് കമ്മീഷൻ രൂപതാ എക്സിക്യൂട്ടീവിന്റേയും സംയുക്ത യോഗം നവംബർ 20-ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. യോഗം കഴിഞ്ഞകാല പ്രവർത്തനങ്ങളേയും നിലവിലെ പ്രവർത്തനങ്ങളേയും വിലയിരുത്തുകയും 2014 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

1. ഫാമിലി കൺസിലിംഗിന് രൂപതാ തലത്തിൽ സാഹചര്യം ഒരുക്കേണ്ടതിന്റെ ആവശ്യകത യോഗം ചൂണ്ടികാണിച്ചു.
2. രൂപതാ ടീമിലേയ്ക്ക് കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനായി കഴിവും മാതൃകാപരമായി വിശ്വാസജീവിതം നയിക്കുന്നവരുമായ ആളുകളെ കണ്ടെത്താൻ മേഖലാ ഡയറക്ടർമാരെ ചുമതലപ്പെടുത്തി.
3. അടുത്തവർഷം മുതൽ രചനാ മത്സരങ്ങൾക്ക് ഇടവകാതലത്തിൽ ഇടവകയിൽ നിന്നുതന്നെ വിഷയം നൽകാനും മേഖലാ, രൂപതാ തലങ്ങളിലേയ്ക്ക് രൂപതയിൽ നിന്ന് വിഷയം നിർദ്ദേശിക്കാനും തീരുമാനിച്ചു.
4. ചിത്രരചനാ മത്സര ഇനമായി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഉയർന്നു വന്നു.

5. 2013 ഡിസംബർ മുതൽ സി.എം.എ.യുടെ രൂപതാ വിഹിതം 200/- രൂപയായി പുതുക്കി നിശ്ചയിച്ചു.
6. മാതൃസംഘടനയുടെ പ്രവർത്തന വർഷം ജനുവരി മുതൽ ഡിസംബർ വരെയായിരിക്കും.
7. സി.എം.എ. യുടെ രൂപതാ പ്രവർത്തനങ്ങൾക്ക് ഫണ്ട് സമാഹരിക്കുന്നതിനായി സമ്മാനകൂപ്പൺ തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.
8. സഹയാത്രിക (വിധവാസംഗമം)യിൽ എല്ലാ പ്രായത്തിലുള്ള വിധവകളേയും പങ്കെടുപ്പിക്കുന്നതാണ് ഉചിതമെന്ന് യോഗം അഭിപ്രായപ്പെട്ടു.
9. 2014 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്ത് അംഗീകരിച്ചു. അടുത്ത വർഷത്തെ പഠന വിഷയങ്ങളായി ക്രിസ്തീയ പാരമ്പര്യം കുടുംബങ്ങളിൽ, സംഘടനാ ശാക്തീകരണം എന്നിവ നിജപ്പെടുത്തി.

**മാനന്തവാടി ഫൊറോന**

കത്തോലിക്കാ മാതൃസംഘടന മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ 29-10-2013-ന് രാവിലെ 10-30-ന് പേരിയ സെന്റ് മേരീസ് പള്ളിയിൽ വച്ച് സെമിനാറും ജപമാല റാലിയും നടത്തി. മേഖല ഡയറക്ടർ ബഹു. മാർട്ടിൻ പുതുശ്ശേരി അച്ചൻ വി. കുർബാന അർപ്പിച്ചു. കുർബാനയ്ക്ക് ശേഷം വിശ്വാസ കൈമാറ്റം കുടുംബങ്ങളിൽ എന്ന വിഷയം ആസ്പദമാക്കി അച്ചൻ ക്ലാസ്സ് എടുത്തു. വിവിധ ശാഖകളിൽ നിന്നുമായി 197 അമ്മമാർ പങ്കെടുത്തു. മേഖല സെക്രട്ടറി നന്ദി പറഞ്ഞു. 21-07-2013-ന് നടന്ന യോഗത്തിൽവച്ച് എക്സിക്യൂട്ടീവ് അംഗങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന സെക്രട്ടറി സ്വപ്ന തയ്യനാട്ടുവെളിയിൽ, ട്രഷറർ സിജി ചിറമുഖം എന്നിവർക്ക് തൽസ്ഥാനത്ത് തുടരുവാൻ സാധിക്കാത്തതിനാൽ ഈ സ്ഥാനങ്ങളിലേയ്ക്ക് ബഹു. മേഖല ഡയറക്ടറുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടത്തി.

സെക്രട്ടറി - ഷൈനി എളപ്പുപ്പാറ (കണിയാരം), ട്രഷറർ -ജെസി കവളനാൽ (കരിമാനി), കമ്മറ്റി അംഗം-മേരി വടയാപറമ്പിൽ (തവിഞ്ഞാൽ) എന്നിവരെ പുതിയ സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുത്തു.

**ചുങ്കക്കുന്ന് ഫൊറോന**

14-10-2013-ന് അമ്പായത്തോട് ശാഖയിൽ വച്ച് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് വാഴക്കാലയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് ശ്രീമതി സൂസൻ ചെന്നക്കാട്ടുക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. മേഖലാ ഭാരവാഹികൾ ശാഖകൾ തോറും സന്ദർശിച്ച് അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ വെളിച്ചത്തിൽ മികച്ച ശാഖയെ കണ്ടെത്തി. . ചുങ്കക്കുന്ന് മികച്ച ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം സ്ഥാനം വെള്ളൂന്നി, മൂന്നാം സ്ഥാനം അമ്പായത്തോട്. ഈ വർഷത്തെ രൂപതാ സാഹിത്യ മത്സരം മേഖലാതലത്തിലുള്ളത് 12-10-2013-ന്. ചുങ്കക്കുന്ന് പള്ളിയിൽ വച്ച് നടത്തി. കവിത, കഥ എന്നി മത്സരങ്ങൾക്ക് ഒന്നാം സ്ഥാനം ജയ്നി കൊച്ചുവെമ്പള്ളിൽ പാൽച്ചുരം കരസ്ഥമാക്കി. രണ്ടാം സ്ഥാനം യഥാക്രമം സിൽവി കയത്തുംകര(അമ്പായത്തോട്), എൽസി ചമ്പക്കാട്ട് (പാൽച്ചുരം) എന്നിവർ നേടി. ഉപന്യാസം ഒന്നാം സ്ഥാനം അനില നല്ലൂർ (ചുങ്കക്കുന്ന്), രണ്ടാം സ്ഥാനം ജയ്നി കൊച്ചുവെമ്പള്ളിൽ (പാൽച്ചുരം) എന്നിവർ കരസ്ഥമാക്കി.

**പയ്യമ്പള്ളി ഫൊറോന**

09-11-2013-ന് മേഖലാ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ചേർന്നു. വനിതകളുടെ രൂപതാതല സാഹിത്യമത്സരം മാർട്ടിൻ നഗർ ശാഖയിൽ വച്ച് നവംബർ 14-നും, മേഖല വാർഷികം ഡിസംബർ 14-ന് തൃശ്ശിലേരി ശാഖയിൽ വച്ച് നടത്തുക, സമ്മാനക്കൂപ്പൺ നറുക്കെടുപ്പ് അന്നേ ദിവസം നടത്തുക, നവംബർ 28-ന് ആറാട്ടുത്തറ പള്ളി വെഞ്ചരിപ്പിൽ പങ്കുചേരുക എന്നീ കാര്യങ്ങൾ തീരുമാനിച്ചു. ഒക്ടോബർ 26-ന് മേഖലതല വിധവാ സംഗമം സഹയാത്രിക മാർട്ടിൻ നഗർ ശാഖയിൽ വച്ച് നടത്തി. 127 പേർ പങ്കെടുത്ത സെമിനാറിൽ രൂപത ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം വി. ബലിയർപ്പിക്കുകയും ബഹു. ചാണ്ടിയച്ചൻ, സി. ആലീസ് SKD, ശ്രീമതി ജിഷ പറയിടം, ശ്രീമതി ലിസി ജോസഫ് ഈറയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബഹു.സിബിച്ചൻ സ്വാഗതവും മേഖലാ പ്രസിഡണ്ട് അന്നക്കുട്ടി ടീച്ചർ നന്ദിയും അർപ്പിച്ചു.

വനിതകളുടെ മേഖലാതല സാഹിത്യമത്സരത്തിൽ വിജയികളായവർ
**ഉപന്യാസം** - ഫിലോ ചേലയ്ക്കൽ (മാർട്ടിൻനഗർ), ഷിജി തടത്തിൽ (ഇടയൂർകുന്ന്), ലിസി മുഴയൻകാട്ടിൽ (ഇടയൂർകുന്ന്)
**കഥ** - ജോൺസി ജോൺ (തൃശ്ശിലേരി), ലിസി പന്തക്കൽ (കമ്മന), സോഫിയ ഓലിക്കുന്നേൽ (കാട്ടിക്കുളം)
**കവിത** - ഫിലോ ചേലയ്ക്കൽ (മാർട്ടിൻനഗർ), ലിജി പട്ടർമഠം (പനവല്ലി), ലിസി പന്തക്കൽ (കമ്മന)വിജയികൾക്ക് അഭിനന്ദനങ്ങൾ.

**കല്ലോടി ഫൊറോന**

16-10-13-ന് ബുധനാഴ്ച മേഖലാ ജപമാല റാലി മക്കിയാട് വച്ച് നടത്തി. വിവിധ ഇടവകകളിൽ നിന്നും 300 യൂണിഫോം ധാരികളായ അമ്മമാരും, ആനിമേറ്റേഴ്സും പങ്കെടുത്തു. ജപമാല റാലി മക്കിയാട് ആശ്രമത്തിൽ നിന്ന് ആരംഭിച്ച് ദേവാലയത്തിൽ എത്തിച്ചേർന്നപ്പോൾ ഇടവക വികാരി ബഹു. സെബാസ്റ്റിനച്ചൻ മാതാവിന്റെ തിരുസ്വരൂപം ഏറ്റുവാങ്ങി. ബഹു. സന്തോഷ് കട്ടയ്ക്കൽ അച്ചൻ അമ്മമാർക്ക് വേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. മേഖലാ ഡയറക്ടർ ബഹു. മൈക്കിൾ അച്ചനും, മക്കിയാട് ഇടവകാ വികാരി ബഹു. സെബാസ്റ്റ്യൻ ഇലവനപ്പാറ അച്ചനും നേതൃത്വം നൽകി.

**നടവയൽ ഫൊറോന**

സഹയാത്രിക (വിധവാ സംഗമം ) നടത്തി. 17-11-2013-ന് ചീങ്ങോട് സെന്റ് ജൂഡ്സ് ദേവാലയത്തിൽ വച്ച് നടന്ന സംഗമത്തിൽ ഫൊറോന വികാരി ഷാജി മുളകുടിയാങ്കലച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു. വിമൻസ് കമ്മീഷൻ ആനിമേറ്റർ സി. ആലീസ് എസ്.കെ.ഡി., സെക്രട്ടറി ശ്രീമതി ജിഷ, ശ്രീമതി ലിസ്സി ജോസഫ് എന്നിവർ ക്ലാസ്സെടുത്തു. മേഖല ഡയറക്ടർ ഫാ. ജോയി പുല്ലംകുന്നേൽ, മേഖല ആനിമേറ്റർ സി. അഞ്ജലി, കമ്മീഷൻ സെക്രട്ടറി ശ്രീമതി റീന ജോസ്, രൂപതാ എക്സിക്യൂട്ടീവ് അംഗം, ശ്രീമതി ലില്ലി വക്കച്ചൻ ഇടപ്പുവളവിൽ എന്നിവർ നേതൃത്വം നൽകി.

**മാർട്ടിനഗർ**

ഒണ്ടയങ്ങാടി മാർട്ടിൻ നഗർ ശാഖയിലെ അമ്മമാർക്കായി അർദ്ധദിന

സെമിനാർ സംഘടിപ്പിച്ചു. 327 അമ്മമാർ പങ്കെടുത്ത സെമിനാറിൽ ബഹു. സിബിയച്ചൻ വി. ബലി അർപ്പിക്കുകയും ശ്രീ. ബേബി ജോസഫ് സാർ (തെനേരി) വിശ്വാസം കുടുംബത്തിൽ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നൽകുകയും ചെയ്തു. സെമിനാറിനെ സംബന്ധിച്ച ഏവർക്കും ശ്രീമതി സോളി കൊടിയംകുന്നേൽ നന്ദിയർപ്പിക്കുകയും ചെയ്തു. ബഹു. വികാരി യച്ചന്റെ നേതൃത്വത്തിൽ സംഘാംഗങ്ങൾ ഫണ്ടു ശേഖരിക്കുകയും 16000/- രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇടവകയിൽ ചെയ്യുകയും, മേഖലാ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 4000/- രൂപ നൽകുകയും ചെയ്തു. മേഖലാ തലത്തിൽ ബെസ്റ്റ് ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് ശാഖയായ മാർട്ടിൻ നഗർ ശാഖ രൂപതാ ടീം സന്ദർശിച്ച് പ്രവർത്ത നങ്ങൾ വിലയിരുത്തുകയും പ്രോത്സാഹനം നൽകുകയും രൂപതാ ഡയറ ക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ ബലിയർപ്പിക്കുകയും ചെയ്തു.

**മംഗലശ്ശേരി**

ഡയറക്ടർ - ഫാ. സോണി വാഴക്കാട്ട്, ജോയിന്റ് ഡയറക്ടർ - സി. മോളി ജോസ്സ് എസ്.കെ.ഡി., സെക്രട്ടറി - മേരി മട്ടുമ്മേൽ, ജോയിന്റ് സെക്രട്ടറി - മോളി തങ്കൻ മൈലംമേൽ, പ്രസിഡണ്ട് - മേരി റെജി തൊട്ടി യിൽ, വൈസ് പ്രസിഡണ്ട് - ജോയി ലീലാമ്മ നീർച്ചാലിൽ, ട്രഷറർ - ആലീസ് ജോസ് കപ്പളിക്കുന്നേൽ.

**ദീപ്തിഗിരി**

പള്ളിയും പരിസരവും സെമിത്തേരിയും എല്ലാ ആഴ്ചയും വൃത്തി യാക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ഓരോ വാർഡിലെ അമ്മമാർ കാഴ്ച വയ്പ്പ് നടത്തി. ലഭിക്കുന്ന അരിയും മറ്റ് സാധനങ്ങളും പണവും പാവപ്പെട്ട വർക്ക് നല്കുന്നു. ഗവ. ഹോസ്പിറ്റലിൽ സന്ദർശനം നടത്തുകയും ഭക്ഷ ണമുണ്ടാക്കാൻ സഹായിക്കുകയും ചെയ്തു. ജൂലൈ മാസത്തിൽ വിശ്വാസ പരിശീലനത്തിൽ അമ്മമാരുടെ പങ്ക് എന്ന വിഷയത്തെപ്പറ്റി സെമിനാർ നടത്തി. ഒക്ടോബർ മാസത്തിൽ എല്ലാ ദിവസവും വി. കുർബാനയ്ക്ക് മുമ്പ് ജപമാല അർപ്പിച്ച് പ്രാർത്ഥിച്ചു. മേഖലാ നേതൃത്വത്തിൽ മക്കിയാട് വച്ച് നടന്ന ജപമാല റാലിയിൽ 20 പേർ പങ്കെടുത്തു.

**ചുങ്കക്കുന്ന്**

പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിതമായ ഒക്ടോബർ മാസം 1 മുതൽ 31 വരെ അമ്മമാരുടെ നേതൃത്വത്തിൽ രാവിലേയും വൈകുന്നേരവും ജപ മാലയും വി. കുർബാനയും ഉണ്ടായിരുന്നു. ഗാന്ധിജയന്തി ദിനമായ 2-ാം തീയതി സി.എം.എയുടെ 2 വാർഡ് ലീഡർമാരും 2 അംഗങ്ങളും ചേർന്ന് അതാതു വാർഡുകളിൽ ഭവന സന്ദർശനം നടത്തി. വൃദ്ധരായ മാതാപിതാ ക്കൾ വിഷമതകൾ അനുഭവിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും, വിശ്വാസ വർഷറാലി, കൊന്തനമസ്കാരം, വി. യൂദാതദേവൂസിന്റെ നൊവേന, വാർഷികധ്യാനം എന്നിവയുടെ തിയ്യതി, പ്രാർത്ഥന, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും നേരത്തെ ഓരോ ഭവനത്തിനും നൽകിയിട്ടുള്ള ദൈവവചനം എഴുതി പ്രദർശിപ്പിച്ചത് പരിശോധിക്കുകയും ചെയ്തു. ഇടവ കയിലെ 44 വാർഡുകളിലായി 1014 ഭവനങ്ങളിൽ ഒരേ ദിവസം സന്ദർശനം നടത്തിയത് ഇടവകാ സമൂഹത്തിനും പ്രത്യേകിച്ച് സി.എം.എ. അംഗങ്ങ

ളിലും വിശ്വാസ വർഷത്തിന്റെ ചൈതന്യം വർദ്ധിക്കുവാൻ ഇടയായി. സി. എം.എ.യുടെ വാർഷിക വരിസംഖ്യയായി ഇഷ്ടമുള്ള തുക അംഗങ്ങളിൽ നിന്ന് സ്വീകരിച്ചു. 20-ന് നൊവേന സമാപന ദിവസം സ്നേഹവിരുന്നിന് അമ്മമാർ അപ്പം തയ്യാറാക്കി നൽകി. 30-ന് മരിച്ചവരുടെ തിരുനാളിനൊരുക്കമായി സിമിത്തേരി വൃത്തിയാക്കുകയും ചെയ്തു.

**വെള്ളൂന്നി**

ഒക്ടോബർ 1-10 വരെ ദേവാലയത്തിൽ വച്ച് വാർഡ് തലത്തിൽ നടത്തിയ ആഘോഷമായ ജപമാല, ദിവ്യബലിയിലെ വായനകൾ, ഗാനശുശ്രൂഷ, അലങ്കാരം തുടങ്ങിയവയ്ക്ക് അമ്മമാർ നേതൃത്വം നൽകി. കൂടാതെ വൈകുന്നേരങ്ങളിൽ അടുത്തുള്ള ഭവനങ്ങൾ ഒന്നിച്ച് ചേർന്ന് കൊന്ത ചൊല്ലി. 12-ാം തീയതി ചുങ്കക്കുന്നിൽ വച്ച് നടത്തിയ സാഹിത്യമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. 11-ാം തിയ്യതി നടന്ന മാസമീറ്റിംഗിലെ തീരുമാനപ്രകാരം 15-ാം തിയ്യതി ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരു ഗ്രൂപ്പ് അമ്മമാർ രോഗി സന്ദർശനം നടത്തി പ്രാർത്ഥിച്ചു. ഭവന സന്ദർശനവേളയിൽ വൃദ്ധരായവർക്ക് മധുര പലഹാരങ്ങൾ നൽകി. കൂടാതെ പച്ചക്കറിത്തോട്ടം നിർമ്മാണവുമായി ബന്ധപ്പെട്ട് പച്ചക്കറി വിത്തുകളും വിതരണം ചെയ്തു. ഒരു പൂർണ്ണ ജപമാല ചൊല്ലി പരേതാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ആനിമേറ്ററുടെ നേതൃത്വത്തിൽ ഭാരവാഹികൾ സിമിത്തേരി വൃത്തിയാക്കി. 21-ാം തിയ്യതി മുതൽ മാടത്തുംകാവ് പള്ളിയിൽ 9 ദിവസങ്ങളിലായി നടത്തപ്പെട്ട വി. യൂദാ തദേവൂസിന്റെ നൊവേനയിലും വി. ബലിയിലും അമ്മമാർ പങ്കെടുത്തു. സമാപന ദിനത്തിലെ നേർച്ച ഭക്ഷണം ഒരുക്കുവാൻ സംഘടനാംഗങ്ങൾ വളരെ സജീവമായി സഹകരിച്ചു.

**വഞ്ഞോട്**

ബഹു. മാത്യു കാട്ടറത്തച്ചന്റെ നേതൃത്വത്തിൽ അമ്മമാർ പോരൂർ സ്നേഹാലയം സന്ദർശിച്ച് വസ്ത്രം, ഭക്ഷണസാധനങ്ങൾ, പണം എന്നിവ നൽകി. അമ്മമാർക്ക് സോപ്പ്, സോപ്പ് പെട്ടി, ഫിനോയിൽ, ലോഷൻ എന്നിവ ഉണ്ടാക്കാൻ ഉള്ള പരിശീലനം ഡബ്ല്യു. എസ്. എസിൽ നിന്ന് ശ്രീമതി. വത്സ നൽകി. കൊന്ത നമസ്കാരത്തിന് അമ്മമാർ നേതൃത്വം നൽകി.

**കൽപ്ര**

ഒക്ടോബർ 4-ന് എക്സിക്യൂട്ടീവും തുടർന്ന് ജനറൽ ബോഡിയും ബഹു. തോമസച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കൊന്തനമസ്കാരത്തിന്റെ എല്ലാ ദിനങ്ങളിലും ജപമാലയ്ക്കും, ദിവ്യ ബലിയിലെ ഗാനശുശ്രൂഷ, വായന, എന്നിവയ്ക്കും അമ്മമാർ നേതൃത്വം നല്കി. കൂടാതെ എല്ലാ ദിവസവും കാഴ്ച സമർപ്പണവും നടത്തി. പാവപ്പെട്ട ഒരു കുടുംബത്തിന് ചികിത്സയ്ക്കായി 2000/- രൂപ നൽകി. കൂടാതെ ഒരു കുടുംബത്തിന് 10000/- രൂപ സഹായ വായ്പയായി നൽകി.

**ആറാട്ടുത്തറ**

01-11-2013-ന് യോഗം ചേർന്ന് 3-ാം തീയതി ഞായറാഴ്ച്ച പുതിയ പള്ളിയുടെ ഉൾഭാഗം വൃത്തിയാക്കാനും, കിഡ്നിക്ക് സുഖമില്ലാത്ത ഒരു കുട്ടിക്ക് 1000/- രൂപയും മറ്റൊരാൾക്ക് 500/- രൂപയും ചികിത്സാ സഹായം നൽകാനും തീരുമാനിച്ചു. പള്ളി വെഞ്ചരിപ്പിനോട് അനുബന്ധിച്ച് പള്ളി

യിലേയ്ക്കുള്ള പലഹാരങ്ങൾ അമ്മമാരുടെ നേതൃത്വത്തിൽ ഉണ്ടാക്കുക, ഇടവകയിലെ രോഗികളെ സന്ദർശിച്ച് അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക എന്നി തീരുമാനങ്ങളും എടുത്തു. പള്ളി വെഞ്ചരിപ്പോടനുബന്ധിച്ച് സെമിത്തേരി വൃത്തിയാക്കുന്നതിനായി തീരുമാനമെടുത്തു.

**മുണ്ടേരി**

നവംബർ 15-ന് ആനിമേറ്റർ സി. വിമല എസ്.കെ.ഡി. യുടെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. ബഹു. വികാരിയച്ചൻ കുടിയേറ്റ ജനതയുടെമേൽ ഇന്ന് ഏറെ വെല്ലുവിളിയായി നില്ക്കുന്ന കസ്തൂരിരംഗൻ, മാധവ് ഗാഡ്ഗിൻ റിപ്പോർട്ടിനെക്കുറിച്ച് അമ്മമാർക്ക് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. തുടർന്ന് ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. നവംബർ 22-ന് മാതൃസംഘടനാ അംഗങ്ങൾ അഖണ്ഡ ജപമാല നടത്തുവാൻ തീരുമാനിച്ചു - നിയോഗങ്ങൾ 1. ഭ്രൂണഹത്യക്കെതിരെ 2. കസ്തൂരിരംഗൻ റിപ്പോർട്ടിന് എതിരെ. ഡിസംബർ 8-ന് പരി. അമ്മയുടെ അമലോത്ഭവ ദിനത്തിലെ ദിവ്യബലി സമയം മാതൃസംഘടനാംഗങ്ങൾ കാഴ്ചസമർപ്പണം നടത്തി. അതിൽ നിന്നും കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായ് സമാഹരിക്കുവാനും ഡിസംബർ 20 വെള്ളി മാസമീറ്റിംഗിൽ കേക്ക് മുറിച്ച് ക്രിസ്തുമസ്സ് ആഘോഷിക്കുവാനും തീരുമാനിച്ചു. മരിച്ച വിശ്വാസികളോടുള്ള ആദരസൂചകമായി നവംബർ 1-ന് അമ്മമാർ സെമിത്തേരി വൃത്തിയാക്കി. രോഗികളെ സന്ദർശിച്ചുകൊണ്ട് പലദിനങ്ങളും പ്രാർത്ഥന നടത്തി. നിലവിലുണ്ടായിരുന്ന ഫണ്ടിൽ നിന്നും മുഴുവൻ തുകയും ജീവകാരുണ്യ പ്രവർത്തനത്തിനായി ചിലവഴിച്ചു. മാതൃസംഘാംഗങ്ങൾ ബാലമന്ദിരം സന്ദർശിച്ചു.

**സീറോ മലബാർ വനിതാഫോറം നാഷണൽ കൺവെൻഷൻ**

24-08-2013-ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വെച്ച് സീറോ മലബാർ വനിതാഫോറത്തിന്റെ നാഷണൽ കൺവെൻഷൻ നടന്നു. കൺവെൻഷനിൽ മാനന്തവാടി രൂപതാ കത്തോലിക്കാ മാതൃസംഘടനയുടെ രൂപതാ ആനിമേറ്റർ സി. ടെസ്സീന എസ്.എ.ബി.എസ്., പ്രസിഡണ്ട് മോളി കരിമ്പനാക്കുഴിയിൽ, കൗൺസിലേഴ്സ് റോസമ്മ മന്ദംങ്കരി, ലില്ലി എടപ്പുളവിൽ നടവയൽ മേഖല ഭാരവാഹി ലൗലി ഇല്ലിക്കൽ എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയുടെ മുഴുവൻ വനിതാ പ്രസ്ഥാനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഈ വനിതാ ഫോറത്തിന്റെ പ്രവർത്തനത്തിന്റെ തുടക്കമെന്നോണം എല്ലാ രൂപതകളും വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് പഠിച്ച് മൂന്ന് മിനിറ്റ് സംസാരിച്ചു. കുടുംബബഡ്ജറ്റ് എന്ന വിഷയത്തെക്കുറിച്ച് സീറോ മലബാർ വനിതാഫോറത്തിന്റെ നാഷണൽ ഭരണസമിതിയംഗമായ ശ്രീമതി മോളി കരിമ്പനാക്കുഴി സംസാരിച്ചു.

**മരിയൻ സിംഗിൾസ്**

നവംബർ 19-ന് ബഹു. ഡയറക്ടർ മാത്യു പെരിയപ്പുറം അച്ചന്റേയും സി. മരീന ജോസ് എസ്.എച്ച്. എന്നിവരുടെയും നേതൃത്വത്തിൽ പ്രാർത്ഥന, ക്ലാസ്സ്, ചർച്ച എന്നിവ നടത്തി. ബഹു. ഡയറക്ടറച്ചൻ വിശ്വാസജീവിതത്തെ സംബന്ധിച്ച് ക്ലാസ്സ് എടുത്തു. അടുത്ത കൂട്ടായ്മ ഡിസംബർ 17-ന്.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു" (സങ്കീ. 119.130).

നവംബർ 1 സകലവിശുദ്ധരുടെയും തിരുനാൾ ആഘോഷിച്ച ദിവസം സീയോന്റെ അഭിഷേകദിനമായിരുന്നു. സീയോനിലെ എല്ലാ ശുശ്രൂഷകരും വന്ന് പ്രാർത്ഥിച്ച് ശക്തി നേടി. കർത്താവിനും, കർത്താവിന്റെ സഭയ്ക്കും വേണ്ടി ബലിവസ്തുക്കളായി തെരഞ്ഞെടുത്തിരിക്കുന്ന ശുശ്രൂഷകരുടെ ദൗത്യത്തെപ്പറ്റി ബഹുമാനപ്പെട്ട തോമസ് അറയ്ക്കൽ അച്ചൻ (നോർബർട്ടൈൻ) ക്ലാസെടുത്തു. ആരാധന, വി.ബലി അച്ചന്റെ നേതൃത്വ ത്തിലായിരുന്നു. തുടർന്ന് സോണൽ മീറ്റിംഗ് നടത്തുകയും ഭാവികാര്യങ്ങ ളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**ജാഗരണ പ്രാർത്ഥന 1-11-13**

"ഇസ്രായേലിന്റെ പരുശുദ്ധനാണ് നിന്റെ രക്ഷകൻ" (ഏശയ്യ 41:14). ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ 6.30 മുതൽ 12 മണിവരെ ജാഗരണ പ്രാർത്ഥന നടത്തി.

**ആദ്യശനി ഏകദിനകൺവെൻഷൻ**

"ജറുസലെമെ കർത്താവിനെ സ്തുതിക്കുക; സീയോനെ നിന്റെ ദൈവത്തെ പുകഴ്ത്തുക" (സങ്കീ. 147:12). പ്രഭാതത്തിൽ പതിവുപോലെ പ്രാർത്ഥിച്ച് ശക്തിനേടി ശുശ്രൂഷകൾ ആരംഭിച്ചു. നിത്യതയെക്കുറിച്ച് ബഹു മാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചൻ വചനസന്ദേശം നൽകി. ദിവ്യകാരുണ്യ പ്രദക്ഷിണം, അഭിഷേക ആരാധന എന്നിവ നടത്തി. 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാംശനി - ദമ്പതീകൂട്ടായ്മ**

9-11-13 ന് രാവിലെ 10 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. കുടുംബ ജീവിതത്തെക്കുറിച്ച് ബഹുമാനപ്പെട്ട മനോജ് കവലക്കാട്ട് അച്ചൻ ക്ലാസെ ടുത്തു. 3.45 ന് ശുശ്രൂഷകൾ സമാപിച്ചു.

**പൊതു കൗൺസിലിംഗ് ദിനം**

കൗൺസിലിംഗിനായി 105 ദൈവമക്കൾ കടന്നുവന്നു. 9 കൗൺസി ലേഴ്സ് തലേദിവസം പ്രാർത്ഥിച്ച് ഒരുങ്ങി ശുശ്രൂഷ ചെയ്തു.

**ആന്തരിക സൗഖ്യധ്യാനം**

"അവിടുന്ന് ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു" (സങ്കീ. 147-3). നവംബർ 10-14

നടന്ന ആന്തരികസൗഖ്യ ധ്യാനത്തിൽ 73 മക്കൾ കടന്നുവന്ന് അനുഗ്രഹം പ്രാപിച്ച് തിരിച്ചുപോയി.

**സീയോൻ ഡിസംബർ മാസത്തിൽ**

| | | |
|---|---|---|
| 6 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 7 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 14 രണ്ടാംശനി | - | യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതു കൗൺസിലിംഗ് ദിനം |
| 20 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| 28 നാലാം ശനി | - | സൗഖ്യദിനം |
| ഡിസംബർ 15-19 | - | ആന്തരിക സൗഖ്യധ്യാനം |

**ധ്യാനബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ: 04935-240922, 9495307089**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# ജീസസ് യൂത്ത്

**യുവജന ഏകദിന ധ്യാനം 9-11-13**

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ് ബഹു. ലാൽ ജേക്കബ്ബ് പൈനുങ്കൽ അച്ചന്റെ നേതൃത്വത്തിൽ 12 മണി വരെ ജാഗരണ പ്രാർത്ഥന നടത്തി. ആരാധന, കുരിശിന്റെ വഴി എന്നിവ നടത്തി ഏകദിന ധ്യാനത്തിനായി ഒരുങ്ങി. തുടർന്ന് ചർച്ച നടത്തി.

ശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി. 9.30 ന് ജപമാല, സ്തുതി ആരാധന എന്നിവ നടത്തി. 11 മണിക്ക് ബഹു. ലാൽ ജേക്കബ്ബ് പൈനുങ്കൽ ക്ലാസെടുത്തു. യുവജനങ്ങൾ സദാ ജാഗരൂകരായിരിക്കണമെന്നും, ആത്മീയ ആയുധമായി ജപമാലയും വചനവും ഉപയോഗിക്കണമെന്നും ആഹ്വാനം ചെയ്തു. 2 മണിമുതൽ 3 മണി വരെ ആരാധന നടത്തി. തുടർന്ന് മരിച്ചു പോയ വൈദികരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തുകയും ചെയ്തു. 3.30 ന് ശുശ്രൂഷകൾ അവസാനിപ്പിക്കുകയും ചെയ്തു. 70 ഓളം യുവജനങ്ങൾ യുവജന ഏകദിന ധ്യാനത്തിൽ പങ്കെടുത്തു.

ആദ്യവെള്ളിയാഴ്ച സർവ്വീസ് മീറ്റിംഗ് കൂടി ജീസസ് യൂത്തിന്റെ പ്രവർത്തനം വിലയിരുത്തി. ബിൻസ് ചെരിയംകുന്നേലിന്റെ നേതൃത്വത്തിൽ ചൈൽഡ് സപ്പോർട്ട് വേരിഫിക്കേഷൻ ചെന്നലോട്, നീർവാരം, മേപ്പാടി, കാട്ടികുളം തുടങ്ങിയ സ്ഥലങ്ങളിൽ നടന്നു.

**ഫാ. ലാൽ ജേക്കബ്ബ് പൈനുങ്കൽ**
ഡയറക്ടർ ജീസസ് യൂത്ത്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ജ്യോതിർഗമയ**

ലഹരി വിരുദ്ധ കേരള യാത്ര വിജയകരമായി പര്യവസാനിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലും സന്ദർശനം നടത്തിയ യാത്രയ്ക്ക് സ്നേഹപൂർവ്വകവും ആവേശകരവുമായ സ്വീകരണമാണ് വിവിധ രൂപതകളിൽ ലഭിച്ചത്. മദ്യവിരുദ്ധ-ലഹരിവിരുദ്ധ സന്ദേശം കേരള ജനതയ്ക്ക് നൽകുവാൻ ജ്യോതിർഗമയ്ക്ക് സാധിച്ചു.

**രൂപതാ എക്സിക്യൂട്ടീവ്**

രൂപത പ്രവർത്തനങ്ങളും ജ്യോതിർഗമയക്ക് നൽകിയ സ്വീകരണ പരിപാടികളും വിലയിരുത്തുവാൻ രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. ജ്യോതിർഗമയുടെ മാനന്തവാടി രൂപതയിലെ സ്വീകരണം വളരെയധികം വിജയകരമായിരുന്നുവെന്ന് യോഗം വിലയിരുത്തി. ധാരാളം വൈദികരും സന്യസ്തരും സ്വീകരണ പരിപാടിയിൽ സന്നിഹിതരായിരുന്നു. അല്മായരുടെയും വിദ്യാർത്ഥികളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

**ബോധവൽക്കരണ സെമിനാർ**

**വൈത്തിരി**

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഏകദിന സെമിനാർ നടത്തി. കെ.സി.വൈ.എം. വൈത്തിരി ശാഖയുടെ നേതൃത്വത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് രാവിലെയും ഉച്ചകഴിഞ്ഞുമായി സെമിനാർ നടത്തി. വളരെ മനോഹരമായി സ്കൂൾ അധികൃതർ സെമിനാർ ഒരുക്കങ്ങൾ നടത്തി. സെമിനാർ നടത്താൻ മുൻകൈ എടുത്ത ബഹു. മാത്യു കഴുതാടിയിലച്ചനെയും, KCYM ആനിമേറ്റർ, യൂണിറ്റ് ഭാരവാഹികൾ, സ്കൂൾ ഹെഡ്മിസ്ട്രസ്, അധ്യാപകർ ഏവരെയും നന്ദിപൂർവ്വം ഓർക്കുന്നു.

**സ്കൂൾ ലഹരി വിരുദ്ധ ക്ലബ് (കാസ)**

നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളായ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വളരെ സജീവമായി മുന്നോട്ട് പോകുന്നു.

**അസംപ്ഷൻ യു. പി. സ്കൂൾ ബത്തേരി**

ഓണാഘോഷം ലഹരി വിമുക്തമാക്കുക എന്ന സന്ദേശവുമായി ലഘുലേഖ വിതരണം ചെയ്തു. സ്കൂളിൽ പുകയില വിരുദ്ധ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു.

**സെന്റ് തോമസ് H.S. നടവയൽ**

ഓണാഘോഷത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ സന്ദേശം കൈമാറി. കുട്ടികൾക്ക് പ്രത്യേക മത്സരങ്ങൾ നടത്തി.

**സെന്റ് ആന്റണീസ് യു. പി. പഴൂർ**

ഓണം ലഹരി വിമുക്തമാക്കുക എന്ന മുദ്രാവാക്യവുമായി വിവിധ

പ്രവർത്തനങ്ങൾ നടത്തി. പതിപ്പ് 2000 കോപ്പി പ്രസിദ്ധീകരിച്ച് വീടുകളിൽ വിതരണം ചെയ്തു. കുട്ടികൾ ഭവനസന്ദർശനം നടത്തി. 'ഒരു മകൾ അച്ച നയച്ച കത്ത്' എന്ന ലഘുലേഖ വിതരണം ചെയ്തു. ലഹരിവിരുദ്ധ ആശയം പ്രചരിപ്പിക്കുവാൻ രണ്ടു കട്ടൗട്ടറുകൾ സ്ഥാപിച്ചു. മദ്യവിമുക്ത ഓണം ആഘോഷിച്ച കുടുംബങ്ങളിൽനിന്ന് തെരഞ്ഞെടുത്ത 5 കുടുംബങ്ങൾക്ക് സമ്മാനം നൽകി ആദരിച്ചു.

**വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ**

രൂപതയുടെ നേതൃത്വത്തിൽ യു.പി. ഹൈസ്കൂൾ വിദ്യാർത്ഥി കൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സ്കൂളിൽ നിന്ന് തെരഞ്ഞെ ടുത്ത രണ്ട് രചനകൾ രൂപതാ തലത്തിൽ എത്തിക്കുകയും രൂപതാ തല ത്തിൽ മികച്ച സൃഷ്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യും.

**മത്സര ഇനങ്ങൾ**

**ഉപന്യാസ രചന:** വിഷയം: ലഹരിയുടെ ഉപയോഗം വിദ്യാർത്ഥിക ളിൽ – കാരണങ്ങളും പ്രതിവിധിയും

**ചിത്രരചന:** ലഹരി സംസ്കാരം മരണ സംസ്കാരം

**പോസ്റ്റർ:** ലഹരിക്കെതിരെ, **കൊളാഷ്:** ലഹരി

**സ്കൂൾ സെമിനാറുകൾ**

ജില്ലാ വിദ്യാഭ്യാസവകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പി ന്റെയും വയനാട് ജില്ലാ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ജില്ലയിലെ ഹൈസ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ലഹരിവിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ച് വരുന്നു. സെമിനാറുകളുടെ ഉദ്ഘാടനം മൂലങ്കാവ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.വി. ശശി ഉദ്ഘാടനം ചെയ്തു. സി.സി.ഇ. ശ്രീമതി കെ.എൻ. തങ്കമണി അദ്ധ്യക്ഷയായിരുന്നു. സെമിനാറു കൾക്ക് നേതൃത്വം നൽകുന്നത് സമിതി രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കലാണ്. മൂലങ്കാവ്, കണിയാമ്പറ്റ, കരിങ്കുറ്റി, തൃശ്ശിലേരി, കാക്ക വയൽ, അരപ്പറ്റ എന്നീ വിദ്യാലയങ്ങളിൽ സെമിനാർ നടത്തി.

**നേതൃത്വ പരിശീലന ക്യാമ്പ്**

കാസ ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ നവംബർ 30 ന് ശനിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ ദ്വാരക എ.യു.പി. സ്കൂൾ, അസംപ്ഷൻ ഹൈസ്കൂൾ എന്നിവിടങ്ങളിൽ വെച്ച് നേതൃത്വപരിശീലന ക്യാമ്പ് നടത്തുന്നു. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ് ഭാരവാഹികളാണ് ക്യാമ്പിൽ പങ്കെടുക്കുക.

**ക്രിസ്തുമസ് മദ്യ വിമുക്തമാക്കുക**

മദ്യവും ലഹരി വസ്തുക്കളും ഉപേക്ഷിച്ച് ക്രിസ്തുമസ് ആഘോഷം വ്യക്തികളിലും കുടുംബങ്ങളിലും ക്രിസ്തു വന്ന് പിറക്കുവാൻ ഇടയാക്കു ന്നു. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആഘോഷമായ ക്രിസ്തു മസ് മദ്യത്തിന്റെ പിടിയിൽപ്പെട്ട് കലഹത്തിന്റെയും ആഭാസത്തിന്റെയും വേദി യാകാതിരിക്കാൻ ശ്രദ്ധിക്കുക.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡണ്ട്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

"ദൂതൻ അവരോടു പറഞ്ഞു ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു." എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

നോമ്പിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങളായ ഡിസംബറിൽ പരസ്നേഹപ്രവർത്തനങ്ങളിലൂടെയും പ്രവർത്തനാരൂപിയിൽ നിറഞ്ഞ ജീവിതസാക്ഷ്യത്തിലൂടെയും രക്ഷകനായ യേശുനാഥനെ നമ്മുടെ ഹൃദയങ്ങളിൽ വരവേൽക്കാൻ ഒരുങ്ങാം. നോമ്പുദിവസങ്ങളിൽ പരസ്നേഹപ്രവർത്തനങ്ങളിൽ നമ്മെത്തന്നെ പൂർവ്വാധികം തീക്ഷ്ണതയോടെ സജ്ജമാക്കാം. ഡിസംബർ 8 പരി. അമ്മയുടെ അമലോത്ഭവ തിരുനാൾ സമുചിതമായി ആഘോഷിക്കുവാൻ ഓർമ്മിപ്പിക്കുന്നു. അന്നേദിവസം എല്ലാ പ്രവർത്തകരും തിരുസഭയ്ക്കും, പരി. പിതാവിനും, സൊസൈറ്റിക്കും മാതൃരാജ്യത്തിനുംവേണ്ടി വിശുദ്ധ കുർബാനയിൽ നിയോഗം വെച്ച് പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സിസി യോഗം**

നവംബർ 9-ാം തീയതി രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സിസി പ്രസിഡണ്ട് ബ്ര. തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ സിസി യോഗം ചേർന്നു. യോഗത്തിൽ അദ്ധ്യക്ഷ സന്ദേശത്തിൽ സിസി പ്രസിഡണ്ട് ബ്ര. തോമസ് മാങ്ങൻ സംഘടനയുടെ ഏരിയ കൗൺസിൽ, കോൺഫ്രൻസ്തല പ്രവർത്തനങ്ങളെ, പ്രത്യേകിച്ച് ഓസ്സാനാംഭവൻ വിപുലീകരണത്തിന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് ഫണ്ട് ശേഖരണത്തിൽ അതീവ താല്പര്യം പ്രകടിപ്പിച്ച് ഏറ്റെടുത്തതിൽ അഭിനന്ദിച്ചു. മുന്നോട്ടും ഇതുപോലുള്ള സഹകരണം പ്രതീക്ഷിക്കുന്നു എന്നുകൂടി കൂട്ടിചേർത്തു.

കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിഞ്ഞ ഏസി പ്രസിഡണ്ടുമാരായ:

a) ബ്രദർ ടി.എം.ജോർജ്ജ് തടത്തിൽ - തോണിച്ചാൽ
b) ബ്രദർ കുര്യൻ മൂലച്ചിറ - കുറുമ്പാല ഏസി
c) ബ്ര. കെ.യു. ജോസഫ് കാരക്കുന്നേൽ - പയ്യമ്പള്ളി ഏസി

എന്നിവരെ നന്ദിയോടെ ഓർക്കുകയും സംഘടനക്കായി നൽകിയ നിസ്വാർത്ഥ സേവനങ്ങളെയും പ്രവർത്തനങ്ങളെയും അഭിനന്ദിക്കുകയും പുതിയ ഭാരവാഹികൾക്ക് മാതൃകയാവുകയും ചെയ്യട്ടെ എന്ന് ആശംസിച്ചു.

**പുതിയ ഭാരവാഹികൾ**

ബ്രദർ ജോസ് കാരക്കട - പയ്യമ്പള്ളി ഏസി പുതിയ ഏസി പ്രസിഡണ്ടായി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു.

**ഏസി തല പ്രവർത്തനങ്ങൾ**

ഏസി തല പ്രവർത്തനങ്ങൾ ഇനി മുതൽ എല്ലാ ഏസി പ്രസിഡണ്ടുമാരും എഴുതികൊണ്ടുവന്ന് സിസി യോഗത്തിൽ അവതരിപ്പിച്ച് സിസി ഓഫീസിൽ ഏൽപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

**പുതിയ കോൺഫ്രൻസ്**

നടവയൽ ഏസി യുടെ കീഴിൽ പനമരത്ത് ഒരു പുതിയ കോൺഫ്രൻസ് രൂപീകരിച്ച് നടവയൽ ഏസി പത്ത് കോൺഫ്രൻസുകൾ പൂർത്തീകരിച്ചു. അതിനായി നേതൃത്വം നൽകിയ സിസി ജനറൽ സെക്രട്ടറി ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ നടവയൽ ഏസി പ്രസിഡണ്ട് മറ്റ് ഭാരവാഹികളെയും അഭിനന്ദിച്ചു.

മറ്റു ഇടവകകളിൽ പ്രത്യേകിച്ച് കോണഫ്രൻസുകൾ ഇല്ലാത്തതും കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ നിലച്ചുപോയിരിക്കുന്നതുമായവയെ ഏസി തലത്തിൽ രൂപീകരിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്ത് നിയമപരമായ എല്ലാ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും പ്രോത്സാഹിപ്പിക്കാനും നിർദ്ദേശിച്ചു.

**ട്വിന്നിംഗ് ഗ്രാന്റ്**

ട്വിന്നിംഗ് ഗ്രാന്റ് ലഭിച്ചിട്ടില്ലാത്ത അർഹതയുള്ള കോൺഫറൻസുകളിൽ നിന്നും അപേക്ഷകൾ അയയ്ക്കാൻ നിർദ്ദേശിച്ചു. ഒരു ഇടവകയിൽ നിന്നും ഒരു കോൺഫറൻസിനു മാത്രമേ ട്വിന്നിംഗ് ഗ്രാന്റ് ലഭിക്കുകയുള്ളു. സ്പെഷൽ ഗ്രാന്റിലെ നല്ലൊരു തുക ഓസ്സാനാംഭവനിലേക്ക് കെട്ടിട വിപുലീകരണത്തിനു വേണ്ടി സംഭാവന ചെയ്യാൻ കോൺഫറൻസ് പ്രസിഡണ്ട്മാരെ പ്രോത്സാഹിപ്പിക്കാൻ ഏസി പ്രസിഡണ്ടുമാരെ അറിയിച്ചു.

**സ്കോളർഷിപ്പ്**

വിദ്യാജ്യോതി, വിദ്യാജ്യോതിസ്പെഷൽ എന്നീ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

**വിദ്യാജ്യോതി**

| | |
|---|---|
| 1. സാംജോ കൊടിയംകുന്നേൽ | - സെന്റ് ജോസഫ്, അരിഞ്ചേർമല |
| 2. അന്ന മരിയ ജോയി | - മേരി മാതാ, കബനിഗിരി |
| 3. അനിറ്റ മാത്യു | - സെന്റ് മേരീസ്, നടവയൽ |
| 4. സ്നേഹ തോമസ് | - സെന്റ് അൽഫോൻസ, ചുങ്കക്കുന്ന് |
| 5. സ്നേഹ സണ്ണി | - സെന്റ് അൽഫോൻസ, ദ്വാരക |
| 6. ഷെൽസി | - സെന്റ് തോമസ്, ദീപ്തിഗിരി |
| 7. അജിൻ. ടി. ജെ | - ലിറ്റിൽ ഫ്ളവർ, നിലമ്പൂർ |
| 8. കൊച്ചുത്രേസ്യ | - ലിറ്റിൽ ഫ്ളവർ നിലമ്പൂർ |
| 9. എബി കെ. ബാബു | - സെന്റ് ഫ്രാൻസിസ് അസ്സീസി, മീനങ്ങാടി |
| 10. ഷിന്റോ തോമസ് | - സെന്റ് ജോസഫ് ബാലേശുഗിരി |
| 11. അജിത് കെ.ജെ. | - സെന്റ് ജൂഡ് കല്പ്പറ്റ |
| 12. ജോസ്മി ജോസഫ് | - സെന്റ് അൽഫോൻസ, ദ്വാരക |
| 13. ജോബിൻ ജോസഫ് | - സെന്റ് തെരേസ, തരിയോട് |
| 14. ആദർശ് | - സെന്റ് തോമസ്, തരിയോട് |
| 15. അതുല്യ ടി ബെന്നി | - സെന്റ് മേരീസ്, പയ്യമ്പള്ളി |

**വിദ്യാജ്യോതി സ്പെഷ്യൽ**

| | |
|---|---|
| 1. അഞ്ജു എളമ്പിലക്കാട്ടിൽ | - സെന്റ് ജോസഫ്, തെനേരി |
| 2. ജീവൻ തോമസ് | - ഇൻഫന്റ് ജീസസ്, കബനിഗിരി |
| 3. ഗ്ലോറിയ ആന്റണി | - ഇൻഫന്റ് ജീസസ്, കബനിഗിരി |
| 4. നൈസി. യു. എൻ. | - സെന്റ് മേരീസ്, കല്പ്പറ്റ |
| 5. അനിത സനിൽ | - സെന്റ് തോമസ്, ദീപ്തിഗിരി |
| 6. ലിജിൻ സോജൻ | - സെന്റ് അൽഫോൻസ, ദീപ്തിഗിരി |
| 7. അജിത് പ്രകാശ് | - സെന്റ് മരിയ ഗൊരേത്തി, കല്ലോടി |

8. ആൽബിൻ പൗലോസ് - സെൻ്റ് ജോസഫ്, ബാലേശുഗിരി
9. ആൽബിൻ സജി - സെൻ്റ് ഫ്രാൻസീസ് അസ്സീസി, മീനങ്ങാടി
10. അഞ്ജലി ജെയിംസ് - സെൻ്റ് തെരേസ, തരിയോട്
11. നിർമ്മൽ ജോസ് - സെൻ്റ് ജോർജ്ജ് കോട്ടത്തറ
12. സ്നേഹ പി. ദേവസ്യ - സെൻ്റ് തോമസ്, ചെന്ദലോട്
13. ടിൽന വർക്കി - സെൻ്റ് അൽഫോൻസ, കാവുംമന്ദം
14. അഞ്ജലി ക്രിസ്റ്റി ജോസ് - സെൻ്റ് മേരീസ്, യവനാർകുളം
15. അനിത ജോസഫ് - സെൻ്റ് മേരീസ്, യവനാർകുളം
16. ത്രേസ്യ ജോർജ്ജ് - സെൻ്റ് മേരീസ്, തോണിച്ചാൽ
17. നീനു ജെയിംസ് - ലിറ്റിൽ ഫ്ളവർ, ചെറുകാട്ടൂർ
18. ദിവ്യ പീറ്റർ - സെൻ്റ് തെരേസ, കൊമ്മയാട്
19. സാന്ദ്ര വി.ബി. - സെൻ്റ് അൽഫോൻസ, ദ്വാരക

തനത് വിഹിതം ചേർത്ത് സ്കോളർഷിപ്പുകൾ വിതരണം ചെയ്ത് കബ്ലീഷൻ റിപ്പോർട്ട് ഡിസംബർ മാസം 15-ാം തീയതി സിസി യിൽ എത്തിക്കേണ്ടതാണ്.

റിന്യൂവൽ ആപ്ലിക്കേഷൻ 2014 ജനുവരി 10-ാം തീയതി സിസി യിൽ എത്തിക്കേണ്ടതാണ്.

**കോൺഫറൻസുകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. കോൺഫറൻസ് യോഗങ്ങളിൽ ബഹു. ആത്മീയോപദേഷ്ടാവിന്റെ സാന്നിധ്യം ഉറപ്പാക്കണം. ചില പ്രത്യേക സാഹചര്യങ്ങളാൽ പലപ്പോഴും വികാരി അച്ചന്മാർക്ക് എല്ലാ ഞായറാഴ്ചകളിലും കോൺഫറൻസ് യോഗങ്ങളിൽ പങ്കെടുക്കാൻ അസൗകര്യമുള്ളതിനാൽ മാസത്തിലൊരിക്കലെങ്കിലും അച്ചന്റെ സാന്നിധ്യം യോഗത്തിൽ ഉണ്ടാകുവാൻ കോൺഫറൻസ് പ്രസിഡണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കണം. അച്ചനും അംഗങ്ങൾക്കും സ്വീകാര്യമായ സമയം കണ്ടെത്തി യോഗം നടത്താൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2. വിശ്വാസവർഷത്തിന്റെ തുടർ പരിപാടികൾ എന്ന നിലയിൽ "വളരുന്ന തലമുറയ്ക്ക് ക്രിസ്തീയ ഉപവിപ്രവർത്തന പഠനകളരി" സംഘടിപ്പിക്കുവാൻ സൊസൈറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടക്കമെന്ന നിലയിൽ ഇടവക തലത്തിൽ മതബോധന ക്ലാസുകളിൽ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ നിന്നും 10-15 വിദ്യാർത്ഥികളെ വികാരിയച്ചന്റെ സമ്മതത്തോടെ തിരഞ്ഞെടുത്ത് മാസത്തിൽ ഒരു പ്രാവശ്യം കോൺഫറൻസ് അംഗങ്ങളോടൊപ്പം ഭവനസന്ദർശനം, രോഗീസന്ദർശനം എന്നീ കോൺഫറൻസിന്റെ ഉപവി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചു ക്രിസ്തീയ ഉപവി പ്രവർത്തന പഠനം കുട്ടികൾക്ക് നൽകുകയും, സൊസൈറ്റി നടത്തുന്ന സാമ്പത്തിക സഹായം, ഫണ്ട് ശേഖരണം തുടങ്ങിയവയിൽ ബോധവൽക്കരിക്കുകയും ക്ലാസ്സുകളിൽ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

3. ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രോജക്ട് ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ നേരിടുന്ന വിഷമതകളെ തരണം ചെയ്യുവാൻ സിസി ഭാരവാഹികൾ അഭിവന്ദ്യ പിതാവുമായി നടത്തിയ കൂടിക്കാഴ്ചയിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് ഇടവക തലത്തിൽ ഒരു ഞായറാഴ്ച പിരിവ് ബഹു. വികാരിയച്ചനുമായി ചർച്ച ചെയ്ത് പ്രത്യേക നിയോഗം വെച്ച് വി. കുർബാന മധ്യേ അറിയിപ്പു നൽകി തുടർന്നു വരുന്ന ഞായറാഴ്ച കളക്ഷൻ എടുത്ത് സിസി യിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**അഗ്രിഗേഷൻ**

അഗ്രിഗേഷൻ ലഭിച്ചിട്ടില്ലാത്ത ഏരിയ കൗൺസിലുകളും കോൺഫറൻസുകളും നിർദ്ദിഷ്ട ഫോമിൽ സ്ഥിതി വിവരങ്ങൾ പൂരിപ്പിച്ച് സിസി യിൽ എത്രയും പെട്ടെന്ന് എത്തിക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

**പ്രൊജക്ട്**

പ്രൊജക്ട് ഫണ്ട് ലഭിച്ചിട്ടുള്ള എല്ലാ കോൺഫറൻസുകളും തനത് പ്രൊജക്ടുകളുടെ കമ്പ്ലീഷൻ റിപ്പോർട്ട് ഫോട്ടോകൾ ഉൾപ്പെടെ സിസി യിൽ എത്തിക്കണം. ഫോട്ടോയിൽ ആത്മീയോപദേഷ്ടാവ് സിസി ഭാരവാഹികൾ എന്നിവരുടെ സാന്നിധ്യം ഉറപ്പാക്കണം.

**ക്രിസ്തുമസ് ആഘോഷം**

മുമ്പ് തീരുമാനിച്ചതുപോലെ ഡിസംബർ 21-ാം തീയതി ഓസാനാം ഭവനിൽ വെച്ച് ക്രിസ്തുമസ് ആഘോഷിക്കുന്ന വിവരം ഒരിക്കൽകൂടി എല്ലാവരേയും ഓർമ്മിപ്പിക്കുകയും എല്ലാവരുടെയും സാന്നിദ്ധ്യം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**ഡയറി 2014**

2014 വർഷത്തെ സംഘടനയുടെ ഡയറി ഡിസംബർ 21-ാം തീയതി ഓസാനാം ഭവനിൽ വെച്ച് വിതരണം ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഒരു കോൺഫറൻസിന് രണ്ടെണ്ണം എന്ന തോതിലാണ്. ഡയറിയുടെ വില 40/- രൂപ. വില നിൽകിയിട്ടില്ലാത്ത എല്ലാ ഏസികളും അന്നേദിവസം കോൺഫറൻസുകളുടെ എണ്ണമനുസരിച്ച് തുക കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**കല്ലോടി ഏ.സി**

| | | | |
|---|---|---|---|
| 17-12-2013 | - | സെന്റ് ബെനഡിക്ട് | മക്കിയാട് |
| 19-12-13 | - | സെന്റ് ആന്റണി | കുഞ്ഞോം |
| 21-12-13 | - | സെന്റ് മേരീസ് | പുതുശ്ശേരി |
| 23-12-13 | - | സെന്റ് ജോർജ്ജ് | കല്ലോടി |

ജൂനിയർ കോൺഫറൻസുകളെ ഉൾക്കൊള്ളിക്കുവാൻ ഏസി പ്രസിഡണ്ടുമാർ ശ്രദ്ധിക്കുമല്ലോ.

**കല്പ്പറ്റ ഏ.സി**

| | | | |
|---|---|---|---|
| 25-12-2013 | - | സെന്റ് മേരീസ് (വ) | വൈത്തിരി |
| 27-12-2013 | - | സെന്റ് മേരീസ് | നെടുമ്പാല |
| 29-12-2013 | - | സെന്റ് ജൂഡ് | കല്പ്പറ്റ |
| 31-12-2013 | - | സെന്റ് മേരീസ് (പു) | വൈത്തിരി |
| 02-1-2014 | - | സെന്റ് മേരീസ് | പുഴമുടി |
| 04-1-2014 | - | സെന്റ് ക്ലാരറ്റ് | ചാരിറ്റി |
| 06-1-2014 | - | സെന്റ് മേരീസ് | കല്പ്പറ്റ |
| 08-1-2014 | - | സെന്റ് ജോസഫ് | റിപ്പൺ |

**കൊട്ടിയൂർ ഏ.സി**

| | | | |
|---|---|---|---|
| 12-1-2014 | - | സെന്റ് ജോസഫ് | അടയ്ക്കാത്തോട് |
| 14-1-2014 | - | സെന്റ് ജോർജ്ജ് | അമ്പായത്തോട് |
| 16-1-2014 | - | സെന്റ് മേരീസ് | അമ്പായത്തോട് |
| 18-1-2014 | - | സെന്റ് സെബാസ്റ്റ്യൻ | കൊട്ടിയൂർ |

ഒരിക്കൽക്കൂടി എല്ലാ വിൻസെൻഷ്യൻ സഹോദരങ്ങൾക്കും കുടുംബാംഗങ്ങൾക്കും ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ.

**ബ്രദർ എം. സി. തോമസ് മാങ്ങൻ** - സി.സി. പ്രസിഡണ്ട്

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ സർട്ടിഫിക്കേഷൻ ബോഡിയായ 'APEDA' യുടെ പൈലറ്റ് ഇൻസ്പെക്ഷൻ നടത്തുവാൻ കഴിഞ്ഞു. അമേരിക്ക ആസ്ഥാനമായുള്ള 'USDA' (United State Development Authority) യുടെ നവംബറിൽ നടക്കുന്ന ഇൻസ്പെക്ഷന് മുന്നോടിയായിട്ടാണ് ഇത് നടന്നത്. APEDA യുടെ ഡൽഹി ഓഫീസിൽ നിന്നും Dr. PVSM Gouri ഇൻസ്പെക്ഷന് നേതൃത്വം നൽകി. ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും പ്രവീൺ കുമാർ, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജനറൽ കോ-ഓഡിനേറ്റർ പി. എ. ജോസ്, മാർക്കറ്റിംങ്ങ് മാനേജർ Mr. മാർട്ടിൻ KL ഓർഗാനിക് ടീം ലീഡർ ജ്വാല ജോസ്, മറ്റ് ടീം അംഗങ്ങൾ ഇൻസ്പെക്ഷനിൽ പങ്കെടുത്തു. ഇൻസ്പെക്ഷന്റെ ഭാഗമായി ചെറുകാട്ടൂർ മഠത്തിക്കുന്നേൽ അഗസ്റ്റിന്റെ ഫാം സംഘം സന്ദർശിച്ചു. സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് എക്സ്റ്റേണൽ ഇൻസ്പെക്ഷൻ നടത്തുന്നതാണ്.

**സമഗ്ര ആദിവാസി വികസന പദ്ധതി (WADI) ഉദ്ഘാടനം ചെയ്തു**

**മാനന്തവാടി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ വരുന്ന 5 വർഷക്കാലം നടപ്പിലാക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഉദ്ഘാടനം എടത്തന ട്രൈബൽ ഹൈസ്കൂളിൽ വെച്ച് ബഹു. പട്ടികവർഗ്ഗ യുവജന ക്ഷേമ വകുപ്പ് മന്ത്രി കുമാരി പി. കെ. ജയലക്ഷ്മി നിർവ്വഹിച്ചു. ആദിവാസികളുടെ തരിശായി കിടക്കുന്ന കൃഷിഭൂമിയിൽ തോട്ടം വെച്ച് പിടിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം കൂടാതെ ജല-മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ, ഉപജീവന സഹായ പദ്ധതികൾ, കുടിവെള്ള-ശുചിത്വ പദ്ധതികൾ സ്വാശ്രയ സംഘങ്ങളുടെ വ്യാപനം, ജൈവകൃഷി പ്രോത്സാഹനം, ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവയും സമഗ്ര ആദിവാസി വികസന പദ്ധതിയിൽ ഉൾപ്പെടുന്നു. 730 കുടുംബങ്ങൾക്കായി 312.73 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതം ആശംസിച്ചു. WSSS ജോ. ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ ചിന്നമ്മ ജോസ്, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഇ.കെ.കുഞ്ഞാമൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശാന്ത വിജയൻ, സ്റ്റാഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അപ്പച്ചൻ കുറ്റ്യോട്ട്, വാർഡ് മെമ്പർമാരായ ജോണി മിറ്റത്തിലാനി,

ബേബി പെരുമ്പിൽ, ജോസഫ് പല്ലാട്ടുകുന്നേൽ, ഗോപി. ടി.കെ, ജോസ് കൈനിക്കുന്നേൽ, ജയരാജൻ, ലില്ലി ജോയി, സ്കൂൾ ഹെഡ്മിസ്ട്രസ് സെലിൻ എസ്.എ, പി.റ്റി.എ പ്രസിഡണ്ട് വിനോദ് കുമാർ, വില്ലേജ് പ്ലാനിംഗ് കമ്മിറ്റി വൈസ് പ്രസിഡണ്ട് വെള്ളൻ സെക്രട്ടറി ബാബു എടമുണ്ട, WSSS ജനറൽ കോ-ഓർഡിനേറ്റർ ജോസ് പി.എ. എന്നിവർ സംസാരിച്ചു.

**സേവ് എ ഫാമിലി പ്രോഗ്രാം**

ഒക്ടോബർ 15, 16 ദിവസങ്ങളിൽ SAFPI ഓഫീസിൽ നിന്നും ശ്രീ. ഷിന്റോ (റീജണൽ പ്രോഗ്രാം ഓഫീസർ) മാനന്തവാടിയിലെ SAFP പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതിനോടനുബന്ധിച്ച് 15-10-13 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് ശ്രീ. ഷിന്റോയുടെ അദ്ധ്യക്ഷതയിൽ കല്പ്പറ്റ റീജിയൺന്റെ റീജിയണൽ മീറ്റിംഗ് സംഘടിപ്പിക്കുകയും ചെയ്തു. മീറ്റിംഗിൽ 'മദ്യപാനവും അതിന്റെ ദോഷഫലങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ബിജോ കറുകപ്പള്ളിൽ ക്ലാസ്സ് നടത്തുകയും ക്ലാസിന് ശേഷം 10 കുട്ടികൾക്ക് സുരക്ഷയുടെ ആഭിമുഖ്യത്തിൽ പഠന സ്കോളർഷിപ്പ് നൽകുകയും ചെയ്തു. 16-10-13 ന് കല്പ്പറ്റ റിജിയൺന്റെ കുറുമണി, കുറുമ്പാല, അരിഞ്ചേർമല, കല്പ്പറ്റ എന്നീ സ്ഥലങ്ങളിലെ SAFP കുടുംബങ്ങൾ ശ്രീ.ഷിന്റോ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 21-10-13 നും 22-10-13 നും പ്രശാന്തഗിരി, ശശിമല എന്നീ സ്ഥലങ്ങളിലെ കുടുംബങ്ങൾക്ക് വരുമാന വർദ്ധക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി കോഴികളെ വിതരണം ചെയ്തു. 28-10-13 ഉം 29-10-13 ഉം SAFP നിലമ്പൂർ റീജിയണിലെ കുടുംബങ്ങളിൽ ആനിമേറ്ററും കോ-ഓർഡിനേറ്ററും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ 20 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടികൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക വിതരണം നടത്തി.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

കേന്ദ്ര സർക്കാരിന്റെ കേര വികസന ബോർഡ് വയനാട് ജില്ലയിൽ ചങ്ങാതിക്കൂട്ടം പരിശീലനം നടത്തുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തു. തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശീലനവും തെങ്ങ് കയറ്റത്തിൽ പ്രായോഗിക പരിശീലനവും നൽകി സുസജ്ജമായ ഒരു തൊഴിൽ സേനയെ രൂപപ്പെടുത്തുക എന്നതാണ് ചങ്ങാതിക്കൂട്ടം പരിശീലനംകൊണ്ട് ഉദ്ദേശിക്കുന്നത്. 6 ദിവസം നീണ്ടുനിൽക്കുന്ന താമസിച്ചുള്ള പരിശീലനമാണ് നടപ്പിലാക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേര വികസന ബോർഡിന്റെ സർട്ടിഫിക്കറ്റും തെങ്ങ് കയറ്റ യന്ത്രവും സൗജന്യമായി നൽകുന്നതാണ്. 18 വയസിനും 40 വയസിനും ഇടയിൽ പ്രായമുള്ള സ്ത്രീപുരുഷന്മാർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മാനന്തവാടി ഓഫീസുമായി ബന്ധപ്പെടുക. ഒരു വർഷത്തെ അപകട ഇൻഷൂറൻസ് കവറേജുള്ള ഈ പരിശീലനം തികച്ചും സൗജന്യമായിരിക്കും.

Ph: 04935-240314, Mob:9656002212

**ഫാ. ജോൺ ചൂരപ്പുഴയിൽ** - ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി നിലകൊള്ളുന്ന കേരള ലേബർ മൂവ്മെന്റ് (KLM) ലെ അംഗങ്ങളുടെ എണ്ണം 1213 ആയി വർദ്ധിച്ചിട്ടുണ്ട്. സുരക്ഷയിൽ 843 ആളുകൾ, ചെറുകിട കർഷകർ 162 പേർ, തയ്യൽ തൊഴിലാളികൾ 122 പേർ കൂടാതെ പുതുതായി രൂപീകരിച്ചുകൊണ്ടിരിക്കുന്ന ഫോറങ്ങളായ നിർമ്മാണ തൊഴിലാളികൾ 72 പേർ, കർഷക തൊഴിലാളികൾ 16 പേർ.

## ക്ലാസ്സുകൾ സംഘടിപ്പിച്ചു

പുൽപ്പള്ളി കൃപാലയാ സ്കൂളിൽ കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരു സെമിനാർ സംഘടിപ്പിക്കുകയും കോ-ഓർനേറ്റർ ശ്രീ. ജോബിൻ കുരീക്കാട്ടിൽ സുരക്ഷയെക്കുറിച്ചു വിവിധ ക്ഷേമനിധികളെക്കുറിച്ചും വിശദമായി ക്ലാസ്സ് നടത്തുകയും ചെയ്തു.

കല്ലോടി SWS ഓഫീസിലേയ്ക്ക് SWS ഓർഗാനിക് ടീം അംഗങ്ങളെ മുഴുവൻ വിളിച്ചു ചേർക്കുകയും സുരക്ഷയെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീ. ജോബിൻ കുരീക്കാട്ടിൽ ക്ലാസ്സ് നടത്തുകയും ചെയ്തു.

Coconut Development Board ന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പ്രോഗ്രാമിൽ ആദ്യ ബാച്ചിനായി 24-10-13 ന് KLM ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. വിനീഷ് വണ്ടന്നൂർ തുടങ്ങിയവർ KLM, സുരക്ഷ എന്നിവയെക്കുറിച്ച് ക്ലാസ്സ് നടത്തി.

ബോയ്സ് ടൗണിൽ വെച്ച് നടന്ന തെങ്ങിന്റെ ചെങ്ങാതിക്കൂട്ടം പ്രോഗ്രാമിന്റെ രണ്ടാം ബാച്ചിനായി 30-10-13 ന് കോ-ഓർഡിനേറ്റർ ശ്രീ. ജോബിൻ കുരീക്കാട്ടിൽ KLM സുരക്ഷയെക്കുറിച്ച് ക്ലാസ്സ് നടത്തി.

KLM സെക്രട്ടറി ശ്രീമതി ആലീസ് സിസിൽ ദ്വാരക SWS അംഗങ്ങളെ വിളിച്ചു കൂട്ടുകയും സുരക്ഷയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. അയിലമൂലയിൽ വെച്ച് നടന്ന കുടുംബശ്രീ യൂണിറ്റ് മീറ്റിംഗിൽ കോ-ഓർഡിനേറ്റർ ശ്രീ. ജോബിൻ കുരീക്കാട്ടിൽ പങ്കെടുക്കുകയും സുരക്ഷയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

## സ്കോളർഷിപ്പ് വിതരണം

SAFP കല്പ്പറ്റ റീജിയണിന്റെ റീജണൽ മീറ്റിംഗിൽ വച്ച് WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിയുടെ നേതൃത്വത്തിൽ 10 കുട്ടികൾക്ക് സുരക്ഷയുടെ ആഭിമുഖ്യത്തിൽ പഠന സ്കോളർഷിപ്പ് നൽകി.

**ഫാ. ബിജോ കറുകപ്പള്ളി** - KLM ഡയറക്ടർ

**Tidings October-November 2013**

- The Peer Team Visit for the Reaccreditation of the College went smooth from 28 to 30 October. Prof. Dr A.K. Milltal, Vice Chancellor, Babu Banarasidas University, Lucknow was the Chairman. Prof. Dr Y.M. Jayaraj from the Gulbarga Univeristy was the Coordinating Member, and Dr S.T. Gadade, Principal, Changu Khana Thakur Arts, Commerce, and Science College, Panvel, Maharastra was the other Member. The Team was given a warm reception by the College Community cum Salute by the NCC Cadets. The Patron, Rt Rev. Dr Jose Porunnedom, the Vicar General, the Procurator, and the Chancellor of the Diocese were present. The highlight of the Visit was the 45 Minutes' Cultural Extravaganza presented by 80 students of the College in honour of the Visiting Team. The Academic Community and the Parent cum Alumni representatives along with the Heads of neighbourig institutions witnessed the event. Sri George Thomas and Ms Manjusha Mohan coordinated. The Team held interactions with all the Stakeholder Groups of the college and visited the Employment Training Centre for Tribal Women functioning on the hospitality of the Adoration Sisters at Appappara. The Team appreciated the following new initiatives of the College after the first Cycle of Accreditation held by the NAAC (National Assessment and Accreditation Council) in 2006: UG Program in Chemistry, Conversion of UG Programs in Commerce and Computer Science, PG Program in Computer Science, New Certificate Courses, Introduction of Open Courses, Research Centre in Zoology, Inclusion of Informatics in all UG Programs, ICT-enabled 12 Class Rooms including 6 Digital, Network Resource Centre –II, Audio Visual Hall with Smart Board, Inclusion of all the Senior Faculty in the Academic Bodies of the University, Extending the Services of Three Senior Faculty to the Kannur University and the Central University of Kerala on Deputation, LAN Facility with centralized UPS, Wi-fi Facility for the whole Campus, Dynamic New Website for the College, Gymkhana and Sports Pavillion, Women's Hostel with State of the Art Facilities, Men's Hostel Facility on the Hospitality of the Divine Providence Seminary, Additional Toilet Facility for Women, Multi-purpose Indoor Sports Training Facility with a Large Stage for the Indoor Auditorium, 760 KV Generator, Automated newly furnished College Office, Well Furnished IQAC (Internal Quality Assurance Cell), Extended Central Library automated with KOHA Software, INFLIBNET facility for Research Promotion, Book Banking Facility for the Financially Challenged Students, Additional Class Rooms and Seminar Hall, Mar George Njaralakkat Endowment Employment

Training Centre for Tribal Women, Proficiency Development in English for the Teaching and Administrative Teams, Proficiency Development in English for the High and Higher Secondary School Teachers across Wayanad, PEN-R (Project on English Newspaper Reading) Project to enhance the English Language Proficiency of our Students, Performance Development Programs for the Freshers, Orientation and Induction of New Faculty, Heritage Museum on Wayanad's own Artifacts, Office Space for the Students' Union, NSS, NCC, Women's Cell, Career Guidance, Professional Counselling, and Indian Languages, Dining Facility for the Day Scholars, Providing Free Space for BSNL Mobile Tower Parliamentary Mode of Election since 2007 following the Lingdo Commission Recommendations to ensure Peaceful Campus Atmosphere, Solar Garden Lamp and Water Heaters for the Canteen and the Ladies' Hostel, Bio-gas Plant in the Canteen, Vermi-compost Unit & Green House, Huge Earthen Pond to Recharge Groundwater on the Campus, and Upcoming Regular Study Centre of IGNOU for those who could not pursue regular college studies. The Patron arranged Dinner cum Interface between the College Board of Governors and the Peer Team. The Visit went smooth under the efficient leadership of the College Manager Rev. Fr Chandy Punakkat and coordinated by Dr P.K. Prasadan & Dr Joseph K. Job.

- Immediately after the Peer Team Visit, the College has been enveloped by the Semester-end Exam-fever. Dr Mercy Ignatius is the Chief Superintendent and Sri Reji Francis is the Senior Assistant for the smooth conduct of the University Exams.
- Dr Savio James, Sri Biju Joseph, and Dr Mercy attended the Board of Studies' Meet in the Kannur University.
- The Kannur University appointed Dr Savio James and Dr Maria Martin Additional Chief Supts in Colleges in the neigbourhood, and Dr Rajeev Thomas, Member of the Inspection Squad for the University Examinations.
- Dr P.K. Prasadan, Dr Joseph K.J., Dr Sudhadevi, and the Research Scholar Ms Smija attended the Three Day National Workshop on Engineering Research for the Betterment of Society led by the Faculty of IIT, Bombay in the Wayanad Govt Engineering College.
- Dr Rakesh Kalia has contributed an Article on Pollution to the Hindi Version of the Malayala Manoram Year Book.
- Sri Reji Francis along with 4 student-entrepreneurs will attend the State Entrepreneurship Workshop in Ernakulam Technopark.
- Sri Manu Sebastian and Ms Jeena V. George, both former students of the College have joined as Guest Faculty for the newly started PG Program in Computer Science. Fr Jaise Chettiasserry of the Radio Mattoli has extended his services to the College to assist Dr Shaju P.P. convalescing after Surgery.

**Dr. Raju George**
Principal

**പൊലിമ കർഷക പുരസ്കാരം 2013**

റേഡിയോ മാറ്റൊലി ആത്മയുടെ സഹകരണത്തോടെ തയ്യാറാക്കുന്ന ആത്മ വയൽനാട് - കാർഷിക വിജ്ഞാന വ്യാപന പരിപാടിയുടെ കൃഷിയിടങ്ങളിലൂടെ ഒരു യാത്ര എന്ന വിഭാഗത്തിൽ പങ്കെടുത്ത കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മികച്ച കർഷകർക്ക് നൽകുന്ന അംഗീകാരമായ പൊലിമ കർഷക പുരസ്കാരം 2013 സമ്മാനിച്ചു. കേരളത്തിന്റെയും വയനാടിന്റേയും പിറവിദിനമായ നവംബർ 1 നാണ് പൊലിമ കർഷക പുരസ്കാരം നൽകിവരുന്നത്. കഴിഞ്ഞ വർഷം മികച്ച രണ്ട് കർഷകർക്കായിരുന്നു പൊലിമ കർഷക പുരസ്കാരം. എന്നാൽ ഈ വർഷം മികച്ച നെൽ കർഷകൻ (ചെറുവയൽ രാമൻ), യുവകർഷകൻ (ഷാജി പി.എ പുൽപ്പള്ളി), ക്ഷീരകർഷകൻ (അനിൽ ജോൺ, ബത്തേരി), വിദ്യാർത്ഥി കർഷകൻ (മുഹമ്മദ് ഹാഷിം പിലാക്കാവ്), വനിതാ കർഷക (ശോശാമ്മ പി. എം), മിശ്രവിള കർഷകൻ (എ. വി. ചാക്കോ ബത്തേരി), മത്സ്യ കർഷകൻ (ടി. പി. ദത്തൻ അമ്പലവയൽ) എന്നീ 7 വിഭാഗങ്ങളിലായാണ് കർഷകരെ ആദരിച്ചത്. ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

മാറ്റൊലിയുടെ കാർഷിക പരിപാടിയിൽ ഉൾപ്പെട്ടവർ, കൃഷിയിടങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ, ജൈവകൃഷി ചെയ്യുന്നവർ, ചുരുങ്ങിയ സ്ഥലത്തുനിന്നും കൂടുതൽ കൃഷിയിലൂടെയുള്ള വരുമാനം, പാരമ്പര്യ കൃഷിരീതികൾ അനുവർത്തിച്ച് വരുന്നവർ എന്നിവയായിരുന്നു തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ. റേഡിയോ മാറ്റൊലിയിൽ നടന്ന യോഗത്തിൽ ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലി അസി. ഡയറക്ടർ. ഫാ. ജെയ്സ് ബേബി സ്വാഗതം പറഞ്ഞു. നബാർഡ് എ.ഡി എം എൻ എസ് സജി കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ആത്മവയൽനാട് പ്രോഗ്രാം പ്രൊഡ്യൂസർ രാജിത്ത് വെള്ളമുണ്ട അവാർഡ്ജേതാക്കളെ

പരിചയപ്പെടുത്തി. ആത്മ പ്രോജക്ട് ഓഫീസർ വി. എസ് റോയ് പുരസ്കാരവിതരണം നിർവഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് മാസ്റ്റർ, ആത്മ ഡെപ്യൂട്ടി ഡയറക്ടർ, ഡോ. അനിൽ സക്കറിയ, KVK യിലെ പ്രൊഫസർ അബ്ദുൾ ജബ്ബാർ, മാനന്തവാടി ബ്ളോക്ക് കൃഷി വകുപ്പ് അസി. ഡയറക്ടർ ബാബു അലക്സാണ്ടർ , എടവക കൃഷി ഓഫീസർ മണികണ്ഠൻ, പൂക്കോട് വെറ്ററിനറി കോളേജ് ട്രെയിനിംഗ് ഹെഡ് ഡോ.സുനിൽ ജി എന്നിവർ ആശംസകളർപ്പിച്ചു. ഇതോടനുബന്ധിച്ച് ഭാരത് ശിക്ഷാരത്തൻ അവാർഡ് ജേതാവ് ഡോ. രാധമ്മപിള്ളയെ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.തോമസ് ജോസഫ് തേരകം ആദരിച്ചു. ആത്മ ഞാറ്റുവേല പ്രോഗ്രാം പ്രൊഡ്യൂസർ എം. പി. ജോസഫ് മാസ്റ്റർ നന്ദി പറഞ്ഞു.

**തലവാചക രചനാ മത്സരം**

ശിശുദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി സംഘടിപ്പിച്ച തലവാചക രചനാ മത്സരത്തിൽ വസന്ത എള്ളുമന്ദം ഒന്നാം സമ്മാനത്തിന് അർഹയായി. കുരുന്നുകൾ പ്രപഞ്ചത്തിന്റെ തായ്‌വേരുകൾ എന്ന തലവാചകമാണ് അവർ നിർദ്ദേശിച്ചത്. രണ്ടാം സ്ഥാനം ലഭിച്ചത് ദ്വാരക ഗുരുകുലം കോളേജ് വിദ്യാർത്ഥിയായ ആഷിഖ് നിർദ്ദേശിച്ച ഇനിയും ഭൂമി നിലനിൽക്കണം. ഇനിയും മനുഷ്യയുഗങ്ങൾ ഉണ്ടാവണം. ഓർക്കുക കുഞ്ഞുങ്ങൾ പുതിയ യുഗത്തിന്റെ തുടക്കമാണ് എന്ന തലവാചകത്തിനാണ്. കുഞ്ഞുങ്ങൾ നാടിന്റെ നിധിശേഖരങ്ങളാണ് അത് കൊള്ളയടിക്കപ്പെടാതെ കാക്കൂ എന്ന തലവാചകം നിർദ്ദേശിച്ച മുട്ടിൽ WOVHSS ലെ പത്താം തരം വിദ്യാർത്ഥിനിയായ റെസ്മിയക്കാണ് മൂന്നാം സ്ഥാനം ലഭിച്ചത്.

**ശിശുദിനാഘോഷം**

റേഡിയോ മാറ്റൊലിയുടെ ജീവനി പ്രോജക്ടിന്റെ ഭാഗമായി ശിശുദിനത്തിൽ മാനന്തവാടി ചുണ്ടക്കുന്ന് അംഗൺവാടിയിൽ കുട്ടികളോടൊപ്പം ശിശുദിനാഘോഷത്തിൽ പങ്കുചേരുകയും കുട്ടികൾക്ക് ലഡുവിതരണം നടത്തുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# മീഡിയാ കമ്മീഷൻ

**ഗ്ലോറിയ 2013**

മാനന്തവാടി രൂപത മീഡീയകമ്മീഷൻ നിർമ്മിക്കുന്ന ഗ്ലോറിയ 2013 ക്രിസ്മസ് പ്രോഗ്രാം ഡിസംബർ 1 മുതൽ 25 വരെ വയനാട് വിഷൻ, മലനാട് എന്നീ കേബിൾ ചാനലുകളിൽ രാവിലേയും വൈകുന്നേരവും സംപ്രേഷണം ചെയ്യുന്നതാണ്. ബഹു.വികാരിയച്ചൻമാർ ഇക്കാര്യം പള്ളികളിൽ അറിയിക്കുമല്ലോ? ഈ പ്രോഗ്രാമിന്റെ നിർമ്മാണത്തിൽ സഹകരിക്കുന്ന എല്ലാ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം നന്ദി.

**വിശ്വാസവാര ചാനൽ പ്രോഗ്രാം**

2014-ലെ വിശ്വാസവാരത്തോടനുബന്ധിച്ച് ടിവി ചാനലുകളിൽ പ്രോഗ്രാം അവതരിപ്പിക്കാൻ താൽപ്പര്യമുളള സ്ഥാപനങ്ങളും ഇടവകകളും മീഡിയകമ്മീഷൻ ഓഫീസുമായി ബന്ധപ്പെടുക.

**സെമിനാർ മാറ്റിവച്ചു.**

മീഡിയകമ്മീഷൻ 2013 ഡിസംബർ 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന പോപ്പ് ഫ്രാൻസിസ്-സെമിനാർ മറ്റൊരവസരത്തിലേക്ക് മാറ്റിവച്ചിരിക്കുന്നു. തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയ കമ്മീഷൻ
ഫോൺ - 9447545460, 04936-289042
Email: frbabum@gmail.com,

# അറിയിപ്പുകൾ

**1. നാശം വിതയ്ക്കുന്ന ലഹരികൾ:** ലഘുഗ്രന്ഥം 52 പേജ്, 3/- രൂപ മാത്രം., എക്സൈസ് - പോലീസ് ഡിപ്പാർട്ടമെന്റുകൾ, വിവിധ സംഘടനകൾ എന്നിവ സ്പോൺസർ ചെയ്ത് 5 ലക്ഷത്തോളം കോപ്പികൾ ഇതിനോടകം വിതരണം ചെയ്തു.

**2. ലഹരി ജീവിതങ്ങൾ:** മദ്യം, മയക്കുമരുന്ന്, പുകവലി, പാൻമസാല എന്നിവ യുടെ ദൂഷ്യങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം പ്രമുഖ മന:ശാസ്ത്ര ജ്ഞന്മാരുടെ സഹകരണത്തോടെ തയ്യാറാക്കിയതാണ്. മദ്യവിരുദ്ധ പ്രവർത്ത കർക്ക്/പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖയായി ഈ ഗ്രന്ഥം ഉപയോഗിക്കാം. പേജ് 180, വില 60/- രൂപ. പകുതി വിലയായ 30/- രൂപയ്ക്ക് കൂടുതൽ കോപ്പി ആവശ്യമെങ്കിൽ നൽകാവുന്നതാണ്. പ്രിന്റിംഗ് ചാർജ് മാത്രമേ ഈടാക്കുന്നുള്ളൂ.

**അഡ്വ. ചാർളി പോൾ**
സംസ്ഥാന സെക്രട്ടറി, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, 9847034600




# Programme

## Pastoral Centre, Dwaraka

### December 2013

| | |
|---|---|
| 1S - 4 W | Marriage Preparation Course |
| 06 F | Zion CRC: Night Vigil |
| 07 S | Zion CRC: Prayer Day, Christeen Prayer Day |
| 10 T | CMA Executive |
| 13 F | Jesus Youth Night Vigil; CML Executive |
| 14 S | Jesus Youth; CML Managing Committee; DCC |
| 15 S | DCC |
| 15 S- 19 T | Zion: Retreat |
| 17 T | Marian Singles |
| 20 F | CMA: Parish Animators' Meet |
| 21 S | CMA General Body |
| 23 M- 25 T | Christmas Holidays |
| 28 S- 31 T | Marriage Preparation Course |
| 29 S | Family Team Meeting |

**Fr. Mathew Periappuram**
Director, Pastoral Centre



# Bishop's Programme

***December 2013***

| | |
|---|---|
| *1 Sun .....................* | *Seminary Mela* |
| *2 Mon ....................* | *Visitors' day* |
| *3 Tue 4 Wed ............* | *Engaged* |
| *5 Thu ......................* | *Kenichira: School Anniversary* |
| *6 Fri ......................* | *Out of station* |
| *7 Sat .......................* | *Pulpally: SABS Snehajwala Meet* |
| *8 Sun ......................* | *Kabanigiri: Pastoral Visit* |
| *9 Mon 14 Sat ..........* | *Ernakulam: KCBC* |
| *15 Sun .....................* | *Elappeedika: Pastoral Visit* |
| *16 Mon ...................* | *Presbyteral Council* |
| *17 Tue ....................* | *Nirmalagiri College, Kuthuparamba: Jubilee* |
| *18 Wed ...................* | *Visitors' day* |
| *19 Thu ....................* | *Visitors' day* |
| *20 Fri ....................* | *Out of station* |
| *21 Sat ....................* | *Nirmalagiri College Kuthuparamba: Ex-alumni gathering* |
| *22 Sun ...................* | *Kurumbalakotta: Pastoral Visit* |
| *23 Mon ...................* | *Visitors' day* |
| *24 Tue ...................* | *Nadavayal: Holy Mass* |
| *25 Wed ...................* | *Christmas: Cathedral* |
| *26 Thu ...................* | *Palemad: Priestly Ordination: Deacon Jino Mekkatt* |
| *27 Fri ....................* | *Out of Station:* |
| *28 Sat ....................* | *Kuzhinilam: Blessing of Special School and Convent of Camillus Sisters* |

| | |
|---|---|
| *29 Sun ..................* | *Kurumbala: Pastoral Visit* |
| *30 Mon ..................* | *Kuttimoola: Priestly ordination of Deacon Anish Kattath* |
| *31 Tue ..................* | *Poroor : Priestly ordination of Deacon Santo Ambalathara & Deacon Robin Karikkkatt MCBS* |

## *January 2014*

| | |
|---|---|
| *01 Wed...................* | *Malom: Ordination of Deacon Thomas Chettiyil VC* |
| *02 Thu .................* | *Engaged* |
| *03 Fri ..................* | *Out of Station* |
| *04 Sat ..................* | *Kayyunni: School Anniversary* |
| *05 Sun 11Sat ........* | *Mount St.Thomas, Synod* |
| *12 Sun .................* | *Manjoora : Jubilee of the Parish* |
| *13 Mon .................* | *Chungakkunnu: Ordination of Deacon Jobin Pallikkamalil CM* |
| *14 Tue ..................* | *Vengapally: Blessing of the Rehabilitation Centre of Sisters of Charity of St. Vincent De Paul* |
| *15 Wed 17 Fri .......* | *Out of Station* |
| *19 Sun ..................* | *Pastoral Visit* |
| *20 Mon .................* | *Chennalode: Jubilee of the Parish* |
| *21 Tue ...................* | *Payyampally : Blessing of the newly constructed church* |
| *22 Wed .................* | *Kurumani: Blessing of the newly constructed church* |
| *23 Thu ..................* | *Prasanthagiri Blessing of the newly constructed church* |
| *24 Fri 28 Tue .......* | *Out of Station* |
| *29 Wed .................* | *Nelliyodi : Blessing of the newly constructed church* |
| *30 Thu .................* | *Payyampally : Ordination of Deacon Vallatt, La Salette* |
| *31 Fri ...................* | *New Priests' Day* |

# ൪-ാം പുസ്തകത്തിലെ വിഷയവിവരം
Index

## ജനുവരി - 2013


സർക്കുലർ ................................................ 03-06
സർക്കുലർ ................................................ 07-10
സർക്കുലർ ................................................ 11
സർക്കുലർ ................................................ 12-14
സർക്കുലർ (കർഷകദിനം) ................................................ 15-19
സർക്കുലർ (മദ്യവിരുദ്ധ ഞായർ)................................................ 20-25
കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും
ആഗോളദിനം ................................................ 26-33
A Notification on Vassula Rydén ................................................ 34-35
സഭൈക്യവാരം ................................................ 36-44
രൂപതാകച്ചേരി വാർത്തകൾ ................................................ 45-49
വിശ്വാസവർഷം ................................................ 50
മതബോധനരംഗം ................................................ 51-53
ബൈബിൾ അപ്പോസ്തലേറ്റ് ................................................ 54
ചെറുപുഷ്പമിഷൻലീഗ് ................................................ 55-60
കെ. സി. വൈ. എം. ................................................ 61-65
കുടുംബപ്രേഷിതത്വം ................................................ 66-72
സിയോൻ വാർത്തകൾ ................................................ 73-74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ................................................ 75-77
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ................................................ 78-80
ജയിൽ മിനിസ്ട്രി ................................................ 81
സാമൂഹ്യ സേവനരംഗം (WSSS) ................................................ 82-84
കേരള ലേബർ മൂവ്മെന്റ് ................................................ 85
*Mary Matha Arts & Science College* ................................................ 86-87
റേഡിയോ മാറ്റൊലി ................................................ 88-89
മീഡിയാ കമ്മീഷൻ ................................................ 90-91
Christian Civic Service Sosiety (CCSS) ................................................ 92-93
Public Relations Office (PRO) ................................................ 94
അറിയിപ്പുകൾ ................................................ 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................................ 96
ബിഷപ്സ് പ്രോഗ്രാം ................................................ 97-98


## ഫെബ്രുവരി - 2013


ഇടയലേഖനം ................................................ 03-08
സർക്കുലർ (തിരുബാലസഖ്യദിനം) ................................................ 09-13
സർക്കുലർ ................................................ 14-16
ബഹു.വികാരിയച്ചൻമാരുടെ പ്രത്യേകശ്രദ്ധയ്ക്ക് ................................................ 17-19
ലോകരോഗീദിന സന്ദേശം ................................................ 20-24
രൂപതാകച്ചേരി വാർത്തകൾ ................................................ 25-26
വിവാഹക്കോടതി അറിയിപ്പുകൾ ................................................ 27
വിദ്യാഭ്യാസ സഹായനിധി ................................................ 28-29
വിശ്വാസവർഷം ................................................ 30-31
മതബോധനരംഗം ................................................ 32-35
ചെറുപുഷ്പമിഷൻലീഗ് ................................................ 36-41
കെ. സി. വൈ. എം. ................................................ 42-50
കുടുംബപ്രേഷിതത്വം ................................................ 51-57

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 58-62
സിയോൻ വാർത്തകൾ ................................................ 63-65
സാമൂഹ്യ സേവനരംഗം (WSSS) ........................................ 66-67
കേരള ലേബർ മൂവ്മെന്റ് ............................................ 68-69
Mary Matha Arts & Science College ................................ 70-71
റേഡിയോ മാറ്റൊലി .................................................. 72-73
മീഡിയാ കമ്മീഷൻ .................................................. 74-75
Public Relations Office (PRO) .................................... 77-80
അറിയിപ്പുകൾ ....................................................... 81
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .......................................... 82
ബിഷപ്സ് പ്രോഗ്രാം ................................................. 83-84

**മാർച്ച് - 2013**

സർക്കുലർ ......................................................... 03-07
വിജ്ഞാപനം ........................................................ 08-10
നോമ്പുകാലസന്ദേശം ................................................. 11-18
രൂപതാകച്ചേരി വാർത്തകൾ .......................................... 19-28
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ...................................... 29-32
വിശ്വാസവർഷം ...................................................... 33-35
ദൈവവിളി ക്യാമ്പുകൾ ................................................ 36-37
മതബോധനരംഗം .................................................... 38-42
ബൈബിൾ അപ്പോസ്റ്റലേറ്റ് .............................................. 43-46
ചെറുപുഷ്പമിഷൻലീഗ് ................................................ 47-55
കെ.സി.വൈ.എം. ...................................................... 56-61
കെ.സി.വൈ.എം. പഠനരേഖ ............................................ 62-67
കുടുംബപ്രേഷിതത്വം ................................................ 68-74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 75-77
സിയോൻ വാർത്തകൾ ................................................ 78-80
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................................... 81-82
ജയിൽ മിനിസ്ട്രി ...................................................... 83
സാമൂഹ്യ സേവനരംഗം (WSSS)........................................ 84-85
കേരള ലേബർ മൂവ്മെന്റ് ................................................ 86
*Mary Matha Arts & Science College* ................................ 87-88
റേഡിയോ മാറ്റൊലി ..................................................... 89
Public Relations Office (PRO) ........................................ 90
സ്കൂൾ കാമ്പസ് മിനിസ്ട്രി ................................................ 91
അറിയിപ്പുകൾ ....................................................... 92-93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .......................................... 94
ബിഷപ്സ് പ്രോഗ്രാം ................................................. 95-96

**ഏപ്രിൽ - 2013**

സർക്കുലർ ......................................................... 03-05
മേയ്ദിന സന്ദേശം ................................................... 06-13
50-ാം ലോകദൈവവിളി ദിനം ........................................ 14-19
രൂപതാകച്ചേരി വാർത്തകൾ .......................................... 20-22
ഊട്ടി സെന്റ് ജോസഫ്സ് ഇടവകയാക്കി
ഉയർത്തിക്കൊണ്ടുള്ള ഡിഗ്രി ........................................... 23-26
വൈദിക സമ്മേളനം റിപ്പോർട്ട് ........................................ 27-28
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ...................................... 29-31
*Pastoral Council Members* ........................................ 32-34

വിശ്വാസവർഷം .................... 35-36
മതബോധനരംഗം .................... 37-51
ചെറുപുഷ്പമിഷൻലീഗ് .................... 52-56
കെ.സി.വൈ.എം. .................... 57-60
കെ.സി.വൈ.എം. പഠനരേഖ .................... 61-70
കുടുംബപ്രേഷിതത്വം .................... 71-75
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... 76-79
സിയോൻ വാർത്തകൾ .................... 80-83
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................... 84
സാമൂഹ്യ സേവനരംഗം (WSSS) .................... 84-85
കേരള ലേബർ മൂവ്മെന്റ് .................... 86
Mary Matha Arts & Science College .................... 87-88
റേഡിയോ മാറ്റൊലി .................... 89-90
*CHRISTIAN CIVIC SERVICE SOCIETY (CCSS)* .................... 91
മീഡിയാകമ്മീഷൻ .................... 92
അറിയിപ്പുകൾ .................... 93-96
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................... 97
ബിഷപ്സ് പ്രോഗ്രാം .................... 98-100

**മെയ് - 2013**

സർക്കുലർ .................... 03-08
രൂപതാകച്ചേരി വാർത്തകൾ .................... 09-11
കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് കുരിശുപള്ളിയെ
ഇടവകയാക്കി ഉയർത്തിക്കൊണ്ടുള്ള ഡിഗ്രി .................... 12-16
മതബോധനരംഗം .................... 17-35
ചെറുപുഷ്പമിഷൻലീഗ് .................... 36-42
ബൈബിൾ അപ്പോസ്റ്റലേറ്റ് .................... 43-53
കെ.സി.വൈ.എം. .................... 54-62
കുടുംബപ്രേഷിതത്വം .................... 63-68
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... 69-74
സിയോൻ വാർത്തകൾ .................... 75-77
സാമൂഹ്യ സേവനരംഗം (WSSS) .................... 78-80
കേരള ലേബർ മൂവ്മെന്റ് .................... 81
Mary Matha Arts & Science College .................... 82-83
റേഡിയോ മാറ്റൊലി .................... 84
*CHRISTIAN CIVIC SERVICE SOCIETY (CCSS)* .................... 85-86
വയനാട് ഇൻഫാം വാർഷിക റിപ്പോർട്ട് .................... 87-91
അറിയിപ്പുകൾ .................... 92-93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................... 94
ബിഷപ്സ് പ്രോഗ്രാം .................... 95-96

**ജൂൺ - 2013**

സർക്കുലർ .................... 03-04
കെസിബിസി സർക്കുലർ .................... 05-06
സർക്കുലർ .................... 07-09
രൂപതാകച്ചേരി വാർത്തകൾ .................... 10-13
രൂപതാദിനാഘോഷ റിപ്പോർട്ട് .................... 14-16
മതബോധനരംഗം .................... 17-21
ചെറുപുഷ്പമിഷൻലീഗ് .................... 22-29
കെ.സി.വൈ.എം. .................... 30-32

| | |
|---|---|
| കുടുംബപ്രേഷിതത്വം | 33-37 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | 38-41 |
| സിയോൻ വാർത്തകൾ | 42-44 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി | 45 |
| ജയിൽ മിനിസ്ട്രി | 46 |
| സാമൂഹ്യ സേവനരംഗം (WSSS) | 47-49 |
| കേരള ലേബർ മൂവ്മെന്റ് | 50 |
| *Mary Matha Arts & Science College* | 51-52 |
| *CHRISTIAN CIVIC SERVICE SOCIETY (CCSS)* | 53 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം | 54 |
| ബിഷപ്സ് പ്രോഗ്രാം | 55-56 |


**ജൂലൈ - 2013**


| | |
|---|---|
| സർക്കുലർ (ദുക്റാന തിരുനാൾ) | 03-08 |
| സർക്കുലർ (യുവജനദിനം) | 09-15 |
| സർക്കുലർ | 16-19 |
| രൂപതാകച്ചേരി വാർത്തകൾ | 20-26 |
| പനമരം സെന്റ് ജൂഡ്സ് ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി | 27-31 |
| സെമിനാരി വാർത്തകൾ | 32-33 |
| മതബോധനരംഗം | 34-37 |
| ബൈബിൾ അപ്പോസ്തലേറ്റ് | 38-47 |
| ചെറുപുഷ്പമിഷൻലീഗ് | 48-54 |
| കെ.സി.വൈ.എം. | 55-63 |
| കുടുംബപ്രേഷിതത്വം | 64-69 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | 70-73 |
| സിയോൻ വാർത്തകൾ | 74-76 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി | 77-78 |
| സാമൂഹ്യ സേവനരംഗം (WSSS) | 79-82 |
| റേഡിയോ മാറ്റൊലി | 83-84 |
| വയനാട് ഇൻഫാം | 85-86 |
| അറിയിപ്പുകൾ | 87-89 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം | 90 |
| ബിഷപ്സ് പ്രോഗ്രാം | 91-92 |


**ഓഗസ്റ്റ് - 2013**


| | |
|---|---|
| സർക്കുലർ | 03-04 |
| സർക്കുലർ (ജസ്റ്റീസ് സൺഡെ) | 05-09 |
| സർക്കുലർ (തടവറ പ്രേഷിതദിനം) | 10-13 |
| World Mission Day | 14-18 |
| Letter from the Congregation for the Divine Cult and Discipline | 19-20 |
| രൂപതാകച്ചേരി വാർത്തകൾ | 21-22 |
| വിദ്യാഭ്യാസ സഹായനിധി | 23-26 |
| പിരിവുകൾ | 27-35 |
| കല്പറ്റ ഫൊറോനയിലെ മാസധ്യാനം | 36-37 |
| വിശ്വാസവർഷം | 38 |
| മതബോധനരംഗം | 39-46 |
| ബൈബിൾ അപ്പോസ്തലേറ്റ് | 47 |
| ചെറുപുഷ്പമിഷൻലീഗ് | 48-57 |

കെ.സി.വൈ.എം. .................................................................... 58-65
കുടുംബപ്രേഷിതത്വം ............................................................ 66-71
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 72-75
സിയോൻ വാർത്തകൾ ........................................................ 76-79
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ....................................... 80-82
സാമൂഹ്യ സേവനരംഗം (WSSS) ............................................... 83-85
കേരളാ ലേബർ മൂവ്മെന്റ് ....................................................... 86-88
*Mary Matha arts & science college* ........................................ 89-90
*CHRISTIAN CIVIC SERVICE SOCIETY (CCSS)* ............................. 91-94
മീഡിയാ കമ്മീഷൻ ............................................................... 95
റേഡിയോ മാറ്റൊലി ............................................................... 96-97
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................................... 98
ബിഷപ്സ് പ്രോഗ്രാം ............................................................ 99-100

**സെപ്റ്റംബർ - 2013**

സർക്കുലർ .......................................................................... 03-05
ലോകമിഷൻഞായർ ................................................................. 06-14
മിഷൻ ഞായറിനോടനുബന്ധിച്ച് പൊന്തിഫിക്കൽ
മിഷൻ ഓർഗനൈസേഷൻ നൽകുന്ന അറിയിപ്പ് ............................. 15
രൂപതാകച്ചേരി വാർത്തകൾ .................................................... 16-21
വൈദിക സമ്മേളനം റിപ്പോർട്ട് ................................................... 22-24
കല്പറ്റഫൊറോനയിലെ വൈദികരുടെ മാസധ്യാനം 25
വിശ്വാസവർഷം ..................................................................... 26
മതബോധനരംഗം .................................................................. 27-28
ബൈബിൾ അപ്പോസ്റ്റലേറ്റ് ...................................................... 29-29
ചെറുപുഷ്പമിഷൻലീഗ് ........................................................... 30-37
കെ.സി.വൈ.എം. .................................................................... 38-47
കുടുംബപ്രേഷിതത്വം ............................................................ 48-52
വിമൻസ് കമ്മീഷൻ ................................................................ 53-56
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 57-61
സീയോൻ വാർത്തകൾ ........................................................... 62-65
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ....................................... 66-71
സാമൂഹ്യ സേവനരംഗം (WSSS) ............................................... 72-75
കേരളാ ലേബർ മൂവ്മെന്റ് ....................................................... 76-77
*Mary Matha arts & science college* ........................................ 78-79
*CHRISTIAN CIVIC SERVICE SOCIETY (CCSS)* ............................. 80-82
റേഡിയോ മാറ്റൊലി ............................................................... 83-84
അറിയിപ്പുകൾ ....................................................................... 85
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................................... 86
ബിഷപ്സ് പ്രോഗ്രാം ............................................................ 87-88

**ഒക്ടോബർ - 2013**

സർക്കുലർ .......................................................................... 03-07
സർക്കുലർ .......................................................................... 08-11
സർക്കുലർ .......................................................................... 12-16
Declaration .......................................................................... 17
രൂപതാകച്ചേരി വാർത്തകൾ .................................................... 18-19
മതബോധനരംഗം .................................................................. 20-21
ചെറുപുഷ്പമിഷൻലീഗ് ........................................................... 22-29
കെ.സി.വൈ.എം. .................................................................... 30-38

കുടുംബപ്രേഷിതത്വം ........ 39-43
God Bless Matrimony ........ 44
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 45-49
സീയോൻ വാർത്തകൾ ........ 50-52
സാമൂഹ്യ സേവനരംഗം (WSSS) ........ 53-55
കേരളാ ലേബർ മൂവ്മെന്റ് ........ 56
*Mary Matha arts & science college* ........ 57-59
റേഡിയോ മാറ്റൊലി ........ 60
അറിയിപ്പുകൾ ........ 61-62
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 63
ബിഷപ്സ് പ്രോഗ്രാം ........ 64-65

**നവംബർ - 2013**

സർക്കുലർ ........ 03-09
സർക്കുലർ (മാധ്യമദിനസന്ദേശം) ........ 10-16
സർക്കുലർ (വിശ്വാസവർഷസമാപനം) ........ 17-21
കാരുണ്യത്തിലുള്ള നിലനിൽപ്പ് (പരി.പിതാവിന്റെ സന്ദേശം)22-26
രൂപതാകച്ചേരി വാർത്തകൾ ........ 27-29
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 30-33
വിശ്വാസവർഷം ........ 34-35
മതബോധനരംഗം ........ 36-37
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 38-40
ചെറുപുഷ്പമിഷൻലീഗ് ........ 41-53
കെ.സി.വൈ.എം. ........ 54-58
ജീസസ് യൂത്ത് ........ 59-60
കുടുംബപ്രേഷിതത്വം ........ 61-66
വിമൻസ് കമ്മീഷൻ ........ 67-68
സീയോൻ വാർത്തകൾ ........ 69-71
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 72-77
സാമൂഹ്യ സേവനരംഗം (WSSS) ........ 78-82
കേരളാ ലേബർ മൂവ്മെന്റ് ........ 83
*Mary Matha arts & science college* ........ 84-86
റേഡിയോ മാറ്റൊലി ........ 87
*CHRISTIAN CIVIC SERVICE SOCIETY (CCSS)* ........ 88
മീഡിയാകമ്മീഷൻ ........ 89
അറിയിപ്പുകൾ ........ 90-92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 93
ബിഷപ്സ് പ്രോഗ്രാം ........ 94-96